
ഡിജിറ്റൽ മാഗസിൻ
2019-20
മയിൽപ്പീലി
little
KITEs
ജി.എച്ച്.എസ്.എസ്.കുടയത്തൂർ
അമൃത ബിജു


Govt. HIGHER SECONDARY SCHOOL
KUDAYATHOUR
ഇടുക്കി ജില്ലാ പഞ്ചായത്ത്
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കുടയ
അമൃത ബിജു



## ആശംസ

2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ എന്തുകൊണ്ടും അഭിനന്ദനം അർഹിക്കുന്നു. കൊച്ചു കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ മാഗസിൻ ഏറെ മനോഹരവും പ്രശംസനീയവുമാണ്. കുടയത്തൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ സാബു അഗസ്റ്റിൻ പ്രകാശനം നിർവഹിച്ച **"മയിൽപ്പീലി"** എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ.



സിറിയക് സെബാസ്റ്റ്യൻ കെ
ഹെഡ്മാസ്റ്റർ
ജി.എച്ച്.എസ്.എസ്.കുടയത്തൂർ

# ആശംസ

കുടയത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ തികച്ചും മാതൃകാപരമാണ്. കൊച്ചു കുട്ടികൾ തയ്യാറാക്കിയ കഥകളും കവിതകളും ലേഖനങ്ങളും ഉൾപ്പെട്ട സാഹിത്യ സൃഷ്ടികൾ ഈ മാഗസിനെ മനോഹരമാക്കുന്നു. **"മയിൽപ്പീലി"** എന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കൊച്ചു കൂട്ടുകാർക്കും എല്ലാവിധത്തിലുമുള്ള അഭിനന്ദനങ്ങൾ.

ഷീജ എസ് ഡി
പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്.കുടയത്തൂർ

# മയിൽപ്പീലിയുടെ വഴികാട്ടികൾ

1. ശ്രീ സിറിയക് സെബാസ്റ്റ്യൻ കെ (എച്ച്.എം)
2. ശ്രീമതി കൊച്ചുറാണി ജോയി ( കൈറ്റ് മിസ്ട്രസ്)
3. ശ്രീമതി ഉഷാകുമാരി കെ പി ( കൈറ്റ് മിസ്ട്രസ്)

# മയിൽപ്പീലിയുടെ അണിയറപ്രവർത്തകർ

1.അഭിമന്യ ബൈജു
2.അശ്വിൻ പി ഷോമോൻ
3.അലൻ റെജി
4.ബാദുഷ ഷിഹാബ്
5.എമിൽ വി ജെ
6.ഉണ്ണി വിജയൻ
7.വൈഷ്ണവ് രാജേഷ്
8.അമൃത ബിജു
9.അദ്വൈത ജയൻ
10.അനീഷ ഷാജു
11.അലീന പ്രമോദ്
12.ദേവിക ബിജു
13.ജിസ്നാമോൾ സാന്റോ
14.പ്രവിത പി ബിജു
15.സിൽബി എം ബേബി
16. റിന്റു റെനി 17.രേഷ്മ സാബു

# എഡിറ്റോറിയൽ



ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ എല്ലാ കുട്ടികളുടേയും പരിശ്രമ ഫലമാണ്. കുട്ടികളുടെ തനതായ ആശയങ്ങളും സൃഷ്ടികളും കൊണ്ട് "മയിൽപ്പീലി" എന്ന ഡിജിറ്റൽ മാഗസിൻ സമ്പന്നമാക്കിയിരിക്കുന്നു. ഈ ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ സ്വപ്ന സാക്ഷാത്കാരമാണ്.

"മയിൽപ്പീലി" എന്ന ഈ ഡിജിറ്റൽ മാഗസിൻ ഏവരുടേയും മുൻപിൽ സവിനയം സമർപ്പിക്കുന്നു.

പ്രവിത പി ബിജു
എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ

കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം....................................14
ഇലവിഴ പൂഞ്ചിറ....................................................15
യാത്ര.............................................................16
വല്ലാർപാടം പള്ളി.................................................18
യാത്രാ വിവരണം....................................................19
തൃശ്ശൂർ എന്ന സാംസ്കാരിക നഗരം.....................................21
വഴിയാത്ര..........................................................22
മരമണ്ടൻ..........................................................26
മരണംകൊണ്ട് നിശ്ചലമായക്ലോക്ക്....................................26
അമ്മ മനസ്.........................................................28
മറവിലെ കനവ്.....................................................29
ഇച്ചാപ്പി...........................................................30
വികൃതി മാറി.......................................................31
മാളവികാഗ്നിമിത്രം................................................32
കുടുംബത്തെക്കുറിച്ച്...............................................33
കൺമണി...........................................................34
അമ്മയോർമ്മ........................................................35
അമ്മുവിൻെറ ലോകം.................................................37

മീനുവിന്റെ പാവക്കുട്ടി.....39
കരയുന്നവർക്ക് കൂട്ട് ക്ലോക്ക്.....40
ഒരു ജന്മദിനം.....41
ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം.....43
ശില്പശാല.....44
നക്ഷത്രക്കുഞ്ഞുങ്ങൾ.....49
പൂത്തമാവിനെപ്പറ്റി.....50
പൂന്തോട്ടം.....51
ചെമ്പൂവ്.....52
വാർധക്യകാലം.....54
എന്റെ നാട്.....56
രാത്രി മഴ.....57
ചിറകിൽ തിയുള്ള ഒരു കാറ്റ് പറഞ്ഞത്.....58
അവൾ.....60
നേര്.....63
ആസുരം.....64
കാലത്തിന്റെ ഓർമ്മകൾ.....65
വിശ്വം ദീപമയം.....66
ഹരിത വിദ്യാലയം.....68
പൂന്തോട്ടം.....69


ഹരിത വിദ്യാലയം........................................................................71
പ്രണയപർവ്വം............................................................................72
ആധുനിക മലയാള സാഹിത്യം.............................................................75
സാങ്കേതികവിദ്യ..........................................................................75
അനുഭവം.................................................................................76
മുഖപ്രസംഗം.............................................................................77
ഓണപ്പൂക്കൾ..............................................................................78
മുക്കുറ്റി....................................................................................78
മന്ദാരം.....................................................................................78
ചെമ്പരത്തി................................................................................78
അഭിജ്ഞാനശാകുന്തളം....................................................................79
ലൈബ്രറി..................................................................................79
കഥകളി....................................................................................80
പക്ഷിനിരീക്ഷണ യജ്ഞം.................................................................81
ഉപ്പൂപ്പൻ...................................................................................81
തുക്കണാം കുരുവി.........................................................................82
കാക്ക......................................................................................82
ചെമ്പോത്ത്(ഉപ്പൻ).......................................................................82
മീൻകൊത്തി...............................................................................83
ചെറിയനീർക്കാക്ക.........................................................................83

സൂചിമുഖി....................................................................83
കൃഷ്ണപരുന്ത്...............................................................84
ചേക്കോഴി....................................................................84
അങ്ങാടിക്കുരുവി...........................................................85
പൂത്താങ്കീരി..................................................................86
ഷഡ്പദങ്ങൾ..................................................................86
ശത്രു സസ്യങ്ങൾ............................................................87
പരിസ്ഥിതി ദിനം എന്ത്? എന്തിന്?......................................88
പരിസ്ഥിതി നേരിടുന്ന പ്രശ്നം.............................................88
വനനശീകരണം.............................................................89
കാട്ടുതീ........................................................................89
കാലാവസ്ഥ..................................................................91
മണ്ണൊലിപ്പ്...................................................................91
ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സമൂഹ്യ
പങ്കാളിത്തവും.............................................................92
ഷഡ്പദങ്ങൾ..................................................................92
ശത്രു സസ്യങ്ങൾ............................................................93
ക്രോധം പരിത്യജിക്കണം ബുദ്ധജനം...................................94
സ്വതന്ത്ര്യസമരപങ്കാളി....................................................95
സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്.............................................96
മലയാള സാഹിത്യം........................................................97

ആധുനിക മലയാള സാഹിത്യം.........................................98
സാങ്കേതികവിദ്യ.........................................................98
വർത്തമാനകാലത്തെ സാഹിത്യവും സാങ്കേതികവിദ്യയും............99
ഡിജിറ്റൽ കാലത്തെ എഴുത്തും വായനയും..............................100
സൈബർസ്വാധീനം മലയാളസാഹിത്യത്തിൽ...........................101
ഭാഷയും സാങ്കേതികവിദ്യയും..............................................103
മലയാളം കംപ്യൂട്ടിങ്-വിക്കിപീഡിയ-പുതിയ കാൽവെപ്പ്.............103
യൂണികോഡ്-സാങ്കേതികവിദ്യയ്ക്കും സാഹിത്യത്തിനുമിടയിലെ നിർ
ണായക കണ്ണി..................................................................104
ബ്ളോഗിലെ മലയാള പരിവേഷണം........................................104
ബ്ളോഗുകൾ...................................................................105
ബ്ളോഗുകൾ...................................................................105
ഇ-വായന-ബ്ളോഗുകളിലൂടെ..............................................105
സൈബർവായന...............................................................106
സൈബർ കഥകൾ..... നോവലുകൾ........................................107
നൃത്തം-നോവൽ-എം മുകുന്ദൻ............................................107
ഇതാണെൻെറ പേര്-സക്കറിയ..............................................108
സൈബർസ്വാധീനം മലയാളസാഹിത്യത്തില്............................108
വേൾഡ് വൈഡ് വെബ്.......................................................109
വിക്കിപീഡിയ.................................................................110

ഗൂഗിൾ..........................................................................110
ൻെറ-ബുക്ക്.......................................................................111
ഇ.ഇന്ദുലേഖ.......................................................................111
സാങ്കേതികവിദ്യാകാലത്തെ സാഹിത്യം -വിഷയത്തിൻെറ പ്രസക്തി
.......................................................................................111
ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം.....................................113
എന്റെ അമ്മ.........................................................................113
അഭിജ്ഞാനശാകുന്തളം......................................................114
ലൈബ്രറി...........................................................................114
ഭീഷ്മർ.................................................................................115
മൈക്കിൾ ജാക്സൻ.............................................................115
കലാമണ്ഡലം ഗീതാനന്ദൻ..................................................116
പൂക്കളും ആണ്ടറുതികളും..................................................117
മഴ അനുഭവം......................................................................117
എസ്.ഗുപ്തൻനായർ..............................................................118
കാളിദാസ കൃതികൾ............................................................119
ഋതുസംഹാരം.....................................................................119
മേഘസന്ദേശം.....................................................................120
കുമാരസംഭവം....................................................................120
രഘുവംശം..........................................................................121
വിക്രമോർവശിയം...............................................................121

അഭിജ്ഞാനശാകുന്തളം........................................................121
സത്യമേവ ജയതേ........................................................122
സ്വതന്ത്ര്യസമരപങ്കാളി........................................................123
ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്........................................124
ക്വിസ്........................................................126



# കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം



എന്റെ ചെറുപ്പകാലത്ത് എന്റെ ഓർമ്മയിൽ എന്നും മങ്ങാതെ നിൽക്കുന്ന ഒരു യാത്രയാണ് കുട്ടിക്കാനം എന്ന സ്ഥലത്ത് അമ്മച്ചിക്കൊട്ടാരം കാണാൻ പേയത്.എപ്പോഴും മഞ്ഞുമൂടി കിടക്കുന്ന സ്ഥലം .പകലുപോലും വണ്ടികൾ ലൈറ്റ് ഓൺ ചെയ്തു കൊണ്ടാണ് പോകുന്നത്.എലിസബത്ത് രാജ്ഞി കാറ്റുകൊള്ളാൻ വരുന്ന ഒരു കൊട്ടാരമാണത്.സർ സി പി രാമചന്ദ്രൻ പണികഴിപ്പിച്ച ഒരു കൊട്ടാരം.അദ്ദേഹം പിൽക്കാലത്ത് വെട്ടേറ്റ് മരിക്കുകയായിരുന്നു. ഞാനും എന്റെ സഹോദരങ്ങളും കൂടിയാണ് കൊട്ടാരം കാണാൻ പോയത്.

ജീപ്പിലായിരുന്നു യാത്ര. അവിടെ ചെന്നപ്പോൾ നല്ല ജനത്തിരക്കുണ്ടായിരുന്നു. എലിസബത്ത് രാജ്ഞി അവിടെ വന്നിട്ടുണ്ട് എന്ന് മറ്റുള്ളവർപറഞ്ഞ് അറിഞ്ഞു.രാജ്ഞി തിരികെ പോകാൻ കാറിൽ കയറുകയായിരുന്നു.കാറിലിരുന്ന രാജ്ഞിയുടെ മുഖം ഒരു മിന്നായം പോലെ കാണാൻ സാധിച്ചു. ജനത്തിരക്ക് അധികമായതിനാൽ ഞങ്ങൾകൊട്ടാരത്തിനുള്ളിലേയ്ക്ക് പ്രവേശിച്ചു. അവിടെയെല്ലാം നടന്ന് കണ്ടു. പഴയകാലത്തെ ഒരു വിനോദസഞ്ചാര കേന്ദ്രമാണത്.ഈയിടെ പത്രം വായിച്ചപ്പോൾ എനിക്ക് മനസിലായി ആ കൊട്ടാരത്തിന് കേടുപാടുകൾ സംഭവിച്ചു എന്ന്. ആഗ്രഹിച്ചിരുന്ന് കാണണമെന്ന് കരുതിയ ആസ്ഥലം എന്റെ മനസു നിറയെ കണ്ടു.പിന്നെ ഞങ്ങൾ അവിടെനിന്നും യാത്രതിരിച്ചു.



# ഇലവിഴ പൂഞ്ചിറ



ഇലവിഴ പൂഞ്ചിറ എന്ന പ്രകൃതി സുന്ദരമായ സ്ഥലം കാണാൻ ഞങ്ങൾ പോയി. നടന്നാണ് പോയത്. ആ മലയുടെ മുകളിൽ എത്തിയാൽ കാണാൻ നല്ല ഭംഗിയാണ്. ഇലവിഴ പൂഞ്ചിറ എന്ന് ആ സ്ഥലം അറിയപ്പെടാൻ കാരണം അവിടെ മരങ്ങൾ ഒന്നും തന്നെ ഇല്ല. ചിറ്റീന്ത് എന്ന് പറയുന്ന ഒരു തരം ചെടികളെ അവിടെ കാണാൻ കഴിയും. ആ മലയുടെ മുകളിൽ നിന്ന് നോകിയാൽ കോളപ്ര, കുടയത്തൂർ, കാഞ്ഞാർ തുടങ്ങിയ സ്ഥലങ്ങൾ കാണാൻ കഴിയും. കുടയത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും കാണാം. പിന്നെ മലങ്കര ഡാമിന്റെ കയറി കിടക്കുന്ന ഭാഗങ്ങളും കാണാൻ വളരെ ഭംഗിയുണ്ട്. അവിടെ അമ്പലം ഉണ്ട്. ഒരു ഗുഹയുണ്ട്. ആ ഗുഹയിൽ വെള്ളവും കാണാൻ കഴിയും. ആ മലയുടെ മുകളിൽ ചെന്നാൽ എപ്പോഴും കാറ്റാണ്. ഈ സ്ഥലത്തേക്ക് കാ ഞ്ഞാറ്റിൽ കൂടി പോകാൻ വാഹന സൗകര്യമുണ്ട്. ധാരാളം ആളുകൾ ഈ പ്രകൃതി സുന്ദരമായ സ്ഥലം കാണാൻ പലയിടങ്ങളിൽ നിന്നും എത്താറുണ്ട്. ഞങ്ങൾ അവിടെ നടന്നാണ് പോയത്. എന്നാൽ ഞങ്ങൾ അവിടെ ചെല്ലുമ്പോൾ അവിടെ ഒത്തിരി ആളുകൾ വണ്ടിയിൽ വരുന്നത് കാണാനിടയായി. ആ യിത്ര എന്റെ ജീവിതത്തിലെ നല്ല ഒരു അനുഭവം ആയിരുന്നു.



# യാത്ര



ഞാൻ ചെറുപ്പത്തിൽ ബന്ധുവിനോടൊപ്പം തിരുനന്തപുരത്ത് നഗരക്കാഴകൾ കാണുവാൻ ട്രെയിനിൽ യാത്ര തുടർന്നു. ഇന്നത്തെപ്പോലെ ഇലക്ട്രോ ട്രെയിനല്ലായിരുന്നു കൽക്കരി ഇന്ധനമാക്കി ഓടുന്ന തീവണ്ടിയിലായിരുന്നു യാത്ര. ട്രെയിൻ റെയിൽവേ സ്റ്റേഷനിൽ നിർത്തി. അന്നത്തെ ട്രെയിനിൽ മൂന്ന് പടികളാണ് ഉള്ളത്.ചെറിയ കുട്ടി ആയതിനാൽ എന്നെ ആദ്യമെ കയറി ഒരു പടി കഴി ഞ്ഞ് പടിയോട് ചേർന്ന് ഒരു കുഴിയുണ്ടായിരുന്നു.എനിക്ക് ആ കുഴിയിൽ എന്റെ കാല് കുടുങ്ങി പോകുമോ എന്ന് സംശയമായിരുന്നു.ഇത്ക ണ്ട്ഒരു അങ്കിൾ എന്നെ പിടിച്ച്പടികൾക്ക്മുകളിലെത്തിച്ചു. സീറ്റിനോട് അടുത്ത് പോയപ്പോൾ അവിടെ ഒരു കുഴി ആ കുഴിയിലൂടെ നോക്കിയാൽ ട്രെയിൻ പാളവും ട്രെയിനിലെ ചക്രങ്ങളും കാണാം അതുവഴികടക്കാൻ എനിക്ക് പേടി ആയതിനാൽ ഞാൻ അവിടെ നിന്ന് കരഞ്ഞു.ഇത് കണ്ട് ഒരു ചേട്ടൻ എന്നെ പിടിച്ചു വലിച്ചു എനിക്ക് ചാടാൻ നിവൃത്തി ഇല്ലായിരുന്നു ഞാൻ ധൈര്യത്തോടെ ചാടി ഇപ്പോൾ അത് ഓർത്ത് എനിക്ക് ചിരിവരും.




# വല്ലാർപാടം പള്ളി



ഞാൻ എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട ഒരു യാത്രയായിരുന്നു വല്ലാർപാടം പള്ളിയിൽ പോയത്. അവിടെ കൊച്ചിനെ അടിമയിരുത്താൻ പോയതാണ്. മൂന്ന് ദിവസത്തെ അടിമയായിരുന്നു. രാവിലെ കുർബാന കഴിഞ്ഞ് കായലിൽ പോയി. അവിടുത്തെകായൽ നല്ലതായിരുന്നു ഉച്ചകഴിയുമ്പോൾ ബോട്ടുകളും, മീൻപിടിക്കാൻ പോകുന്ന വള്ളങ്ങളും വന്ന് പള്ളിയുടെ അടുത്തുവരും. അച്ഛൻ പോയി വെഞ്ചിരിക്കും. മീൻപിടിക്കാൻ വൈകുന്നേരം പോയാൽ വെളുപ്പിനെയാണ് വള്ളങ്ങളും, ബോട്ടുകളും വരാറുള്ളത്. അവിടുത്തെ കാഴ്ച്ചകൾ എന്നെ വല്ലാതെ ആകർഷിച്ചു. ഞങ്ങൾ ഒറ്റ മണിക്കൂർ യാത്രചെയ്താണ് വല്ലാർപാടത്തുനിന്ന് എറണാകുളത്ത് എത്താനായി ചെലവഴിച്ചത്. വല്ലാർപാടം പള്ളിയിൽ പോയപ്പോൾ ധാരാളം സ്ഥലങ്ങൾ കാണാൻ പറ്റി. കാണാൻ പറ്റാത്ത തരത്തിലുള്ള പല പല കാഴ്ച്ചകളായിരുന്നു. നമ്മുടെ സ്ഥലങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായ സ്ഥലമാണ് വല്ലാർപാടം. വീട്ടിൽനിന്ന് യാത്ര പുറപ്പെട്ടപ്പോൾ തന്നെ എനിക്ക് വല്ലാർപാടം എത്തണം എന്ന ആഗ്രഹമായിരുന്നു. ചെന്നപ്പോൾ എന്റെ മനസ്സിനെ കുളിർമ അണിയിച്ചുകൊണ്ടുള്ള ഓരോ സംഭവങ്ങളായിരുന്നു. ഈ യാത്ര എന്റെ ജീവിതത്തിലെ ഒരു മായാത്ത യാത്രാ വിവരണമാണ്. വല്ലാർപാടം എന്ന പറഞ്ഞാൽ ഒരു കൊടുംതണുപ്പുള്ള പ്രദേശമാണ്. എന്നാലും തണുപ്പെല്ലാം സഹിച്ച് നേർച്ചയായിരുന്ന ആളുകൾ

എല്ലാവരും തന്നെ വന്നിരുന്നു. വലിയ പള്ളിയാണ് വല്ലാർപാടം. ഇതൊരു അനുഭവം തന്നെയാണ്. മറക്കാനാവാത്തത്.




യാത്രാവിവരണം

# യാത്രാ വിവരണം



വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത എനിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഒരു വിദ്യാഭ്യാസ പ്രൊജക്ടിൽ ജോലി കിട്ടി.പ്രൊജക്-ടിന്റെ പേര് കേരള മഹിളാ സമഖ്യാ സൊസൈറ്റി എന്നാണ്.ഏറ്റവും പിന്നോക്കമായ പ്രദേശങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സ്ത്രീകളേയും,പെൺകുട്ടികളേയും വിദ്യാഭ്യാസത്തിലൂടെ ശക്തീകരിച്ച് സമൂഹത്തിൽ നീതിയും സമത്വവും കൊണ്ടുവരികയാണ് ആ പ്രൊജക്ടിന്റെ ലക്ഷ്യം.മനസ്സിലായല്ലോ,ഏറ്റവും പ്രധാനമായി SC,ST വിഭാഗ-


ക്കാരുടെ ഇടയിലാണ്പ്രവർത്തനം.

എന്റെ ചെറുപ്പം മുതൽ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യമാണ് നമ്മുടെ ഇന്ത്യയെ ഒന്നു കാണാൻ അവസരം കിട്ടുകയെന്നുള്ളത്.പക്ഷേ സാധിക്കുമായിരുന്നില്ല.ഈ ജോലി കിട്ടിക്കഴിഞ്ഞപ്പോൾ ജോലിയുടെ ആവശ്യത്തിനായി ട്രെയിനിൽ A/C കോച്ചിൽ ഗവൺമെന്റിന്റെ ചിലവിൽ ഉത്തരാഗണ്ഡ് കാണാൻ അവസരം കിട്ടി. കർണ്ണാടക, ആന്ധ്രാപ്രദേശ്, മദ്ധ്യപ്രദേ

ശ്,രാജസ്ഥാൻ,ഹരിയാന,ഡൽഹി ഇവയിലൂടെയൊക്കെ യാത്ര ചെയ്ത് ഉത്തരാഖണ്ഡ് എത്തിയപ്പോഴുണ്ടായ എന്റെ ഒരു സന്തോഷം. മുളകുപാടങ്ങൾ, ഗോതമ്പുപാടങ്ങൾ. പൂക്കൃഷി, പച്ചക്കറി കൃഷി, പഴവർഗ്ഗ കൃഷി,നിരന്ന പ്രദേശങ്ങൾ ഇതൊക്കെ ഞാൻ ആകാംക്ഷയോടെ കണ്ടു.പാടത്തും വരമ്പത്തും മരത്തിലും മയിലുകളെ കണ്ടു.

ഉത്തരാഖണ്ഡിന്റെ തലസ്ഥാനം ഡെറാഡൂണിൽ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ രാജകീയമായി ഗവൺമെന്റിന്റെ ചിലവിൽ താമസിച്ചു.അവിടെ


ധാരാളം ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ട്. IAS, IPS,ആകാൻ പഠിക്കുന്ന സ്ഥാപനം ഇവിടെ മസൂറിയിൽ ഉണ്ട്.അങ്ങനെയാണെങ്കിൽ നിങ്ങളൊക്കെ പഠിച്ച് IAS,IPS,ഒക്കെ ആയി വന്നാൽ എന്തെല്ലാം അവസരങ്ങളാണ് നിങ്ങൾക്ക് കിട്ടുക.നാട്ടുകാർക്ക് ഒത്തിരി ഗുണവും ചെയ്യാം.പഠിച്ച് മിടുക്കരായി,നമുക്ക് ഇന്ത്യ കാണണ്ടേ,ഈ ലോകം കാണണ്ടേ......



# തൃശ്ശൂർ എന്ന സാംസ്കാരിക നഗരം




ഒരിക്കലും മറക്കാനാവാത്ത ഒന്നായിരുന്നു യാദൃശ്ചികമായി തൃശ്ശൂർ എന്ന സാംസ്കാരിക നഗരം സന്ദർശിയ്ക്കാൻ കിട്ടിയ അവസരം .വടക്കു നാഥൻറെ നടയിലൂടെ പൂരനഗരിയെ സന്ദർശിച്ചത് ഇന്നും ഓർമ്മയിൻ സൂക്ഷിയ്ക്കുൻ കഴിയുന്ന ഒന്നാണ് . തൃശ്ശൂരിന്റെ നഗരമധ്യത്തിലെ പ്രശസ്തമായ കാഴ്ചബംഗ്ലവായിരുന്നു. മറ്റൊരു ഓർമ്മ പ്രവേശക കവാടത്തിലൂടെ കടന്ന എന്നെ കാത്തിരുന്നത് പക്ഷികളുടെയും, മൃഗങ്ങളുടെയും, ഇഴജന്തുക്കളും അവിടെ നിന്ന് മറ്റ് എന്തോ ലോകത്തേയ്ക്ക് കൊണ്ടുപോയി കലമാനും ,കാട്ടു പോത്തും മുതലയും, ഹിപ്പപ്പെട്ടമസുമൊക്കെയുള്ള ശാന്തസ്വരൂപികളാണ് ആദ്യം വരവേറ്റത് .പിന്നീട് മനോഹരമായ പക്ഷികൾ കരങ്ങൻമാർ എപ്പോഴും ചാടി നടക്കുന്ന മലയണ്ണാൻ എന്നിവ മനസ്സിനെ കുളിരണിയിച്ചു . ചിത്രങ്ങളിൽ പോലും പേടിവരുത്തുന്ന സിംഹവും,കടുവയം,ചീറ്റപ്പുലിയും ഒരു പുതിയ അനുഭവമാണ് നൽ-കിയത് . കാഴ്ചബംഗ്ലാവിലെ യാത്രയിൽ മറക്കാനാവാത്ത ഓർമ്മകൾ നൽ കിയത് പാമ്പുകളാണ് വിഷമുള്ളതും ഇല്ലാത്തതുമായ 50 ലധികം പാമ്പുകൾ അണലി, ചേര, മൂർഖൻ, രാജവെമ്പാല തുടങ്ങി പെരുമ്പാമ്പ് വരെ ഇവിടെയുണ്ടയിരുന്നു .കാഴ്ചകൾ ഒരുപാട് ആസ്വദിച്ച് ആ അത്ഭുതലോകത്തിനോട് യാത്ര പറഞ്ഞ് അവിടെന നിന്നും മടങ്ങി



# വഴിയാത്ര



പണ്ടുകാലത്ത് വണ്ടിയില്ലായിരുന്നു.കാൽ നട തന്നെയായി ഏക മാർഗ്ഗം.ഇന്നത്തെപ്പോലെ അന്ന് ഹോട്ടലുകളും ഒന്നും ഇല്ലായിരുന്നു.പണ്ടൊക്കെ എവിടെയെങ്കിലും പോകണമെങ്കിൽചോറ് പൊതിഞ്ഞ് കൊണ്ട് പോകുമായിരുന്നു.നടന്നു പോകുന്ന വഴിയിൽ എവിടെയെങ്കിലും വീട്ടിൽകയറി പാത്രവും ഉപ്പും മുളകും വാങ്ങിയാണ് അന്ന് മനുഷ്യർ ഭക്ഷണം കഴിച്ചിരുന്നത്.അക്കാലത്ത് ആശയവിനിമയം ഉണ്ടായിരുന്നു.ഇക്കാലത്ത് വാഹനങ്ങളും തീവണ്ടികളും ഹോട്ടലുകളും അതിവേഗം വച്ചുവരുന്നു.ഇപ്പോൾ ഒരു ലക്ഷ്യ സ്ഥാനത്ത് എത്തണമെങ്കിൽ മിനുറ്റുകൾകൊണ്ട് നമ്മൾ അവിടെ എത്തുന്നു. ഇപ്പോൾ ആർക്കും ആരുടേയും കാര്യങ്ങൾ ശ്രദ്ധിക്കാൻ സമയമില്ല.പണ്ട് കാലത്ത് എല്ലാവരും പരസ്പരം അറിഞ്ഞു സന്തോഷങ്ങൾ പരസ്പരം പങ്കുവയ്ക്കുമായിരുന്നു.ജീവിച്ചിരുന്നത് ഇക്കാലത്ത് എല്ലാവരും ലോകവിവരങ്ങളറിയാൻ മാധ്യമങ്ങളുടെ സഹായം തേടുന്നു.





# കഥ



# മരമണ്ടൻ



മൂക്കിന് കഥ പറഞ്ഞ് നിൽക്കെ കുറുപ്പുചേട്ടന്റെ മോൻ സുരേഷ് കുറുപ്പ് ഞാൻ മനുഷ്യനാണെന്ന്പ്രഖ്യാപ്പിച്ചു . അതുകേട്ട് കുട്ടപ്പൻ സഖാവിന്റെ മോൻ സതിശ് കുമാർ അതേറ്റുപറഞ്ഞു .സുരേഷ് കുറിപ്പ് ഒത്തിരിപ്പേരുടെ ആവേശമായി സതിശൻ മനുഷ്യനെ ഒരുത്തനും മൈൻഡ് ചെയ്യില്ല . മനുഷ്യനല്ല ചെകുത്താനാന്നു പറഞ്ഞാലും നാട്ടുകാർക്ക് നല്ല ബോധ്യമുണ്ട് സുരേഷ് നമ്മുടെ കുറുപ്പുചേട്ടന്റെ മോനനെന്ന് . ഇനി ദൈവമാണെന്ന പ്രഖ്യാപിച്ചാലും സതിശനാ കുട്ടപ്പന്റെ മോൻതന്നെയല്ലേയെന്ന പ്രത്യേകിച്ചാരും പഠിപ്പികേണ്ടവരെ നിനക്ക് വെറെരു പണീമില്ലേ സതീശ മനുഷ്യനാകൻ നടക്കുന്ന അതിനൊക്കെ ചില യോഗ്യതകൾ നിലവിലുണ്ട് രാജ്യത്ത്, മനസ്സിലാക്കത്. മരമണ്ടൻ.


# മരണംകൊണ്ട് നിശ്ചലമായക്ലോക്ക്



മലയോരത്ത് ഒരു കൊച്ചുവീട് ആ വീട്ടിൽ താമസിക്കുന്ന സന്തുഷ്ടമായ കുടുംബം . കുടുംബത്തിൽ അമ്മയും അഛനും ഒരു മകളും വളരെയധികം സന്തോഷത്തോടെ കഴി ഞ്ഞുപോയതായിരുന്ന അവർ അങ്ങനെ ഒരു ദിവസം വീട്ടിലെ ഗൃഹനാഥന് മുറ്റത്തുനിന്ന് ഒരു ക്ലോക്ക് കിട്ടി . ക്ലോക്ക് വർക്ക് ചെയ്യുന്നതായതുകൊണ്ട് ഗൃഹനാഥൻ അതിനെ എടുത്ത് വീടിന്റെ അകത്ത് വച്ചു . ഭാര്യ ചോദിച്ചു നിങ്ങൾക്ക് എവിടെ നിന്ന് കിട്ടി ഈ ക്ലോക്ക് മറുപടിയായി നമ്മുടെ മുറ്റത്തുനിന്ന് കിട്ടിയതാണ് മകളും അയാളോട് ചോദിച്ചു അഛാ ഈ ക്ലോക്ക് എവിടെ നിന്നുവ കിട്ടിയ നല്ല ഭംഗിയുണ്ട് കാണാൻ അയാൾ

മറുപടിയായി വീണ്ടും പറഞ്ഞു . നമ്മുടെ മുറ്റത്തു നിന്ന് കിട്ടിയത മോളെ ഇത്രയും പറ ഞ്ഞ് അവർ സ്വന്തം കാര്യങ്ങൾ ചെയ്യാൻ തുടങ്ങി ദിവസം ഒന്ന് കഴിഞ്ഞു.പിറ്റേന്ന രാവിലെ അവർ ഭക്ഷണം കഴിക്കാൻ മേശയ്ക്ക് ചുറ്റും ഇരുന്ന അച്ഛൻ ചോദിച്ച മോളെ സമയം എത്രയായി പിട്ടെന്ന് ആരോസമയം പറഞ്ഞു അപരിചിതമായ ശബ്ദം കേട്ട് അവർ മൂവരും ചുറ്റും നോക്കി ആരെയും കണ്ടില്ല വിണ്ടും ആരോ അവരോട് സമയം പറഞ്ഞു.അവർ അത്ഭുത പെട്ടെന്ന് നിന്നു.കുറച്ചുകഴിഞ്ഞപ്പോൾ അവർഭിത്തിയിൽ തൂക്കിട്ട ക്ലോക്കിനെ നോക്കി ക്ലോക്കായിരുന്ന അവർക്ക്

അത്ഭുതം തോന്നി. അവർ മൂന്നപേരും ക്ലോക്കുമായി അടുത്തു അവരുടെ ദുഖത്തിലും സന്തോഷത്തിലും ക്ലോക്ക് പങ്കാളിയായി. ഒരു ദിവസം അവർ മൂന്നപേരും യാത്രപോകാൻ തിരു മാനിച്ച. യാത്രയ്ക്ക് ആവശ്യമായ സാധനങ്ങളെല്ലാം തയ്യാറാക്കി വീട്ടിൽ നിന്ന് പുറപ്പെട്ട് ഇറങ്ങി.ഇറങ്ങുന്ന സമയത്ത് അവർ മൂന്നപേരും ക്ലോക്കിനെ തിരിഞ്ഞു നോക്കിക്കൊണ്ട് ഇരുന്ന.അവർ കണ്ണിൽ നിന്ന് മറയുന്നത് വരെ ക്ലോക്കും അവരെ നോക്കിക്കൊണ്ടേയിരുന്നു.രണ്ടുദിവസം കഴിഞ്ഞപ്പോൾ ക്ലോക്ക് വീടിന്റെ മുറ്റത്ത്
നിറയെ ആളുകളും കരച്ചിലും കേട്ടു. ക്ലോക്കിന് കാര്യം മനസ്സിലാവാതെ ആലോചിച്ച് ഇരുന്നു.പെട്ടെന്ന് ഒരു വണ്ടിയുടെ ശബ്ദം കേട്ട് ക്ലോക്ക് ആ വണ്ടിയിലോട്ട് നോക്കിയപ്പോൾ കണ്ടത് മൂന്ന് ശരീരങ്ങളാണ്.അന്ന് മുതൽ ഒറ്റപ്പെട്ട വീട്ടിൽ ക്ലോക്കിന്റെ സന്തോഷവും മനസ്സും നിശ്ചലമായി.ഒറ്റപ്പെട്ട വീട്ടിൽ നിശ്ചലമായി തന്നെ ജീവിച്ചു.



# അമ്മ മനസ്



ദീപുവിനെ അവന്റെ അമ്മ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത്.എഗിലും അമ്മ അവന്റെ ആഗ്രഹങ്ങൾക്ക് ഒരു തടസ്സവും നിന്നിട്ടില്ല.തൊട്ടടുത്തുള്ള വീടുകളിലും മറ്റും പോയി ജോലി ചെയ്താണ് അവനെ ഠിപ്പിക്കുന്നതിനായി പണം ഉണ്ടാക്കുന്നത്. അമ്മയുടെ കഷ്ടപ്പാട് ദീപുവിന് നന്നായി അറിയാമായിരുന്നു. അവനും അമ്മയും വീട്ടിൽ തനിച്ചാണ്. രണ്ടു വർഷത്തിനു മുൻപേ അഛൻ മരിച്ചു. മറ്റു ബന്ധുക്കളുംഅവർക്കില്ല. ദീപുവിന് അമ്മയും അമ്മയ്ക്ക് ദീപുവും എന്നാണ് അവർ പറയുന്നത്. അവൻ നന്നായി പഠിക്കുമായിരുന്നു. സ്കൂളിൽ ചെല്ലുമ്പോൾഅവനെക്കുറിച്ച് അധ്യാപകർ പറയുന്നത് കേൾക്കുമ്പോൾ ദീപുവിന്റെ അമ്മയ്ക്ക് വളരെ സന്തോഷമാകും. പത്താം ക്ലാസ്സിലെ പരീക്ഷക്ക് അവൻ മുഴുവൻ മാർക്കോടെ പാസ്സാവുകയും ചെയ്തു. മുന്നോട്ടുള്ള പഠനത്തിന് നല്ലൊരു സ്കൂളിൽ തന്നെ അവന് അഡ്മിഷൻ കിട്ടുകയും ചെയ്തു. അവിടെ ആദ്യമൊന്നും വലിയ കുഴപ്പമില്ലാതെ അവൻ പ ഠിച്ചുപോന്നു എന്നാൽ കുറച്ചു നാളുകൾക്കുശേഷം അവന്റെ സ്വഭാവത്തിൽ ചെറിയ ചെറിയ മാറ്റമുള്ളതായി അമ്മയ്ക്ക് തോന്നി.സ്കൂൾവിട്ടാൽ രാത്രിയാകാതെ അവൻ വീട്ടിൽ എത്തില്ല. അങ്ങനെ ദീപുവിന്റെ സ്വഭാവത്തിൽ മാറ്റം തോന്നിയ അമ്മ അവനറിയാതെ

അവന്റെ സ്കൂളിൽ എത്തി. ക്ലാസ്സിൽ ചെന്നപ്പോൾ അദ്യാപകർ പറയുന്നതു കേട്ടപ്പോൾ അവരുടെ കണ്ണുനിറഞ്ഞു. ഇത്രയും നാൾ തന്റെ മകൻ മിടുക്കനാണ് എന്നു പറഞ്ഞിരുന്ന അധ്യാപകർ ഇന്ന് പറയുന്നത് അവൻ പഠനത്തിൽ ഇപ്പോൾ വളരെ പുറകോട്ട്ആണ് എന്നാണ്. അതിനുശേഷം അവനെ നോക്കി അവർ അവന്റെ കൂട്ടുകാരുടെ അടുത്തെത്തി. എന്നിട്ടു ചോദിച്ചു. മക്കളേ.... ദീപു എവിടെ. അവനിപ്പോൾ ഞങ്ങളോടങ്ങനെ മിണ്ടാറില്ല. അവനിപ്പോൾ ചില ചീത്ത കൂട്ടുകെട്ടുകളുണ്ട്. പുകവലിയും മദ്യപാനവുമായി നടക്കുന്ന കുറച്ച് കുട്ടികൾ അവിടെ അടച്ചു പൂട്ടിഇട്ടിരിക്കുന്ന ഒരു ക്ലാസ്സ് മുറിയുടെ പുറകിൽ നിൽപ്പുണ്ട്..

ജി എച്ച് എസ് എസ് കടയത്തൂർ

# മറവിലെ കനവ്



ഏകാന്തതയുടെ ഇരുട്ടിനെ താരാട്ടുന്ന വിജനമായ ഒരു വഴി തീരുന്ന കൊച്ചു വീട്.കാണുമ്പോൾ തന്നെ മനസ്സിനെ തട്ടി ഉണർത്തുന്ന ഒരു പ്രദേശം.ആ വീടിന്റെ ഉടമസ്ഥൻ,അയാൾ ദരിദ്രനാണ്. ഒരു ചിട്ടയുമില്ലാത്ത വെറുമൊരു ജീവിതം.ഒരുഅർത്ഥവുമില്ലാത്ത പട്ടിണിക്കൂട്ടായ ഓരോ ദിനങ്ങൾ അയാൾക്ക് ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു.ലക്ഷ്യവും ആഗ്രഹങ്ങളും ഉണ്ടായിട്ടുന്നു. ഇപ്പോഴല്ല ,ഇപ്പോൾ അതെല്ലാം എരിഞ്ഞ് ചാരമായിരിക്കുന്നു. ചെറിയൊരു ചൂടുപോലുമില്ലാത്ത തണുത്ത ചാരം.ഒക്കെയും ഉപേക്ഷിച്ചതല്ല. സാഹചര്യം പറഞ്ഞ് പഠിപ്പിച്ചതാണ്, അടിച്ചുറപ്പിച്ചതാണ് മനസ്സിനെ.എല്ലാ ദിവസവും ചെറിയൊരനക്കം ഉണ്ടാകും.ആ വീടിന് വൈകുന്നേരങ്ങളിൽ മാത്രം.അയാൾ വീട്ടിലല്ല ഉറങ്ങാറ്,തെരുവിലാണ്.വയറ് നിറഞ്ഞ ദിവസങ്ങൾ ഇപ്പോൾ സ്വപ്നം പോലുമില്ല.ദാരിദ്രം നിറഞ്ഞ ദിവസങ്ങൾ തള്ളിമാറ്റാൻ അയാൾ കുറെ പണിപ്പെട്ടിരുന്നു.പകൽ സമയങ്ങളിൽ എവിടെ എന്നറിയാതെ അലഞ്ഞ് തിരിഞ്ഞ് നടന്ന്,എന്തെങ്കിലും കിട്ടിയാൽ അത് കഴിച്ച് ഉച്ചകഴിഞ്ഞയാൾ വീട്ടിലെത്തും.രണ്ട് മുറി വീടാണ്,ഒരു മേശയും ഒരു കട്ടിലും.പിന്നെന്തുണ്ട് ആ വീട്ടിൽ.പിന്നെന്തുണ്ട്?പട്ടിണിയും സമയം തള്ളിനീക്കാൻ പണിപ്പെടുന്ന ഒരു ഘടികാരവും.ഒരുപക്ഷെ ആ വീട് കരയുന്നതായി തോന്നാറുണ്ട് അയാൾക്ക്.മഴയുള്ളപ്പോൾ അയാൾ വീട്ടിൽ ഇരിപ്പാണ് പതിവ്.ജനലിന്റെ അരികിൽ ആ മഴയോട് തന്റെ ജീവിതാനുഭവങ്ങൾ മൗനത്തിൽ ചാലിച്ച് അദ്ദേഹം വിതുമ്പി പറയാറുണ്ട്.അയാൾക്ക് ഇപ്പോൾ തോന്നും തന്റെ കഥകേട്ട് കരയുന്നതിന്റെ കണ്ണീർതുള്ളിയാണ് പേമാരിയെന്ന്.അയാളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ടെന്നല്ലാതെ,കണ്ണുനീർ കവിളിനെ തഴുകി ഇതുവരെ താഴെ

വീണിട്ടില്ല.പക്ഷെ ആ പേമാരിയേക്കാൾ എത്രയോ ഇരട്ടി അയാൾ ഉള്ളിൽ കരഞ്ഞ് തീർത്തിട്ടുണ്ടാവണം.

# ഇച്ചാപ്പി



മഞ്ഞുതുള്ളികൾ പറ്റിപ്പിടിച്ച നിൽക്കുന്ന പുൽത്തലപ്പുകളിൽ ചവുട്ടി അവൾ നടന്നു.നേർത്ത കുളിര് പാദങ്ങളിലൂടെ അടിച്ചു കയറുന്നു.വീതി കുറഞ്ഞ വഴിയിൽ നീളെ പാറക്കല്ലുകളാണ്.തലേന്നത്തെ മഞ്ഞിൽ അവ നനഞ്ഞു കിടന്നു. സൂര്യകിരണങ്ങൾ എത്തിനോക്കിത്തുടങ്ങിയിരുന്നു.അവൾ കൈയിലെ പാത്രം മറു കൈയ്യിലേക്ക് മാറ്റിപ്പിടിച്ചു.അവൾ വേഗത്തിൽ നടക്കാൻ തുടങ്ങി . അവളുടെ കാലുകളിൽ മഞ്ഞുതുള്ളികൾ വീണ് തണുത്ത് മരവിച്ചിരുന്നു.അവൾ പാത്രം പാൽക്കാരിചേച്ചിയുടെ കൈയിൽ കൊടുത്തു.ചേച്ചി പാൽ ഒഴിച്ച പാത്രം തിരിച്ച് കൊടുത്തു.അവൾ വീണ്ടും നടക്കാൻ തുടങ്ങി.അവൾ മഞ്ഞുതുള്ളികൾ പുൽക്കൊടിയുടെ മുകളിൽ ഇരിക്കുന്നത് കണ്ട് കാൽ അതിന്റെ മുകളിൽ കൂടി തലോടിക്കൊണ്ടു പോയി.അവൾ തണുത്ത മഞ്ഞ് ആസ്വദിച്ചുകൊണ്ട് വീണ്ടും നടന്ന് തുടങ്ങി.കുറച്ച് പോന്ന് കഴിഞ്ഞപ്പോൾ അവൾ ഒരു കാഴ്ച കണ്ടു.ഒരു പൂച്ചക്കുഞ്ഞ് തണുത്ത് പുല്ലിന്റെ മുകളിൽ കിടക്കുന്നത്.അതിന്റെ ദേഹത്ത് നിറച്ചും മഞ്ഞുതുള്ളികൾ കുമളകുത്തി കിടക്കുന്നത് അവൾ കണ്ടു.പെട്ടെന്ന് അവൾ ഓടിച്ചെന്ന് അതിനെ വാരി എടുത്ത് പൊത്തിപ്പിടിച്ച് അതിനെ കൊഞ്ചിക്കുകയും തലോടുകയും ചെയ്തു.അവൾ അതിനെ എടുത്ത് കൊണ്ടുപോയി വീട്ടിൽ ചെന്നപ്പോൾ അമ്മ ചോദിച്ചു ഇത് എവിടുന്ന് കിട്ടി അവൾ പറഞ്ഞു വഴിയിൽ തണുത്തുവിറച്ച്

ഇരിക്കുകയായിരുന്നു എന്ന് അവൾ അതിന് ഒരു പേരുമിട്ടു.ഇച്ചാപ്പി ഇച്ചാപ്പി എന്ന്അവൾ അതിനെ വിളിച്ചു തുടങ്ങി.അവർ നല്ല കൂട്ടുകാർ ആയിമാറി.ജീവിതം ആഘോഷിച്ച് ജീവിക്കാൻ തുടങ്ങി അവളും ഇച്ചാപ്പിയും.

## വികൃതി മാറി



ഒരിടത്ത് രണ്ടു മഹാവികൃതികളായ പൂച്ചക്കുട്ടികൾ ഉണ്ടായിരുന്നു . ഒരാൾ കിച്ചു , മറ്റേയാൾ പാച്ചു .ഒരു ദിവസം രണ്ടു പേരും നാട്ടുചുറ്റാനിറങ്ങി . നടന്നു നടന്നു മടുത്തപ്പോൾ കിച്ചു പറഞ്ഞു . നമുക്കിനി വല്ലതും കഴിച്ചശേഷം നാട്ടുചുറ്റാനിറങ്ങാം . ശരി അങ്ങനെതന്നെ . പാച്ചു സമ്മതിച്ചു .കുറച്ചുദൂരം ചെന്നപ്പോൾ ഒരു പെൺകുട്ടി ബാക്കിയായ ചോറ് കളയുന്നത് അവരുടെ കണ്ണിൽപ്പെട്ടു .വാ നമുക്കത് തിന്നാമോ എന്നു നോക്കാം . പാച്ചു പറഞ്ഞു . രണ്ടു പേരുംക്കൂടി ആർത്തിയോടെ ഭക്ഷണം കഴിച്ചു .വിശപ്പുമാറിയപ്പോൾ രണ്ടുപേരുംകൂടി തൊട്ടടുത്തുള്ള മരച്ചുവട്ടിലേക്ക് ഓടി . അവിടെ കിടക്കുന്ന ബലൂൺ എടുത്ത് കിച്ചു വേഗത്തിൽ ഓടി . കിച്ചുപിടിച്ചിരുന്ന ബലൂണിനുവേണ്ടി രണ്ടുപേരും പിടിവലിയായി . പെട്ടെന്ന് വലിയൊരു ശബ്ദത്തോടെ ബലൂൺ പൊട്ടി .രണ്ടു പേരും പേടിച്ചോടി . അതോടെ അവരുടെ വികൃതി മാറി .



# മാളവികാഗ്നിമിത്രം



മാളവിക മാധവസേനന്റെ സഹോദരിയാണ്.യതസേനനും മാധവസേനനും ശത്രുക്കളായിരുന്നു. മാധവസേനന്റെ മാളവിത്രയെ അഗ്നിമിത്രയ്ക്ക് വേളികഴിച്ച കൊടുക്കാൻ തീരുമാനിച്ചു.മന്ത്രിയ സുമതിയും കൂടെ നിന്ന് മാളവികയെ അഗ്നിത്രന് വേളികഴിച്ച കൊടുത്തു.ഈ സമയത്ത് യതസേനൻ മാധവസേനനെ യുദ്ധത്തിൽ പരാജയപ്പെടുത്തി മാധവസേനനെ തടവിലാക്കി.ഈ സമയം രക്ഷപ്പെടാൻ വേണ്ടി മാളവികയും സുമതിയും ഒളിച്ചോടി.വഴിക്കുവെച്ച് കൊള്ളക്കാർ ആക്രമിച്ചു. സുമതി മരിച്ചു പോയി.അഗ്നിമിത്ര വീരസേനൻ എന്ന ആൾക്ക് മാളവികയെ വിക്ലതന്റെ സഹോദരിയായ ധാരണിക്കു മാളവികയെ കൊടുത്തു.ധാരണിയുടെ കാരുണ്യം കൊണ്ട് മാളവിക അവിടെ കഴിഞ്ഞു കൂടി.മാളവിക നൃത്തത്തിൽ മികവ് തെളിയിച്ചപ്പോൾ ധാരണിയുടെ നിർദ്ദേശപ്രകാരം നൃത്താചാര്യൻ എന്ന ദാസന്റെ കീഴിൽ നൃത്തം പഠിക്കുവാൻ വിട്ടു.മാളവികയും പണ്ഡിതകൗശികിയും തമ്മിലുള്ള ബന്ധം അവരെയും അറിയിച്ചില്ല.മാധവസേനത്തെ വഴിയിൽ വച്ച് ആക്രമിച്ച കാര്യം അഗ്നിമിത്രം അറിയുകയും നടപ്പിലാക്കിയതിന്റെ പേരിൽ യജ്ഞസേനനെ നേരിടുവാൻ മഗധ സേന പുറപ്പെട്ടു.വിദർഭരാജ്യം അഗ്നിമിത്രൻ പിടിച്ചെടുത്തു.സന്തുഷ്ടനായ മാധവസേനൻ ഉപഹാരമായി സമർപ്പിച്ചതോടൊപ്പം 2 ഗായികമാർക്കുടി ഉണ്ടായിരുന്നു.അവർ മാളവികയെ തിരിച്ചറിയുകയും ചെയ്തു.അഗ്നിമിത്രൻ മാളവികയാൽ ഉണ്ടായ അനുരാഗം അപാത്രത്തിലല്ല എന്ന് തിരിച്ചറിയുന്ന ധാരണിദേവി അഗ്നിമിത്രയെയും മാളവികയെയും തമ്മിലുള്ള പ്രണയത്തെ അനുകൂലിക്കുകയും ചെയ്തു.

ജി എച്ച് എസ് എസ് കടയത്തൂർ


# കുടുംബത്തെക്കുറിച്ച്



മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനുംനാം പഠിക്കുന്ന പ്രാഥമിക സ്ഥാപനമായ കുടുംബത്തിൽ നിന്നാണ്. അംഗങ്ങളിൽ കർത്തവ്യബോധം വലർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കുവഹിക്കുന്നുണ്ട്.കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും പലപ്പോഴും ഉന്നതമായ പൗരബോധം വളർത്തും.ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയുംകുടുംബം സമൂഹത്തിനുവേണ്ടിയും ആണെന്ന ബോധ്യം കുടുംബാന്തരീക്ഷ-ത്തിൽ വളർത്തി എടുക്കാൻ കഴിയണം.ഓരോവിളിയും കാത്ത് എന്നതിൽ പറയുന്നത് കുടുംബത്തെ കുറിച്ചാണ്. അച്ഛന്റെ മരണ ശേഷം അമ്മ ഒറ്റയ്ക്കാണ് താമസിക്കുന്ന്ത്. അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ എങ്ങനെ ഒറ്റയ്ക്ക് താമസിക്കുമെന്നതായിരുന്നു മകന്റെ പേടി അമ്മയെ നഗരത്തിലേക്ക് കൊണ്ടുപോകുന്നതിന് അമ്മയൊട ചോദിച്ചു. അമ്മയ്ക്ക് അച്ഛന്റെ ഓർമ്മകളിൽ നിന്നും മാറാൻ ആഗ്രഹമില്ലായിരുന്നു.



# കൺമണി



മഞ്ഞുതുള്ളികൾ പറ്റിപ്പിടിച്ച് നിൽക്കുന്ന പുൽതലപ്പുകളിൽ ചവട്ടി അവൾനടന്നു.നേർത്ത കുളിര് പാദത്തിലൂടെ അരിച്ച് കയറുന്നു.വീതികുറഞ്ഞ വഴിയിൽ നീളെ ചരൽക്കല്ലുകളാണ് തലേന്നത്തെ മഞ്ഞിൽഅവ നനഞ്ഞുകിടന്നു.സൂര്യകിരണങ്ങൾ എത്തി നോക്കി തുടങ്ങിയിരുന്നു.അത് അവളുടെ മുഖത്തെ പ്രകാശ പൂർണമാക്കി.തലേന്ന് നന്നായി മഴ പെയ്യ്തിരുന്നു.ധാരാളം ജലമേഘങ്ങൾ അവശേഷിച്ചിരുന്നു.കൺമണി പാതിപാത്രം മറുകൈയിലേയ്ക്ക് മാറ്റിപ്പിടിച്ചു.അവൾ ആകാശത്തേയ്ക്ക് ഒന്നുനോക്കി.ആകാശം മുഴുവൻ മേഘങ്ങളാൽ നിറഞ്ഞിരിക്കുന്നു. മേഘങ്ങളുടെ നിഴലിൽനിന്ന് ഇളംകാറ്റ് അവിടെയുമിവിടെയുമായി ചുറ്റിക്കറങ്ങുന്നുണ്ടായിരുന്നു. മരങ്ങളുടെ തടികൾ ഇപ്പോഴും നനഞ്ഞിരുന്നു.മഞ്ഞപ്പൂക്കൾ ഇന്നലത്തെ മഴയിൽ നനഞ്ഞിരുന്നു.അവ അവളെ നോക്കിപുഞ്ചരിച്ചു. ഇപ്പോഴും ഇലകളിൽ വെള്ളത്തുള്ളികൾ തങ്ങിനിൽക്കുന്നുണ്ടായിരുന്നു.അവയിൽ സൂര്യപ്രകാശം തട്ടുമ്പോൾ രത്നകല്ലുകളായി കാണപ്പെട്ടു.കൺമണി ആ ഇലകളെ പിടിച്ച് കുലുക്കി.ചിത്രശലഭങ്ങൾ അവിടെ പാറിനടക്കുന്നു. പൂക്കൾ അവയെ തലയാട്ടിവിളിക്കുന്നു.അവളുടെ മൃദുലമായ കൈകൾ അവയെ തൊടാനായി കൈ ഉയർത്തി....പെട്ടെന്ന് അവ പറന്നുപ്പോയി.കിളികൾ കലപിലക്കൂട്ടി മുകളിലൂടെ പറന്നുപ്പോയി.കൺമണി കൗതകത്തോടെ എല്ലാം കണ്ടിരുന്നു.പെട്ടന്നാണ് അവൾ ആ ശബ്ദം കേട്ടത്. കളാ...കളാ യെന്നൊഴുക്കുന്ന അരുവികൾ.കണ്ണുനീരുപോലെ തെളിഞ്ഞ അരുവി.കൺമണി വെള്ളത്തിലേയ്ക്ക് കാൽ ഇട്ടു.നല്ല തണുപ്പ്...അവളുടെ കാലുകളിൽ മീനുകൾ കിക്കിളിക്കൂട്ടി.കൺമണി എന്നത്തേക്കാളും സന്തോഷവതിയായിരുന്നു ഇന്ന്.ഒരു പൂമ്പാറ്റയെപ്പോലെ എല്ലായിടത്തും പാറിനടന്നു.പെട്ടെന്നാണ് കൺമണി ഓർത്തത് കണേരേട്ടന്റെ കടയിൽ പാൽ കൊടുക്കാനുള്ള കാര്യം...അവൾ നടന്നു.അപ്പോഴേയ്ക്കും ആകാശത്ത് സൂര്യൻ സ്ഥാനം പിടിച്ചിരുന്നു.


ജി എച്ച് എസ് എസ് കടയത്തൂർ

# അമ്മയോർമ്മ



എന്റെ അമ്മ എന്റെ ജീവനാണ് . എന്റെ അമ്മയാണ് എനിക്കെല്ലാം . എന്റെ അമ്മയെക്കഴിഞ്ഞെ എനിക്ക് മറ്റെന്തും .അത്രത്തോളം ഞാൻ എന്റെ അമ്മയെ സ്നേഹിക്കുന്നു . അമ്മയില്ലാത്ത ഒരു ദിനം പോലും എനിക്ക് ആലോചിക്കാനെ കഴിയുന്നില്ല . നാം ഭൂമിയിൽ ജന്മമെടുത്ത് ആദ്യം വായിൽ ഉച്ചരിക്കുന്ന വാക്ക അമ്മ എന്നാണ് ആ നാമത്തിന് അത്രയും പവിത്രത കൽപ്പിക്കുന്ന . അമ്മയെ മനസ്സിലാക്കാത്തതും അമ്മയുടെ മഹത്വം എക്കുന്നന്താണെന്ന് മനസ്സിലാക്കാത്ത മക്കളാണ് അമ്മയെ പല ഇടങ്ങളിലും ഉപേക്ഷിത് . എന്റെ അമ്മ എന്നെ ജീവനു തുല്യം സ്നേഹിക്കുന്നു ,എന്നെ തെറ്റ് ശരി എന്താണെന്നും ഇതിൽ ഏതു മാർഗമാണ് തെരഞ്ഞെടുക്കേണ്ടതെന്നുമുള്ള പാദ കാട്ടി തന്നത് എന്റെ അമ്മയാണ് .തെറ്റുകണ്ടാൽ നല്ല തല്ലുവെച്ചുതരും എന്റെ അമ്മക്ക് കള്ളം പറയുന്നത് ദൃഷ്ടിയിൽ കണ്ടൂടാ .എന്റെ കണ്ണിൽ നിന്ന് കണ്ണീര് പൊടിയുന്നത് അമ്മക്ക് ഇഷ്ടമല്ല . അത്രക്ക് വാൽസല്യമുണ്ട് അമ്മക്ക് എന്നോട് .എന്നെക്കുറിച്ച് വളരെ ഏറെ സ്വപ്നങ്ങളാണ് അമ്മ കണ്ടു വച്ചിരിക്കുന്നത് ആ കർത്തവ്യം നിറവേറ്റാൻ ഞാൻ എന്നും തൽപ്പരനായിരിക്കും . ഞാൻ വളരെ വളരെ ഉയരങ്ങളിൽ എത്തണമെന്നാണ് അമ്മയുടെ ആഗ്രഹം . എനിക്ക് വേണ്ടി പല ദുരിതങ്ങളും വേദനകളും അനുഭവിച്ചവളാണ് എന്റെ അമ്മ . അതൊക്കെ ഓർക്കുമ്പോൾ ഇപ്പോഴും ദുഃഖം തോന്നുന്നു ഏകദേശം 7 വയസ്സ് പ്രായം അന്ന് . ഞാൻ രണ്ടിൽ പഠിക്കുകയാണ് ഒരു ദിവസം രാത്രി കിടക്കുമ്പോൾ അമ്മക്ക് നല്ല വിഷമം ഉണ്ടായിരുന്നു അമ്മയോട് ഒരു കഥ പറഞ്ഞു തരാൻ ഞാൻ ആവശ്യപ്പെട്ടു . അമ്മ അപ്പോൾ എന്നോട് ദുഃഖത്തോടെ പറഞ്ഞു അമ്മ മരിച്ചു പോയാൽ മോന് ആരാ കഥയൊക്കെ പറഞ്ഞു തരുക ചെറിയ കുട്ടി ആയതിനാൽ എനിക്ക് കരച്ചിൽ വന്നു ഞാൻ പൊട്ടിക്കരഞ്ഞു അപ്പോൾ അമ്മയും കൂടെ കരഞ്ഞുപോയി ഞാൻഅമ്മയോടു പറഞ്ഞു അമ്മ അങ്ങനെയൊന്നും പറയല്ലേ എനിക്ക് അമ്മയെ

പിരിയാൻ പറ്റില്ല എനിക്ക് അമ്മ വേണം അതു കേട്ടതും അമ്മ കരയാൻ തുടങ്ങി അങ്ങനെ അൽപ്പനേരം അങ്ങനെ കരഞ്ഞു ആ സംഭവം എന്റെ മനസ്സിൽ ഇന്നും ഒരു വേദനപോലെ കിടപ്പുണ്ട് അത്രത്തോളം ബന്ധമുണ്ട് ഞാനും എന്റെ അമ്മയും തമ്മിൽ അമ്മയെന്ന ലോകത്തെ പിരിഞ്ഞ് വാഴാൻ ഒരു മക്കളും ആഗ്രഹിക്കുകയില്ല രാജാവിന് ഭടന്മാർ തുണയാകുന്നതുപോലെ എന്റെ അമ്മക്ക് ഞാൻ തുണയാവും എനിക്ക് ജീവനുള്ളിടത്തോളം കാലം ഞാൻ അമ്മയെ പൊന്നു പോലെ നോക്കും .



# അമ്മുവിൻെറ ലോകം



മഞ്ഞുതുള്ളികൾ പറ്റിപ്പിടിച്ച് നിൽക്കുന്ന പുൽത്തലപ്പുകളിൽ ചവിട്ടി അവൾ നടന്നു .നേർത്ത കുളിര് അവളുടെ പാദങ്ങളിലൂടെ അരിച്ച് കയറുന്നു . വീതി കുറഞ്ഞ വഴിയിൽ നീളെ ചരൽക്കല്ലുകളാണ് തലേന്നത്തെ മഞ്ഞിൽ അവ നനഞ്ഞു കിടക്കുന്നു സൂര്യകിരണങ്ങൾ എത്തിനോക്കി തുടങ്ങിയിരിക്കുന്നു . അവൾ കൈയ്യിലെ പാത്രം മറുകൈയ്യിലേക്ക് മാറ്റിപ്പിടിച്ചു . അവൾ നടന്നുനീങ്ങിയ വഴികളിലെ പുൽപ്പടപ്പുകളിൽ നിറഞ്ഞു നിൽക്കുന്ന വെള്ളത്തുള്ളികൾ കണ്ട് അവൾ അതിശയപ്പെട്ടു സൂര്യൻ ഉദിച്ചുപൊങ്ങുന്ന വെളിച്ചം നോക്കി അവൾ നടക്കാൻ തുടങ്ങി അപ്പോഴാണ് അവൾ ഓർത്തത് കൈയ്യിലെ പാത്രത്തിന്റെ കാര്യം ശിവൻ ചേട്ടന്റെ കടയിൽ എത്തിക്കണം എന്ന് അവളുടെ നടത്തത്തിന്

ജി എച്ച് എസ് എസ് കടയത്തൂർ

അൽപ്പം വേഗത കൂടിവന്നു . ശിവൻ ചേട്ടന്റെ കടയിൽ എത്തി അപ്പോൾ ശിവൻ ചേട്ടൻ അമ്മുവിനോട് ചോദിച്ചു എന്താ അമ്മു ഇത്ര വൈകിയത്
അപ്പോൾ അമ്മു പറഞ്ഞു

നമ്മുടെ പ്രപഞ്ചം എത്ര സുന്ദരമാണ് . കണ്ണിനു കാഴ്ചയില്ലാത്തവർ ഇത് എങ്ങനെ കാണും അവരുടെ ലോകം ഒരുപാട് ഇരുട്ട് നിറഞ്ഞതാണ് അപ്പോൾ ശിവൻ ചേട്ടൻ പറഞ്ഞു ദൈവമേ ഒരു മനുഷ്യർക്കും ഇതുപോലെ ഇരുട്ട് നിറഞ്ഞ ലോകം നൽകരുത് .അവൾ ഒന്നും മിണ്ടിയില്ല.ശിവൻ ചേട്ടൻ തുടർന്നു .അമ്മു അപ്പു എന്തെടുക്കുന്നു . പുത്തനൻ ഉടുപ്പ് വാങ്ങിയോ ഇന്ന് പള്ളിക്കൂടത്തിൽ പോകണ്ടേ മം ഇന്ന് പള്ളിക്കൂടത്തിൽ പോകണം പുത്തനുടുപ്പിട്ട് ചേട്ടാ പാത്രം തരുമോ എനിക്ക് വീട്ടിൽ പോകണം . ശിവൻ ചേട്ടൻ പാത്രം അമ്മുവിന്റെ കൈയ്യിൽ കൊടുത്തു അവൾ തിരിഞ്ഞു നടന്നു .അവൾ ഇടുങ്ങിയ വഴിയിൽ എത്തി സൂര്യനെ ഒന്ന് നോക്കി വെളിച്ചം കൂടി വന്നു . അവളുടെ കണ്ണുകൾ ചിമ്മി . ഇളം കാറ്റ് വീശിയപ്പോൾ അവളുടെ ശരീരം കുളിർമയുള്ളതായി മാറി . സൂര്യന്റെ വെളിച്ചം മലകളിൽ തങ്ങിനിൽക്കുന്നതു കണ്ട് അവൾ അവിടെ നിന്നു പോയി . വീട്ടുമുറ്റത്ത് വന്നു നിന്ന സൂര്യകിരണങ്ങൾ മിന്നി തിളക്കമുള്ളതായി മാറി . പാത്രം അടുക്കളയിൽ കൊണ്ടുപോയി കൊടുത്തു എന്നിട്ട് അവൾ കുളിക്കാനായി പോയി . അവൾ കുളിച്ച് പുത്തനുടുപ്പിട്ട് പള്ളിക്കൂടത്തിലേക്ക് നടന്നു . 6 -ാം ക്ലാസ് വിദ്യാർത്ഥിനിയാണ് അമ്മു . അമ്മുവിന് 3 -ാം ക്ലാസിൽ പഠിക്കുന്ന ഒരു അനിയനുണ്ട് . രണ്ട് പേരും ഒരേ സ്കൂളിലാണ് പഠിക്കുന്നത് . സ്കൂളിലെ വിശേഷങ്ങൾ വന്ന് അമ്മയോടും അച്ഛനോടും അപ്പുവിനോടും പറയും .അമ്മുവിന്റെ അച്ഛന് കൂലിപ്പണിയാണ് പാവം അപ്പു ഒരു കാലിന് ശേഷിയില്ല . അപ്പുവിന്റെ കാൽ ശരിയാകണമെങ്കിൽ ഒരുപാട് പണം വേണം . അവരെ സഹായിക്കാൻ ബന്ധുക്കളോ കുടുംബക്കാരോ ആരുമില്ല .അങ്ങനെ ദുഃഖങ്ങളിൽ ആർന്ന ഒരുപാട് ദിവസങ്ങൾ കഴിഞ്ഞുപോയി അങ്ങനെയിരിക്കെ ഒരു ദിവസം ദൈവം പറഞ്ഞുവിട്ട ദൂതനെപ്പോലെ ഒരാൾ അവരുടെ വീട്ടുമുറ്റത്ത് വന്നു അയാൾ അപ്പുവിന്റെ കാൽ ഓപ്പറേഷൻ ചെയ്തു കൊടുക്കാം എന്നും ഒരു രൂപ പോലും വേണ്ട എന്നും അയാൾ പറഞ്ഞു .അങ്ങനെ അപ്പുവിന്റെ കാൽ ഓപ്പറേഷൻ ചെയ്തു . അപ്പു പതിയെ

പതിയെ നടന്ന് സ്കൂളിൽ പോയിത്തുടങ്ങി . അങ്ങനെ അവർ സുഖമായി ജീവിച്ചു . അപ്പുവും അമ്മുവും പഠിച്ച് വലിയ ജോലിക്കാരായി അവർ മാതാപിതാക്കളെയും നോക്കി സസന്തോഷത്തോടെ ജീവിച്ചു .

## മീനുവിന്റെ പാവക്കുട്ടി.



ഒരു ഗ്രാമത്തിൽ മീനു എന്ന് പേരുള്ള ഒരു സുന്ദരി പെൺ കുട്ടി ഉണ്ടായിരുന്നു. അവൾക്ക് കൂട്ടുകാരുമായി കളിക്കാൻ ഇഷ്ടമായിരുന്നു. അവളുടെ പ്രായത്തിലുള്ള കുട്ടികളെല്ലാവരും ഒരുമിച്ച് കളിക്കുമ്പോൾ മീനു മാത്രം ഒറ്റക്കിരുന്ന് കളിക്കും. അവൾക്ക് കളിക്കാൻ കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നില്ല. കളിപ്പാട്ടങ്ങൾ ഇല്ലാതെ കൂട്ടുകാരുമായി കളിക്കാൻ പോയാൽ അവർ മീനുവിനെ കളിയാക്കും. ഒരു ദിവസം മീനു അച്ഛന്റെയും അമ്മയുടെയും കൂടെ കല്ല്യാണത്തിനുപോയി. വീട്ടിലേക്ക് വരുമ്പോൾ മീനു ബസ്സിലിരുന്ന് വലിയ കട കണ്ടു. അവിടെ നല്ല ഭംഗിയുള്ള പാവക്കുട്ടികളുണ്ട്. മീനു അവിടേക്ക് നോക്കിയിരുന്നു. അപ്പോൾ ബസ്സിന്റെ ബാക്ക്സീറ്റിൽ ഇരുന്ന് ഒരു ചെറിയ കുട്ടി കരയുന്നുണ്ടായിരുന്നു. എന്തിനാണ് മോൻ കരയുന്നത് ?മോൻ ഒറ്റക്കാണോ ബസ്സിൽ കയറിയത് ? അപ്പോൾ മീനുവിന്റെ അച്ഛൻ ബസ്സിലെ ആളോട് പറഞ്ഞു ഒരു കുട്ടി, ഒരു കുട്ടി... ബസ്സ് നിർത്ത്.. ബസ്സ് നിർത്ത്... മീനു ആ കുട്ടിയെ മീനുവിന്റെ അമ്മയുടെ അടുത്തിരുത്തി. എന്നിട്ട് മീനു അച്ഛനോട് പറഞ്ഞു പോലീസിനെ അറിയിക്കാം. എന്നിട്ട് മീനു ആ കുട്ടിയെ സമാധാനിപ്പിച്ചു. പിന്നെ ബസ്സിലുണ്ടായിരുന്ന എല്ലാവരും കൂടി ആ കുട്ടിക്ക് വീട്ടിൽ പോകാൻ വഴി കണ്ടെത്തി കൊടുത്തു. മീനുവും അച്ഛനും അമ്മയും ആ കുട്ടിയെ വീട്ടിൽ കൊണ്ടാക്കി. അപ്പോൾ കുട്ടിക്ക് സന്തോഷമായി. പിറ്റേന്ന് മീനുവിന്റെ അമ്മ വാതിൽ

തുറന്നപ്പോൾ, ബസ്സിൽ വച്ച് കണ്ട ആ കുട്ടിയും അച്ഛനും അമ്മയും വീടിന്റെ മുന്നിൽ നിൽക്കുന്നു. കുട്ടികളുടെ കയ്യിൽ കുറെ പാവക്കുട്ടികളുമുണ്ടായിരുന്നു. മീനു ചോദിച്ചു ആർക്കാ ഇത്രയും പാവക്കുട്ടികൾ കുട്ടി പറഞ്ഞു മീനുച്ചേച്ചിക്കാണ്, മീനുച്ചേച്ചി ബസ്സിലിരുന്നു പാവക്കുട്ടികളെ നോക്കുന്നത് ഞാൻ കണ്ടായിരുന്നു. അതുകൊണ്ടാണ്. മീനുവിന് സന്തോഷമായി. കളിപ്പാട്ടം ഇല്ലാത്ത കുട്ടികൾക്ക് മീനു പാവക്കുട്ടികൾ കോടുത്തു. അങ്ങനെ മീനുക്കുട്ടിയും പാവക്കുട്ടിയും ആ കൂട്ടുകാരുമോത്ത് കുറേനാൾ കളിച്ചു.

## കരയുന്നവർക്ക് കൂട്ട് ക്ലോക്ക്



രാവിലെ ഉണർന്നു. മങ്ങിയ വെളിച്ചത്തിലൂടെ അവൻ പുറത്തേക്ക് നോക്കി നല്ല തണുപ്പുണ്ട്. സൂര്യൻ ഉദിക്കുന്നതെയെള്ളു അവൻ ഹാളിലേക്ക് നടന്നു. അച്ഛാ സമയം എത്രയായി എന്ന് അവൻ ചോദിച്ചു. ഇത്രയും നാളായിട്ടും ക്ലോക്കിൽ ബാറ്ററി ഇട്ടില്ല. നാളെയാണ് അവന്റെ അനുജത്തി ഹോസ്റ്റലിൽ നിന്ന് വരുന്നത്. 10 മണിക്ക് വരുമെന്നാണ് അച്ഛൻ പറഞ്ഞത്. ഈ വീട്ടിൽ വാച്ചും ഒന്നും ഇല്ലാത്തതിനാൽ അവന് സമയം ഒന്നും അറിയില്ലായിരുന്നു. "അവന്റെ അച്ഛൻ പറഞ്ഞു'.നീയാണ് അവളെ പോയി വിളിച്ചുകൊണ്ട് വരേണ്ടത്ത് അവൻ വീടിനകത്തു കയറി ക്ലോക്കിലേക്ക് ഒന്നു. ഒന്നുനോക്കി. അവന്റെ വീട്ടിൽ മാത്രമെ വർക്ക്ചെയ്യാത്ത ഒരു പഴയ ക്ലോക്ക്ഒള്ളൂ. അതുകൊണ്ടാണ് അവന് സമയം അറിയാത്തത്.

അവൻ രാവിലെ എഴുന്നേറ്റ് ബസ്റ്റോപ്പിലേക്ക് നടന്നു. അവൻ കുറെനേരം ബസ്റ്റോപ്പിൽ കാത്തുനിന്നു. അവൻ വീട്ടിൽ തിരിച്ചെത്തി അവൻ പറഞ്ഞു. അമ്മേ ഞാൻ ഒത്തിരിനേരം നിന്നിട്ടാണ് ഇവൾ വന്നത്. നമ്മുക്ക് ഒരു പുതിയ ക്ലോക്ക് മേടിക്കാം. അമ്മ പറഞ്ഞു നീ ഈ ക്ലോക്ക് കൊണ്ടുപോയി ആ പഴയ മുറിയിൽ കിടന്ന് വിഷമിച്ചു. ഇതുപൊലെയാണ് ഒരോ മനുഷ്യരുടെയും കാര്യം പഴയതായാൽ അത് കളയും എന്നാണ് ഇപ്പോഴത്തെ വിശ്വാസം.

ജി എച്ച് എസ് എസ് കുടയത്തൂർ


# ഒരു ജന്മദിനം



ആകാശത്തിൽ ഇരുട്ടുപരത്തി സൂര്യൻ തന്റെ ദാഹം ശമിപ്പിക്കാനായി കടലിന്റെ ആഴങ്ങളിലേക്ക് ചാഞ്ഞിറങ്ങുകയാണ്.വാതിൽപ്പടിയിൽ തന്റെ വിശന്ന് തളർന്നിരിക്കുന്ന കുഞ്ഞിനെ മടിയിൽ കിടത്തി ഉറക്കുകയാണ്.അന്ന ആരും കൂട്ടില്ലാത്ത ഈ ഏകാന്തതയെ അനുഭവിക്കുമ്പോൾ അന്നയുടെ കണ്ണുകളിൽ നിന്നും ചുടുജ്വാലകൾ അവളുടെ മടിയിൽ കിടന്നിരുന്ന കുഞ്ഞിന്റെ കവിൾത്തടത്തിലേക്ക് ഉതിർന്നു വീണു.തന്റെ കുഞ്ഞിനെപ്പറ്റി ഓർത്തപ്പോൾ അവൾ ആകെ തളർന്നുപോയി.ഒരു പിതാവിന്റെ സ്നേഹമോ വാത്സല്യമോ ഏറ്റു വാങ്ങാൻ തന്റെ കുഞ്ഞിന് സാധിക്കുന്നില്ലല്ലോ എന്നോർത്തപ്പോൾ അവളുടെ ഹൃദയം തകരാൻ തുടങ്ങി.

അവർ ക്ലോക്കിലേക്ക് നോക്കി ക്ലോക്കിലെ ഓരോ സൂചിയും ചലിക്കുന്നത് ഇടി മുഴക്കം പോലെ അവളുടെ കാതുകളിൽ അനുഭവപ്പെട്ടു.മദ്യപാനിയായ തന്റെ ഭർത്താവിനെപ്പറ്റി ഓർത്തപ്പോൾ അന്നയ്ക്ക് അയാളോട് അറപ്പും വെറുപ്പും തോന്നി.നാളെ തന്റെ കുഞ്ഞിന്റെ ജന്മദിനമാണ്.നാളെയും ആ മദ്യപൻ തന്റെ കുഞ്ഞിനെ വേദനിപ്പിക്കുമോ എന്ന ചിന്ത അലട്ടി. സമയം കടന്നു പോകുകയാണ്. അയാൾ ഇപ്പൊ ഇങ്ങെത്തും അന്നയ്ക്ക് വീണ്ടും ആധിയായി. ഒടുവിൽ അവൾ തീരുമാനിച്ചു നാളെയെങ്കിലും തന്റെ കുഞ്ഞ് വിഷമിക്കാൻ പാടില്ല. അവളെ നാളെ ഒരു തരത്തിലും വേദനിപ്പിക്കരുത്.ഇങ്ങനെ ചിന്തിച്ച് അന്ന വാതിൽ പടിയിലിരുന്നുറങ്ങി.പിറ്റേന്ന് രാവിലെ തന്റെ അയൽവാസി അന്നയെ വിളിച്ചുണർത്തി.അതിനുശേഷം പറഞ്ഞു

മദ്യപനായ തന്റെ ഭർത്താവ് ഇന്നലെ മരണപ്പെട്ടിരിക്കുന്നു.അത് അവളെ അത്യധികം വേദനിപ്പിച്ചു.വീണ്ടും സമയം കടന്നുപോയി. ജന്മദിനത്തിൽ അന്നയുടെ കുഞ്ഞ് വളരെയധികം സന്തുഷ്ടയായി.എന്നാൽ അന്നയ്ക്ക് കൂട്ടായി ഉണ്ടായിരുന്നത് അവളുടെ ഏകാന്തത മാത്രമായിരുന്നു.അതു പുറത്തുകാട്ടാതെ കുഞ്ഞിന്റെ വളരെ നിഷ്കളങ്കമായ ആ പുഞ്ചിരിയിൽ അന്ന സ്വയം ലയിക്കുകയായിരുന്നു.......




# ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം



ഘടികാരങ്ങൾ എല്ലാം അറിയുന്നു.ഏത് രാത്രിയായാലും പകലായാലും ഘടികാരം നോക്കാതെ ഒരു യാത്രയോ ഉറക്കമോ ഇല്ല.ഉറങ്ങുമ്പോഴും ഉണ്ണുമ്പോഴും ഒരു സമയം ഉണ്ട്.അത് ഘടികാരം നോക്കിയാണ്.ഒരു പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ചെറുപ്പകാലം മുതൽക്കെതന്നെ നമ്മൾ ഈ ഘടികാരം കാണാൻ തുടങ്ങിയതാണ്.വീട്ടിലൂടെ വെറുതെ നടക്കുമ്പോഴാണെങ്കിലും ചോദിക്കും ,മോനേ

സമയമെത്രയായി എന്ന്. രാത്രിയിലൊക്കെ കിടന്നുറങ്ങുമ്പോഴും ക്ലോക്കിന്റെ ശബ്ദം കേട്ട് ഉറങ്ങാൻ ഒരു രസമാണ്. എല്ലാ കാര്യങ്ങൾക്കും ഒരു സമയമുണ്ട്.അത്

ക്ലോക്കിലെ സെക്കന്റ് മിനിറ്റ് എന്ന സൂചികളിലൂടെയാണ് സമയം അറിയുന്നത്.മറ്റുള്ളവർക്ക് വേണ്ടി ഓടുന്ന ഒരു ജീവിയല്ലേ ഞാൻ കാലം മാറുന്നതനുസരിച്ച് എന്റെ ജീവിതം വേണമെങ്കിലും നിലയ്ക്കാം.പിന്നെ അത് ആരുടെ എങ്കിലും ദയകൊണ്ടൊരു ബാറ്ററി മേടിച്ചിട്ടാൽ ആയി.എങ്കിലും ഒരു കാര്യം ഉണ്ട്,ഞാൻ ഇല്ലാതെ ഇവർക്ക് ഒരു സമയ സന്ദർഭങ്ങളും അറിയാൻ സാധിക്കില്ല.അതുകൊണ്ട് തന്നെ എനിക്ക് ഒരു ബാറ്ററി മേടിച്ച് ഇടുമായിരിക്കും. മറ്റുള്ളവർക്ക് വേണ്ടി ഞാൻ ചത്ത് കിടന്ന് ഓടിയിട്ടും എന്റെ കാര്യം ശ്രദ്ധിക്കാൻ ആരും ഇല്ലാണ്ടായി.




## ശില്പശാല



ഹൈസ്കൂൾ കുട്ടികൾക്കുള്ള സർഗാത്മക ശില്പശാല നടക്കുകയാണ് . കുമാരൻമാഷാണ് കഥാരചനയുടെ ആർ.പി.അദ്ദേഹം മുണ്ടൂർ കൃഷ്ണൻകുട്ടി മാഷുടെ മൂന്നാമതൊരാൾ എന്ന കഥ അവതരിപ്പിച്ച ശേഷം എന്തുകൊണ്ട് അതൊരു മികച്ച കഥയായി എന്ന ചോദ്യം കുട്ടികൾക്കിടയിലേക്കു തൊടുത്തുവിട്ടു . ഭാഷ , ആവിഷ്കാരം ,ഒതുക്കം .... കുട്ടികൾ അവരുടെ ധാരണകൾ പങ്കുവച്ചു . ശരി , നിങ്ങൾ ഒരു കഥ എഴുതിനോക്കൂ . അദ്ദേഹം ആവശ്യപ്പെട്ടു . കുട്ടികൾ എഴുതാൻ തുടങ്ങി . മൂന്നാമത്തെ നിരയിലെ രശ്മി മാത്രം അനങ്ങാതെ

ഇരിക്കുകയാണ് . അരമണിക്കൂർ കഴിഞ്ഞപ്പോൾ കുമാരൻ മാഷ് ഇടപെട്ടു . രശ്മി ഇനിയും തുടങ്ങിയിട്ടില്ല . അവൾ അമ്പരപ്പോടെ മുഖമുയർത്തി അദ്ദേഹത്തെ ഒന്നു നോക്കി. പിന്നെ , പേനെയെടുത്ത് എഴുതാൻ തുടങ്ങി. കഥയില്ലാത്തവൾ അതായിരുന്നു അവൾ നൽകിയ ശീർഷകം . ശീർഷത്തിനു താഴെ ഇങ്ങനെ കുറിച്ചിട്ടു .അമ്മിണി കഥയില്ലാത്തവളാണ് . ആക്കും അവളെക്കുറിച്ച് ഒന്നും പറയാനില്ല ,അമ്മക്കുപോലും . അത്രയും എഴുതി അവൾ പേന താഴെ വച്ചു . സാർ എന്നെ പോകാൻ അനുവദിക്കണം . അവൾ നിറഞ്ഞമിഴികളോടെ ആവശ്യപ്പെട്ടു . കുമാരൻ മാഷ് അവളെ തടഞ്ഞില്ല . ബാഗുമെടുത്ത് അവൾ പുരത്തേക്കിറങ്ങി . ഇപ്പോൾ ഇവിടെ നിന്നും ഇറങ്ങിപ്പോയതാണ് കഥ . അവളുടെ പേപ്പറിലൂടെ കണ്ണോടിച്ചുകൊണ്ട് അദ്ദേഹം അഭിപ്രായപ്പെട്ടു . അതൊന്നും ശ്രദ്ധിക്കാതെ മറ്റു കുട്ടികൾ അപ്പോഴും എഴുത്തു തുടർന്നു .





# കവിത

# നക്ഷത്രക്കുഞ്ഞുങ്ങൾ



എം എ ജോസഫ്

വൃശ്ചികരാത്രിതൻ മുറ്റത്തുനിന്നൊരാ
നക്ഷത്രക്കൂട്ടം വിരുന്നുവന്നു
എന്നുണ്ണിക്കണ്ണന്റെ കണ്ണിലാത്താരകൾ
കൂട്ടം ചമച്ചുകൂടിയിരുന്നു.(വൃശ്ചികരാത്രി..)

കൗതുകക്കണ്ണിനാൽ കള്ളനെൻ നെഞ്ചിലെ
കാർമേഘമൊന്നായ് ഒഴിച്ചെടുത്തു.(കൗതുക)
ആരെനിയ്ക്കൊന്നൊരു അന്യഥാബോധവും
ആരോമൽപുഞ്ചിരി തൊട്ടെടുത്തു
ഇത്തിരിപ്പോന്നൊരാച്ചുണ്ടിലെ പാൽച്ചിരി-
പ്പായസ്സമിന്നെന്റെ ജീവഭോജ്യം.(വൃശ്ചികരാത്രി..)



# പൂത്തമാവിനെപ്പറ്റി



മാമ്പൂകണ്ടു  മദിക്കല്ലേ,

മാരിക്കാർ വില്ലിനെ  നമ്പല്ലേ.

മുത്തശ്ശിക്ക്  പിറുപിറുക്കാനൊരു

തത്ത്വജ്ഞാനമിരുന്നോട്ടേ

മുറ്റിവിടർന്നൊരു പൊൻനിലാവ്

മുറ്റത്തുള്ളൊരു  തൈമാവ് !

ഓളം  തള്ളിയസൗന്ദര്യങ്ങളി-

ലാലോലം മുങ്ങി വരവാണ്

പൂന്നെല്ല കൂട്ടി നിറവെച്ചില്ലെ

പുലരിയെടുത്തില്ലേ,മേലേ

വെള്ള വിരിച്ച് കഴിഞ്ഞില്ലേ

പെറ്റു വീഴുമ്പോഴുതിരാറ്

പേരു വിളിക്കാതഞ്ചാറ്

മുത്തശ്ശിക്കു മുടിഞ്ഞിരിക്കാനൊരു

തത്ത്വജ്ഞാന മുദിച്ചോട്ടെ

മാവുകളൊക്കെ പൂക്കുമ്പോൾ

പൂത്തവയൊക്കെ  കായ്ക്കുമ്പോൾ

മുത്തൻ മാവിനോടു മന്ത്രിക്കുന്നു.

തത്ത്വജ്ഞാനം മുത്തശ്ശി

മാവുകണ്ടുമതിക്കല്ലേ

മാരിക്കാർ വില്ലിനെ നമ്പല്ലേ!



## പൂന്തോട്ടം.



പൂന്തോട്ടത്തിൽ പൂമ്പാറ്റകളോ
തുള്ളിച്ചാടി നടക്കുന്നു.
വണ്ടത്താൻമാർ മൂളിക്കൊണ്ട്
റോസാപ്പൂവിലിരിക്കുന്നു.
റോസാപ്പൂവ് പറിക്കാൻ വേണ്ടി
അമ്മുക്കുട്ടിയതോടുന്നു.
അമ്മുക്കുട്ടി പൂന്തോട്ടത്തിൽ
പൂമ്പാറ്റകളെ കാണുന്നു.
എന്റെ വീട്ടിൽ വരുമോ നീ
അമ്മുക്കുട്ടി ചോദിച്ചു.
ഇല്ല വരില്ലെന്നമ്മുക്കുട്ടി
എന്റെ അമ്മ വിഷമിക്കും.
നീയും പോകു നിന്നുടെ വീട്ടിൽ
നിന്റെയമ്മ വിഷമിക്കും.



# ചെമ്പൂവ്



വാഗതന്നിലെ പൂത്തകൊമ്പത്തായ്

തേൻനുകർന്നിട്ടും കുഞ്ഞിക്കിളിതൻ

കുഞ്ഞിളംചുണ്ടിൽ നിന്നതിർന്നീട്ടും

മധുരഗാനം അതെത്ര സൗന്ദര്യം...

തെല്ലിളം കാറ്റ് വീശിപ്പതുക്കെ,

ചെമ്പൂവുകൾ പുഞ്ചിരിച്ചീടവെ

നിന്റെചിരിയിൽ മുഴുകിയാസൂര്യനും

തൻ കാന്തി അതെങ്ങും പരത്തി.

ആമന്ദം ഒഴുകുമാ നദിതൻ

കണ്ണാടിയിൽ മുഖമൊന്നു നോക്കി,

കണ്ണിമയ്ക്കുന്ന ശോഭയാലരുണൻ

സ്വർണ്ണവർമായവളെ മുത്തുമ്പോൾ...

മന്ദമാരുതനാവഴി വന്നു

മുല്ലപ്പൂവതിൻ ഗന്ധം പകർന്നു.

പച്ചിലതൻ ഇടയിലൊളിക്കും

സുന്ദരിയവൾ എത്തിനോക്കുമ്പോൾ...

ചെമ്മരിയാടിൻ കൂട്ടത്തെ മേച്ച്

അങ്ങുമിങ്ങും നടക്കുന്ന ആട്ടിൻ

ഇടയനൊന്നുള്ളിൽ മോഹമുദിച്ചു

കുഞ്ഞുതുള്ളിയായ് അവളെത്തൊടാനായ്...

പെയ്തിടയനോ പേമാരിയായി

കരിവണ്ടുകളായതാ വാനിൽ,

സൂര്യനെ മറഞ്ഞു കരിവണ്ടുകൾ

അർക്കനോ സ്വപ്നവീചിതൻ ഉള്ളിൽ...

കുളിച്ചീറനണിഞ്ഞതാ സന്ധ്യ

ചെമ്പൂവുകൾ ഒളിച്ചിതറുമ്പോൾ,

സൂര്യനാഴക്കടലിന്റെ ഉള്ളിൽ

ഗാഢനിദ്രയിലാഴുന്ന നേരം...

ഉടൻ പൂനിലാ പൂഞ്ചോലയേകി

താരതന്നുടെ പൂമാലയിട്ട്

ചന്ദ്രനോ തന്റെ സഖികളോടൊത്ത്

വാനിലുല്ലസിച്ചീടുന്ന നേരം...

അമൃത ബിജു



# വാർധക്യകാലം



ഇന്നലെപ്പൂത്തൊരു വാകച്ചോട്ടിലായ്
ഇന്നു ഞാൻ ഏകനായ് നിന്നിടുമ്പോൾ
ഒറ്റയ്ക്കുവന്നൊന്നു തട്ടിയെൻ തെന്നലെൻ
ഹൃത്തിലേയ്ക്കോർമ്മകൾ ഊർത്തിയിട്ടു.

കൈവിട്ടുപ്പോയൊരാ ബാല്യവും കൗമാര-
കൗതുഹലങ്ങളും ഓർമ്മ മാത്രം
എൻ കൗമാരകാലം മറന്നിടുന്നു.
വാർധക്യകാലമെൻ ഓർമിപ്പിച്ച കാര്യങ്ങൾ

എൻ കൗമാരകാലം എളുപ്പം മറന്നിടാൻ
രോഗങ്ങൾ ബാധിച്ച് ക്ഷീണിതനായ്
എൻ അമ്മയും ഇപ്പോഴെൻ കൂടെയില്ല.
വാർധക്യത്തിൽ എൻ ഓമനക്കുഞ്ഞിനെ

ഓമനിക്കുവാൻ കഴിയുന്നില്ല.
എൻ മക്കളും ജീവിതത്തിൽ അകന്നിടുന്നു
ഞാൻ ഏകനായ് നിന്നിടുന്നു.
എൻ ജീവിത സഖിയും കൂടെയില്ല.

ഇന്നലെ പൂത്തൊരു വാകച്ചോട്ടിലായ് ഇന്നു
ഞാൻ ഏകനായ് ഇരുന്നിടുമ്പോൾ

ഒറ്റയ്ക്കു വന്നൊന്നു തട്ടിയെൻ കാറ്റുകൾ

ഹൃത്തിലെ ഓർമ്മകൾ മറന്നിടുന്നു

എനിക്കൊരു മോഹം ഇനിയുള്ള കാലം

ഒരു മഞ്ഞുതുള്ളിയായ് മാറിടുവാൻ

സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന

ഒരു കുഞ്ഞുതുള്ളിയായ് മാറിടുവാൻ

ആകാശത്തങ്ങനെ കാവടി തീർക്കുന്ന

മാരിവില്ലായ് മാറിടുവാൻ

ചാറ്റൽ മഴയത്ത് നൃത്തം ചവിട്ടുന്ന


അഴകുള്ള മയിലായി മാറിടുവാൻ

കുഞ്ഞിളം കാറ്റിൽ ആലോലമാടുന്ന

ഒരു കൊച്ചു പുഷ്പമായ് മാറിടുവാൻ

അതിനുള്ളിൽ നുരയുന്ന നറുതേൻ

നുകരാൻ ഒരു ചിത്രശലഭമായ് മാറിടുവാൻ




# എന്റെ നാട്



പുത്തൻ പുലരിയിൽ പൂവണിഞ്ഞ
വഴിയിലീടെ ഓടിക്കളിച്ച പുലരികൾ
അവൾ ഓർത്തില്ല . അവളെ
ആ നഗരം സ്വന്തമാക്കുമെന്ന്............
അവൾ ഇപ്പോൾ ഗാഢമായി

ചിന്തിക്കുന്നു എങ്ങനെ ആ പിടിയിൽ നിന്നു
രക്ഷനേടുമെന്ന്......... അവളുടെ
ആ കുഞ്ഞോർമകൾ നിരത്തിലെ വാധനത്തിന്റെ
ചക്രത്തിൽ എരിഞ്ഞു വരുന്നത് അവൾ
നിസ്സഹായയായി നോക്കിനിന്നു.



# രാത്രി മഴ



എന്റെ ഏകാന്തതകളിൽ..........................
എന്നിൽനിന്നടരുന്ന മൃദുലമോഹങ്ങളേ.........
പോരുമോ നോവിന്റെ ജാലകവാതിലിൽ
ഒരുമഴപ്പക്ഷിയായ് ചേക്കേറുവാൻ
പോയ്മറഞ്ഞങ്ങോ കുളിർ കോരിയിട്ടോരു
പുതുമഴയ്ക്കിന്നും പ്രണയമല്ലേ..........................

പൊഴിയുവാനാർദ്രമായ് ഉരുകുവാൻ പടരുവാൻ
സ്നേഹ സ്വരമായി പെയ്തിറങ്ങാൻ ..........
ആരുവറിയാതെയാ രാവിന്റെയൂയലിൽ
ചാഞ്ഞിരിന്നാടുവാനേറെയിഷ്ടം...
രാത്രിയിന്നേറെക്കറുത്തോരു സുന്ദരി
തേങ്ങലടക്കുന്ന മൂകമായി............................

നനയുന്ന കവിളിന്റെ യീറനണക്കുവാൻ
പുലർവെയിലൊളി കാക്കുമേകയായി
പൂനിലാവൊഴുകുന്ന പുഴയെന്ന പോലവെ
രാക്കുയിൽ പാടുന്ന രാഗമോടെ
വിടരുവാൻ മോഹമുണ്ടവളുടെ നൊമ്പരം
പൊഴിയട്ടെയാർദ്രമാം ശീലുകളായ്.

ഇന്ദുജ പി വിജയൻ
ടീച്ചർ,ജി എച്ച്.എസ്.എസ്.കുടയത്തൂർ

# ചിറകിൽ തിയുള്ള  ഒരു കാറ്റ്  പറഞ്ഞത്



ഒരു നോട്ടം
വിരലടയാളമുള്ള തീത്തുള്ളിപോലെ
പാറിവീണത്  ശ്വാസകോശത്തിന്റ ഇടയിലോ
ഇടത്തോ മറ്റോ ആണ്
അതൊര വല്ലാത്ത ചൂടുള്ള ഉല
നോട്ടങ്ങളുടെ  തീയിൽ വെന്തു പൊന്നായും
അല്ലാനേരങ്ങളിൽ
കനമേറുമിരുമ്പായും
ഒരു ചുറ്റിക പണിതീർന്നു!
തച്ചുടയക്കേണ്ട  കോട്ടകളെപ്പറ്റി
അത് ചൊല്ലിക്കെട്ടുത്തു
വീശിയ വഴിയിലെല്ലാംത്ത
പൂവ് കൊളുത്തിപ്പോയി
ചെവിയിൽ വെച്ച ചെമ്പരത്തിൽ അവൾ
വനറാണിയാവുമ്പോൾ അയൽക്കാർക്ക
മുഴുഭ്രാന്തയാചെമ്പരത്തിയതിരിട്ട കുടിൽ
തുടരാത്ത ചിത്രകഥയിൽ  നിന്ന്
ഒറ്റപ്പേജയി കീറിപ്പോയി,
തീയില്ലാത്ത നോട്ടങ്ങൾകൊണ്ട് ചാരനിറം പറ്റി...
വരിയുടച്ച കാളകൾ മേഞ്ഞുകൊഴുക്കുന്ന മേട്
പൊട്ടെന്നൊരു മോശമായി വെന്ത സ്വാദിലേക്ക്
ഇണചേരുപ്പോൾ തച്ചു കൊല്ലപ്പെട്ട രണ്ടീച്ചകൾ തെറിച്ചുവീണു

# അവൾ



പുലരിയായ് ഉഷസ്സെങ്ങും പരന്നു
അരുണകാന്തി അതെങ്ങും പ്രഭയായ്
ശിരസ്സുയർത്തി നിൽക്കുമാ ലതതൻ
മൊട്ടുകൾ ചെമ്മെ വിടരുന്ന നേരം.

തെല്ലിളം കാറ്റുവീശിപ്പതുക്കെ..
മുല്ലപ്പൂവതിൻ ഗന്ധം പരക്കെ
തേൻനുകർന്നിടും വണ്ടായി ഞാനാ
പൂവിൽ ചെന്നൊന്നു മുത്തുന്ന നേരം...

സ്കൂൾ വരാന്തയിൽ നിന്നൊന്നു നോക്കെ
പൂത്തവാഗമരത്തിന്റെ കൊമ്പിൽ
ഊയലാടുമാ തേൻകിളികൾതൻ
ചേലെഴുന്നൊരാ കളകളനാദം...

സുമങ്ങൾതൻ സുഗന്ധവും പൂശി
ദലമർമ്മര പാദസരവും
കാലിലങ്ങനെ ഇട്ടു കുണുങ്ങി
ചിരിയും തൂകി നടക്കുന്ന പെണ്ണേ...

നിൻ ചിലമ്പിൻ മധുരസ്വരത്താൽ
ആരും ആകർഷണീയരാകുന്നു

ജി എച്ച് എസ് എസ് കുടയത്തൂർ

നീ തലോടി കുളിരിളം കാറ്റായ്

കണ്ണിമയ്ക്കാതെ ഞാൻ നിന്നെനോക്കി...

വെൺമാടിന്റെ  കൂട്ടത്തെ മേച്ച്

അങ്ങുമിങ്ങും നടക്കുന്ന നീല,

വാനമവളെയും ഉറ്റു നോക്കിക്കൊ-

ണ്ടത്ഭുതസ്തബ്ദനായി നിൽക്കുന്നു.

ദലത്തുമ്പത്തെ വൈരക്കല്ലും

മണ്ണിൽ വീണങ്ങലിഞ്ഞുപോയീടവെ,

മാട്ടുകളെല്ലാം കൂട്ടവും തെറ്റിപോൽ,

കുസലില്ലപോൽ വാനത്തിനാകിലും.

തളിരിലകൾ ഇളകിയാടീടുന്നു

അവൾ അങ്ങനെ ഉല്ലസിച്ചീടുന്നു

തന്റെ കുഞ്ഞിളം കൈകൾ ആലവൾ

മെല്ലെ മെല്ലെ തലോടുന്നു പ്രകൃതിയെ...

നേരം പോയി നേരം പോയി പോൽ

വാനമാകെ ചുവന്നുതുടിച്ചു.

സൂര്യൻ ആഴക്കടലിന്റെ ഉള്ളിൽ


മടിത്തട്ടിൽ ഉറങ്ങാൻ തുടങ്ങുന്നു....

അവൾ തളിരാണ് കുളിരാണ് ഗന്ധമാ-

ണവൾ എല്ലാം എല്ലാമായീടവെ ...

തളിരിളം കുളിർക്കാറ്റായി വന്നവൾ

നീലവാനത്തെ തലോടീട്ടു പോയവൾ.



# നേര്




പറയാത്ത വാക്കാണെന്റെ
ഹൃദയത്തിലലിഞ്ഞിറങ്ങിയത്ത്
കേൾക്കാത്ത സ്വരമാണെന്റെ
ചില്ലകൾക്ക് കൂട്ടുകൂട്ടിയത്

തെളിയാത്ത ചിത്രങ്ങളാണ്
കണ്ണുകൾക്ക് വിസ്മയമായത്
വിരിയാത്ത പൂവാണെന്റെ
സ്വപ്നങ്ങൾക്ക് കൂടായത്

ഒഴുകാത്ത കണ്ണീർക്കണങ്ങളാണ്
എന്നുള്ളിൽ തെളിനീരായത് തളരാത്ത
മനമാണെന്റെ നേരങ്ങൾക്കുത്തുണയായത്.


**അലീന പ്രമോദ്.**



# ആസുരം



മലയിടിച്ച്, പുഴനികത്തി, മണ്ണുകീഴടക്കി അതിരിറക്കി കായലൊക്കെ കാർന്നെടുത്തു മെല്ലെ മരമറുത്തു തണലകറ്റി പണമിരക്കുവോർതൻ നടുവിൽ നിന്നു നമ്മളെന്തു പ്രകൃതിസ്നേഹം കാട്ടും? വലനിറഞ്ഞു പിടപിടയ്ക്കുമാറ്റുമീൻ കിനാക്കൾ വഴുതിവീണു മൃതിയടഞ്ഞു കരിയഴുക്കു ചാലിൽ മുലകുടിച്ച മിഴിതുറച്ച ബുദ്ധിരാക്ഷസന്മാർ കഴുകദൃഷ്ടിയോടെ ദൂരെ നെറി മറന്നു പാറി. തുടുതുടുത്ത പൂക്കളാകെ പലനിറത്തിൽ മിന്നി മണവുമറ്റു മധുരവുമറ്റു.



# കാലത്തിന്റെ ഓർമ്മകൾ




പൂപോലെ പൂത്തൊരു കാലം
ആ കാലത്തു ഞാൻ കേട്ട രാഗം
ആ രാഗത്തിൽ ഞാൻ കണ്ട താളം
ആ താളമാണെന്നിലെ വർഷകാലം

കാലങ്ങളിങ്ങനെ നീണ്ടുനിൽക്കെ
ഒരു വട്ടം ഞാൻ കണ്ട വർഷകാലം

പലവട്ടം പൂത്തൊരി പൂക്കൾ പോലെ
കോരിച്ചൊരിയുന്ന വർഷകാലം

ചിതലരിക്കുന്ന ഓർമ്മകൾ മാത്രമെൻ
അകത്തളത്തിൽ എരിയുന്ന സ്നേഹമായ്
ഓർക്കുന്നു ഞാനാ പൊൻകിനാവ്
കാൽത്തളഗീതമാം തേൻകിനാവ്...

പൊട്ടിത്തെറിക്കുന്ന എൻ ചിന്തയിൽ
കത്തിജ്ജ്വലിക്കുന്ന സൂര്യരേഖയായ്
ഓർക്കുന്നു ഞാനാ കാലങ്ങളെ
നീറുമോർമ്മകൾ വിരിയുന്ന കാലങ്ങളെ



# വിശ്വം ദീപമയം

മാല്യള്ളതാണീ മഹീയെന്നുവെച്ച
മാഴ്കുന്നതെന്തിന്നു മനുഷ്യരേ നാം ?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?



കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ച
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും

വേലയ്ക്കു ദീപപ്രഭയത്ര വേണം
വിശ്രാന്തികൊള്ളുന്നതിനിത്രപോരും
അതായിരിക്കാം പൊരുളാപ്രവൃത്തി
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ് വോൻ

വിളക്കു കത്തിപ്പതിന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദിനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ ? തിരിയിൽക്കൊളുത്താൻ?

അല്ലങ്കിലും സ്വച്ഛവിവേകദീപ
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?
ഉണർന്നിടാമെന്നു നിനച്ചുതന്നെ
യുറങ്ങുവാനോർപ്പതു നമ്മളെല്ലാം
പ്രദുർഭവിച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സർവത്തിലുമൊന്നുപോലെ.
മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകഷപോലെതന്നെ.



# ഹരിത വിദ്യാലയം




മാവുകൾ പൂത്തു മണം പരന്നു
പച്ചക്കുടയായ് ബദാം മരങ്ങൾ
അണ്ണാരക്കണ്ണന്മാർ കാക്കകളും
വിദ്യാലയത്തിൽ വിരുന്നുവന്നു.

ടീച്ചറും കിട്ട്യോളും മാന്തണലിൽ
പാടിപ്പഠിക്കുവാനൊത്തുകൂടി
ചക്കപ്പഴത്തിൻ മധുരഗന്ധം
ദിക്കെല്ലാം വാരിവിളമ്പി തെന്നൽ

അണ്ണാനും കാക്ക കുയിലുകളും
തമ്മിൽ കലഹമായ് ചക്കയുണ്ണാൻ
താലോലമാട്ടും മുരിങ്ങകളും
താളം പിടിക്കുന്ന നെല്ലിക്കയും
കാണുവോർക്കെല്ലാം രസംപകരും
ഹായ്! നല്ല സുന്ദര വ്ദ്യാലയം.

**അശ്വിൻ. പി. ഷോമോൻ.**



# അതേ പ്രാർത്ഥന




വസന്തത്തോടർത്ഥിച്ചതു വെറുതെയായില്ല , തേന്മാ -
വടിമുടി പൂങ്കുലകളണിഞ്ഞു നിന്നു .
ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു ,പിന്നീ
ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു .
സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ -
രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി .
വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറീ കൊമ്പുകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണു .
ആയിരം കൊച്ചടികളത്തണൽ വിരിയിൽപ്പതിഞ്ഞൂ
മായികനഗരം പോലത്തോപ്പു ചമഞ്ഞൂ .
അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കടച്ചിട്ടോ -
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കലുഷമാം
സ്വർലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു
പിന്നത്തെ വസന്തത്തോടുമർത്ഥിക്കയായ് , ഭഗവാനെ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം .
വേറെന്തുള്ളൂ വരമെങ്കൽ , ദേവനാക്രോശിച്ചു , സാധോ
വേദനയ്ക്കു വേണ്ടിത്താനോ ,ചോദിപ്പു വീണ്ടും
പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ -
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം
സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം അയ്യോ
ദരിദ്രന്റെ മരവിപ്പാണസഹനീയം

# പൂന്തോട്ടം.



പൂന്തോട്ടത്തിൽ പൂമ്പാറ്റകളോ
തുള്ളിച്ചാടി നടക്കുന്നു.
വണ്ടത്താൻമാർ മൂളിക്കൊണ്ട്
റോസാപ്പൂവിലിരിക്കുന്നു.
റോസാപ്പൂവ് പറിക്കാൻ വേണ്ടി
അമ്മുക്കുട്ടിയതോടുന്നു.
അമ്മുക്കുട്ടി പൂന്തോട്ടത്തിൽ
പൂമ്പാറ്റകളെ കാണുന്നു.
എന്റെ വീട്ടിൽ വരുമോ നീ
അമ്മുക്കുട്ടി ചോദിച്ചു.
ഇല്ല വരില്ലെന്നമ്മുക്കുട്ടി
എന്റെ അമ്മ വിഷമിക്കും.
നീയും പോകു നിന്നുടെ വീട്ടിൽ
നിന്റെയമ്മ വിഷമിക്കും.



# പ്രണയപർവ്വം



അന്നാ മലർച്ചെണ്ടു
നീട്ടിയെൻ മുന്നിലായ്
നീ,വന്നു നിന്നൊരാ
സന്ധ്യതൻ ശോഭയിൽ
മാഞ്ഞു  പോകുന്ന
സൂര്യന്റെ ശോണിമ
നിന്റെ കവിളിലായ്
പടരുന്ന വേളയിൽ
ചാഞ്ഞുവന്നൊരു
തെന്നലിൽ നിന്റെയാ
കുരിളുകൾ ചുരുൾ
കെട്ടൊന്നഴിയവേ
മാരി വന്നു പൊതി-
ഞ്ഞല്ലോ ചുറ്റിലും
ഒളി ചിന്നി മിന്നലും
തൻ ചിലമ്പേകവേ
വേനൽ വിരിപ്പിട്ട
വിഥികളൊക്കെയും
ദാഹമകറ്റി കുളി-
രാർന്നു നിൽകവേ
പെയ്തു തോർന്ന മഴ-
യിൽ പതുക്കെ നീ
മാഞ്ഞു മാഞ്ഞു പോകു-


ന്നൊരാ കാഴ്ചയിൽ

സന്ധ്യ പതുക്കെ പടി-

യിറങ്ങുന്നതാ , മന്ദമായ്

കേറി വന്നൊരുരാത്രിയിൽ

എന്റെയോർമ്മ ഒലിച്ചുപോവുന്നതാ



# ലേഖനം

# ആധുനിക മലയാള സാഹിത്യം.



പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനം മൂലം മലയാളസാഹിത്യ ലോകത്ത് വന്ന മാറ്റങ്ങളെ ആധുനികസാഹിത്യമെന്ന വിശേഷിപ്പിക്കുന്നു.കൊളോണിയൽ വിദ്യാഭ്യാസവ്യവസ്ഥകൾ മൂലം ശാസ്ത്ര-സാങ്കേതിക,വിഷയങ്ങളുമായുള്ള ബന്ധം,ഗദ്യ സാഹിത്യത്തിനു ലഭിച്ച പ്രാധാന്യം,നിഘണ്ടുക്കളുടെയും വ്യാകരണഗ്രന്ഥങ്ങളുടെയും ആവിർഭാവം തുടങ്ങിയവ ആധുനിക മലയാളസാഹിത്യത്തിന്റെ മുഖമുദ്രകളാണ്.നിഘണ്ടു,വ്യാകരണഗ്രന്ഥങ്ങൾ എന്നിവയുടെ ലഭ്യതയും,പ്രസിദ്ധീകരണ ഉപകരണങ്ങൾ,വാർത്താപത്രങ്ങൾ എന്നിവയുടെ ലഭ്യതയും,ഈ വളർച്ചക്ക് സഹായകമായി വർത്തിച്ചു.കൊളോണിയൽ ഭരണകൂടങ്ങൾ നിഷ്കർഷിച്ച വിദ്യാഭ്യാസ വ്യവസ്ഥകൾ മൂലം ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ കൈവരിച്ച അറിവും,ദേശീയ അവബോധവും ആധുനിക മലയാളസാഹിത്യത്തിന്റെ ഗതി നിർണയിക്കുന്നു.

## സാങ്കേതികവിദ്യ



ഗങ്ങളുടെയും പ്രക്രിയകളുടെയും ഒരു ശേഖരമായി ഇതിനെ അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവേ സാങ്കേതികവിദ്യ എന്ന് പറയുന്നത്.ഇത് വളരെ വിശാലമായ അർഥതലത്തിൽ ഉപയോഗിക്കപ്പെടുന്ന പദമാണ് എന്നതിനാൽ കൃത്യമായ നിർവചനം ഇല്ല.ഉത്പാദനത്തിലോ ശാസ്ത്രീയാന്വേഷണം പോലുള്ള ലക്ഷ്യപൂർത്തീകരണങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്ന കഴിവുകളുടെയും മാർ കണക്കാക്കാം.മനുഷ്യ സമൂഹത്തിൽ ശാസ്ത്രം,എൻജിനീയറിങ് എന്നീ

മേഖലകളിലാണ് പ്രധാനമായും ഇതുമായി ബന്ധപ്പെടുന്നത്.ഉപകരണങ്ങളുടെ നിർമാണവും ഉപയോഗവുമാണ് സാങ്കേതികവിദ്യയുടെ പ്രധാന മേഖല.ചരിത്രത്തിലെ പല വികാസങ്ങളും അച്ചടിയന്ത്രത്തിന്റെയും ഇന്റർനെറ്റിന്റെയും കണ്ടുപിടുത്തങ്ങൾ അടക്കം ആശയവിനിമയത്തിന്റെ ഭൗതിക പരിമിതികൾ കുറയ്ക്കുകയും ആഗോളതലത്തിൽ സൗര വിഹാരം നടത്താൻ സാധ്യമാക്കുകയും ചെയ്തു.



# അനുഭവം




എന്റെ പുള്ളിക്കുട എവിടെയായിരിക്കും? ഞാൻ ഒരു ദിവസം വിദ്യാലയത്തിലേക്കു പോകുന്ന വഴി ഒരു ഭയങ്കരമായ മഴപെയ്തു.അപ്പോൾ എന്റെ ഭംഗിയുള്ള പുള്ളക്കുട ചൂടി. സ്കൂളിൽ പോകുന്ന വഴി ഒരു തോട് മറികടക്കേണ്ടി വന്നു. എന്റെ അമ്മ എന്റെ ബാഗ് പിടിച്ചുനടന്നു. ഞാനും എന്റെ അമ്മയും ആ തോട് എങ്ങനെയൊ മറികടന്നു. എന്റെ അമ്മ എന്നെ സ്കൂൾ പകുതിയിൽ കൊണ്ടുവിട്ടു തിരിച്ചു വരുന്ന വഴി പിന്നെയും ആ തോട് മറികടക്കേണ്ടി വന്നു. അപ്പോൾ എന്റെ അമ്മ ബാഗ് പിടിച്ച് എന്റെ പുള്ളിക്കുടയും തന്നിട്ട് നടന്നു. ഞാൻ കുട താഴ്ത്തിപ്പിടിച്ചപ്പോൾ ആ തോടിലെ വെള്ളം എന്റെ കുട കൊണ്ടുപോയി . എനിക്ക് വളരെയധികം സങ്കടമായി. ഉണിലും ഉറക്കത്തിലും വെള്ളം കൊണ്ടുപോയ പുള്ളിക്കുടയെക്കുറിച്ചാണ് എന്റെ ഓർമ. ഇത് എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്.

# മുഖപ്രസംഗം



കലഹങ്ങളും യുദ്ധങ്ങളും കൊണ്ട് കലുഷിതമാണ് ഇന്ന് നമ്മുടെ ലോകം. ദിനം പ്രതി വർധിച്ചു വരുന്ന ഒന്നാണ് ആക്രമണ വേദനകൾ. സ്നേഹത്തിൻെറയും സഹപ്രവർത്തനത്തിൻെറയും ചിന്തകൾക്കുപകരം വിദ്വേഷത്തിൻെറ വിത്തുകളാണ് എവിടെയും നിറയുന്നത് ക്രൂരമായ ഈ രീതി നിർത്തേണ്ട സമയം കഴിഞ്ഞിരിക്കുന്നു ഇനിയും ഈ കാലഘട്ടം തുടർന്നാൽ വരുന്നതലമുരയ്ക്ക് ഇവിടെ ജീവിക്കാനാവില്ല. ദേവാലയങ്ങളുടെ ഇടനാഴികളിൽ പോലും ആയുധങ്ങൾ ശേഖരിക്കപ്പെടുന്നു. പിഞ്ചുകുട്ടികൾ മുതൽ വലിയവർ വരെ ഹിംസയുടെ ചുവടുകൾ പിന്തുടരുന്നു. ഇഴയടിപ്പമുള്ള ബന്ധങ്ങളുടെ അഭാവവും മാതൃകയാകാൻ കഴിയുന്ന വ്യക്തികളുടെ കുറവും എല്ലാം ഇതിൻെറ പ്രധാന കാരണങ്ങളാണ്. സ്നേഹവും കാരുണ്യവും പ്രകടിപ്പിക്കുന്നവരെ ആദരിക്കുന്ന മനോഭാവവും സമൂഹത്തിൽ ഉണ്ടാകുമ്പോൾ മാത്രമേ ക്രോധം എന്ന വിപത്ത് തിരുമാറാവുകയുള്ളൂ.കുടുംബവും മാതാപിതാക്കന്മാരും കുട്ടികൾക്കുമുപിൽ സ്നേഹത്തിൻറയും സഹപ്രവർത്തനത്തിൻെറയും ജ്വലിക്കുന്ന മാത്രകയായിമാറണം എല്ലാവരുടെയും പരിശ്രമത്തിലൂടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ കൊടിയ വിപത്ത് ഇല്ലാതാക്കാൻ നമുക്കു കഴിയും.



# ഓണപ്പൂക്കൾ

## മുക്കറ്റി


ഓണക്കാലം എത്തുമ്പോൾ നക്ഷത്രം പോലുള്ള മഞ്ഞ പൂക്കളായി മുറ്റത്തും തൊടിയിലുമൊക്കെ കൊച്ചുമുക്കറ്റികൾ നിരന്നു കഴിയും . ഓണപ്പൂക്കളമൊരുക്കാൻ മുക്കറ്റി പറിക്കുന്ന കുട്ടികൾ ഒരു സാധാരണ നാട്ടിൻപുറ കാഴ്ചയായിരുന്നു. ദശപുഷ്പങ്ങളിൽ ഒന്നായ മുക്കറ്റി നമ്മുടെ ആചാരങ്ങളുമായും ബന്ധമുണ്ട് .

## മന്ദാരം

മന്ദാരതറവാട്ടിലെ സുന്ദരിയാണ് വെള്ളമന്ദാരം . മുമ്പൊക്കെ എല്ലാ വീടുകളിലും മുക്കിലും മന്ദാരം ഉണ്ടായിരുന്നു . ലോകത്തെ ഏറ്റവും ഭംഗിയുള്ള പൂവുകളിലൊന്നായി വെള്ള മന്ദാരം അറിയപ്പെടുന്നു .

## ചെമ്പരത്തി

മുമ്പൊക്കെ എല്ലാവീടുകളിലും നട്ട് വളർത്തിയിരുന്ന ചെടിയാണ് ചെമ്പരത്തി .താപനില നിയന്ത്രിക്കാൻ ചെമ്പരത്തിക്ക് പ്രത്യേക കഴിവുണ്ട്. ഓണപൂക്കളത്തിലും ചെമ്പരത്തി നിത്യ സാന്നിധ്യമായിരുന്നു . പല നിറത്തിലും പലതരത്തിലും ഇവ കാണപ്പെടുന്നു .മാൽബെസി കുടുംബത്തിൽപെട്ടതാണ് . ശ്സ്ത്രനാമം ഹൈബിസ്കസ് റോസാ സൈനൻസിസ് എന്നാണ് .



# അഭിജ്ഞാനശാകുന്തളം



കാളിദാസഭാവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്നത് ശാകുന്തളത്തിന്റെ രചനയിലാണ്. ആശ്രമത്തിന്റെ അഴകും, പരിശുദ്ധിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും ഈ കൃതിയിലുണ്ട്. പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും, ത്യാഗവും അതിൽ കാണാം ഭൂമിയും,സ്വർഗ്ഗവും ഒരൊറ്റ വാക്കിലടക്കണമോ?. ഞാൻ പറയാം -ശാകുന്തളം! അതിൽ എല്ലാം അടങ്ങിയിരിക്കുന്നു എന്നതാണ് ശാകുന്തളത്തെക്കുറിച്ച് വിശ്വമഹാകവി ഗോയ്ഥേ പറഞ്ഞത്.

# ലൈബ്രറി

അറിവു നേടുന്നതിന് വായന ആവശ്യമാണ്. എന്നാൽ എല്ലാ പുസ്തകങ്ങളും നമുക്ക് വിലകൊടുത്ത് വാങ്ങി വായ്ക്കുന്നതിന് കഴിയില്ല ഇതിനായി നാം ലൈബ്രറിയിൽ അംഗത്വം നേടുന്നു. ലൈബ്രറികളിൽ കഥ, നോവൽ, കവിത, പ്രബന്ധം, നാടകം തുടങ്ങി വിവിധ തരത്തിലുള്ള പുസ്തകങ്ങൾ ഉണ്ട്. ഇവ വായിക്കുക വഴി അറിവു വർധിപ്പിക്കുന്നതോടൊപ്പം വിനോദവുമാകുന്നു. പബ്ളിക് ലൈബ്രറി, ഒരു വ്യക്തിയുടേതായ ലൈബ്രറി എന്നിങ്ങനെ ഇവ രണ്ടുതരത്തിലുണ്ട്. ഇവയിൽ പബ്ളിക് ലൈബ്രറി പൊതുജനങ്ങൾക്കായിട്ടുള്ളതാണ്. ലൈബ്രറിപവിത്രമായ ഒരു ദേവാലയമാണ്



# കഥകളി



കേരളത്തില തനതായ ശാസ്ത്രീയ ദൃശ്യകലാരൂപമാണ് കഥകളി.രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾപ്രധനമായും പച്ച കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്. ശാസ്ത്രക്കളി ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ഓസിയ്ട്ടം, തെരുക്കൂത്ത് തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസിക്കൽ-നാടൻകലാരൂപങ്ങളുടെ അംശങ്ങൾ കഥകളിൽ ദൃശ്യമാണ്. 17,18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം ഒരു കാലത്ത് വരേണ്ട വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്ന എങ്കിലും ഇരുപതാം നൂറ്റാണ്ടിൽ  മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിക്ഷ്ണുക്കളുടെ ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു. പതിനേഴാം നൂറ്റാണ്ടിലാണ് കഥകളി ഉത്ഭവിച്ചത്. കൊട്ടാക്കരത്തമ്പുരാൻ രാമായണത്തെ 8 ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമ്മിച്ച രാമനാട്ടമാണ്  പിൻകാലത്ത് കഥകളിയായി പരിണമിച്ചത്. 1555-നും 1605-നും ഇടയ്ക്കാണ് രാമനാട്ടം ഉണ്ടാക്കിയത് എന്നാണ് പറയുന്നത്.



## പക്ഷിനിരീക്ഷണ യജ്ഞം

## ഉപ്പൂപ്പൻ



ഇളം തവിട്ടുനിറവും നീണ്ട് അൽപ്പം വളഞ്ഞ ചുണ്ടും വെളുത്തതും കറുത്തതുമായ പൊട്ടുകൾ ഇടകലർന്ന് വരയൻ കുതിരയെ ഓർമ്മിപ്പിക്കുന്ന ചിറകുകളും വാലും ഉള്ളതുകൊണ്ടുതന്നെ ഈ പക്ഷി നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. ഈ പക്ഷിയുടെ പ്രധാന പ്രത്യേകത വിശറിയുടെ ആകൃതിയുള്ള ശിഖയാണ്. വിരിച്ചുനിൽക്കുന്നതു കണ്ടാൽ കിരീടം വെച്ചതുപോലെയായിരിക്കും. ഇവ വളരെ വേഗത്തിൽ ആകാശത്തുകൂടിയും നിലത്തുകൂടിയും സഞ്ചരിക്കും. ഇലകൾ ചികഞ്ഞാണ് ആഹാര സമ്പാധനം. നടക്കുമ്പോൾ ഇവയുടെ കഴുത്ത് മുമ്പോട്ടും പിറകോട്ടും ചലിക്കും. കർഷകന്റെ ഉറ്റമിത്രം എന്നും അറിയപ്പെടുന്നു. ഫെബ്രുവരി മുതൽ ഏപ്രിൽ വരെയാണ് ഉപ്പൂപ്പന്റെ മുട്ടയിടുന്ന കാലം.

## തൂക്കണാം കുരുവി

പാടത്തിന്റെ നടുവിലൂടെയുള്ള പ്രദേശത്ത് ധാരാളം ഋതുഭേതങ്ങൾ അനുസരിച്ച് വരുന്നവരുണ്ട്. പാടങ്ങളുടെ കരയിലുള്ള തെങ്ങുകളിലോ പനകളിലോ ആയിരിക്കും സാധാരണ തൂക്കണാം കുരുവികളെ കാണാറ്. പൂവന് നെറ്റി, കഴുത്ത്, മാറിടം എന്നിവിടങ്ങളിൽ തിളങ്ങുന്ന കടും മഞ്ഞനിറമാണ്. പെടക്ക് ആകെപ്പാടെ തവിട്ടുനിറവും ആണ്. മെയ് മുതൽ സെപ്റ്റംബർ വരെയാണ് പ്രജനനകാലം. പെൺ പക്ഷി 2 മുതൽ 4 വരെ വെള്ള മുട്ടകളിടുന്നു.

## കാക്ക

മലയാളികളുടെ ജീവിതവുമായി ബന്ധമുള്ള ഒരു പക്ഷിയാണ് കാക്ക. കാക്ക കുളിച്ചാൽ കൊക്കാകില്ലെങ്കിലും കാക്കക്ക് തൻകുഞ്ഞ് പൊൻ കുഞ്ഞാണ്. രാവിലെ മലയാളികൾ ഉണരുന്നത് കാക്കയുടെ കരച്ചിൽ കേട്ടാണ്. കാക്ക രണ്ടുതരമുണ്ട്, ബലിക്കാക്കയും പേനക്കാക്കയും. പേനക്കാക്കയുടെ തലയും കഴുത്തും ചാരനിറമാണ്. മറ്റുഭാഗങ്ങൾ കറുപ്പ്. ബലിക്കാക്കയുടെ ശരീരം മുഴുവനും തിളങ്ങുന്ന കറുപ്പുനിറമാണ്. ബലിക്കാക്കക്ക് പേനക്കാക്കയേക്കാൾ ചുണ്ടിനും ശരീരത്തിനും വലിപ്പം കൂടുതലാണ്. കാക്കകൾ എന്തും ആഹാരമാക്കും. പരിസര ശുചിത്വത്തിന് കാക്കകൾ വലിയ പങ്ക് വഹിക്കുന്നു. ഏതു പരിതസ്ഥിതിയിലും ജീവിക്കാനുള്ള കാക്കയുടെ കഴിവ് അപാരമാണ്.



## ചെമ്പോത്ത്(ഉപ്പൻ)

ഉപ്പനെ കാണാത്ത മലയാളി ഉണ്ടാവില്ല. ഉപ്പൻ കുയിലിന്റെ വർഗ്ഗത്തിൽപ്പെട്ട ഒരു പക്ഷിയാണ്. ഉപ്പന്റെ രക്തം കൊണ്ട് എണ്ണ കാച്ചിയാൽ മുടി പനങ്കുലപോലെ വളരുമത്രെ. ഇവ വൃക്ഷക്കൊമ്പിൽ പറന്നുനടന്നല്ല ഇര പിടിക്കുന്നത്. ഓന്ത്, ഗൗളി, ചെറു പ്രാണികൾ, പുൽച്ചാടികൾ എന്നിവയെ തേടി കുറ്റിക്കാടുകളിലും പറമ്പുകളിലും അലഞ്ഞ് നടക്കുന്നു. 'ഉഉപ്പ്....ഉഉപ്പ്' എന്നാണ് ഇവർ ശബ്ദിക്കുന്നത്. ചെമ്പിന്റെ നിറമാണ് ഇതിന്. കണ്ണുകൾക്ക് രക്തവർണ്ണമാണ്. അലസനായ പക്ഷിയാണ് ഉപ്പൻ. പറന്നു നടക്കാൻ ഇഷ്ടപ്പെടുന്നില്ല. ഏപ്രിൽ- ജൂലൈ മാസമാണ് പ്രജനനം.

## മീൻകൊത്തി

പൊന്മാൻ എന്നാണ് അറിയപ്പെടുന്നത്. ഇവ നാലുതരമുണ്ട്. ചെറിയ മീൻകൊത്തി, പുള്ളിമീൻകൊത്തി, മീൻകൊത്തിച്ചാത്തൻ, കാക്കമീൻ കൊത്തി എന്നിങ്ങനെയാണവ. ജലാശയത്തിനു മുകളിലോ, വൈദ്യുത കമ്പികളലോ കാണപ്പെടുന്നു. മീനുകൾ മാത്രമല്ല ചെറുപ്രാണികളും, പുഴുക്കളും, ഇവ ആഹാരമാക്കുന്നു. പുള്ളിമീൻകൊത്തിയെ അപേക്ഷിച്ച് മറ്റുള്ളവ വർണ്ണമുള്ളവയാണ്. തലയും കഴുത്തും ചോക്ലേറ്റ് നിറമാണ്. ചുണ്ടുകൾക്ക് രക്തവർണ്ണമാണ്. മണൽ തിട്ടകൾ തുരന്ന് മുട്ടയിടുന്നു.

## ചെറിയനീർക്കാക്ക

ജലാശയത്തിൽ സാധാരണയായി കണ്ടുവരുന്ന പക്ഷിയാണ് നീർക്കാക്ക അല്ലെങ്കിൽ കാക്കത്താറാവ്. ശരീരം മുഴുവനും തിളക്കമുള്ള കറുപ്പ് നിറമാണ്. താടിയിലുള്ള വെളുത്ത അടയാളം പ്രത്യുൽപ്പാധന കാലത്ത് അപ്രത്യക്ഷമാകും. വെള്ളത്തിൽ സാമർത്ഥ്യമുള്ള മീൻ പിടുത്തക്കാരാണ് ഇവർ. പക്ഷികളെപ്പോലെ പിൻഭാഗത്തേക്ക് മാറിയിണ് കാലുകൾ സ്ഥിതിചെയ്യുന്നത്. കൂടുകെട്ടുന്നത് നവംബർ-ഫെബ്രുവരി മാസങ്ങളൽ.

## സൂചിമുഖി

പരാഗണത്തിന് പൂമ്പാറ്റയും, വണ്ടും, തേനിച്ചയും എങ്ങനെ സഹായിക്കുന്നോ അങ്ങനെയാണ് പക്ഷികളും. തെങ്ങ്, മാവ്, ഫലവൃക്ഷങ്ങൾ,ചെടികൾ,വള്ളികൾ എന്നിവയുടെ പരാഗവിതരണത്തിൽ പക്ഷികൾ വലിയ പങ്കു വഹിക്കുന്നു. സൂചിമുഖി സുപ്രധാന ധർമ്മങ്ങൾ,സൗന്ദര്യബോധം , കാലാവസ്ഥ,

പ്രകൃതിസ്സ്നേഹം എന്നിവയെല്ലാം ഈ കൂട്ടത്തിൽപ്പെടും. സൂചിമുഖി പലനിറത്തിൽകാണപ്പെടുന്നു . ഇവകളുടെ കൊക്കുകൾ നീണ്ട നേർത്തതാണ്

## കൃഷ്ണപരുന്ത്

ഹിന്ദുമത വിശ്വാസികൾ കൃഷ്ണപ്പരുന്തിനെ മഹാവിഷ്ണുവിന്റെ വാഹനമായിട്ടാണ് കരുതുന്നത്. മഹാവിഷ്ണു അനുഗ്രഹിച്ചു നൽകിയതാണ് കൃഷ്ണപ്പരുന്തിന്റെ കഴുത്തിലെ വെള്ള നിറം. കൃഷ്ണപ്പരുന്തിനെ ശുഭശകുനമായിട്ടാണ് കരുതാറ്. പരുന്തുകളിൽ അഴകും ഗാംഭീര്യവും ഒത്തിണങ്ങിയതാണ് കൃഷ്ണപ്പരുന്ത്. തുവെള്ള നിറമുള്ള കഴുത്ത്, തല, മാറിടം എന്നിവ പക്ഷിക്ക് അഴക് വർദ്ധിപ്പിക്കുന്നു. പ്രായപൂർത്തിയായ പരുന്തിന്റെ ബാക്കിഭാഗങ്ങൾ കടുത്ത കാവി നിറമാണ്. മറ്റൊരു പ്രത്യേകത വാലിന്റെ അഗ്രഭാഗം വൃത്താകൃതിയിലാണെന്നതാണ്. മാംസ ഭുക്കുകളായ പക്ഷികളുടേതുപോലെ അഗ്രം വളഞ്ഞ് ഉറപ്പും ബലമുള്ളതുമായ ചുണ്ടുകൾക്ക് വിളറിയ മഞ്ഞനിറവും, കണ്ണുകൾക്ക് കറുത്ത നിറവും, കാലുകൾ കൂർത്തതും ബലിഷ്ഠവുമാണ്. എലികളെയും മുതമായ ജന്തുക്കളെയും ഭക്ഷിക്കുന്നതുവഴി ഇവ മനുഷ്യർക്ക് ഉപകാരിയാണ്.


## ചേക്കോഴി

ചേരക്കോഴിയെ കണ്ടാൽ ആൾക്കാർ നീർക്കാക്ക എന്ന് തെറ്റിദ്ധരിക്കും. ചേരക്കോഴിക്ക് നീർക്കാക്കയേക്കാൾ വലിപ്പം കൂടുതലാണ്. ദേഹവും വാലും നല്ല കറുപ്പുനിറമാണ്. പുറത്ത് തുങ്ങിക്കിടക്കുന്ന തൂവലുകൾക്ക് നല്ല തിളങ്ങുന്ന വെള്ളനിറമാണ്. തലയും കഴുത്തും തവിട്ടുനിറവും, തൊണ്ടയും കഴുത്തിന്റെ

അകംഭാഗം വെള്ള നിറവുമാണ്. കാലുകൾ നീർക്കോഴികളെപ്പോലെ വലുതാണ്. പാമ്പിന്റെ ഉടൽ പോലുള്ള കഴുത്തും, ചെറിയ തലയും, മഞ്ഞനിറമുള്ളതും അഗ്രം കൂർത്തതുമായ ചുണ്ടുകൾ. വെള്ളത്തിനടിയിൽ വേഗത്തിൽ ഇരതേടാൻ ഇവക്ക് സാധിക്കും. നവംബർ മുതൽ ഫെബ്രുവരിവരെയാണ് ഇവ അടയിരിക്കുന്നത്. വംശനാശം നേരിടുന്നവയാണ് ഇവ.

## അങ്ങാടിക്കുരുവി

ഒട്ടുമിക്ക ഇടങ്ങളിലും വ്യാപിച്ചിരിക്കുന്ന ഒരു പക്ഷിയാണ് അങ്ങാടിക്കുരുവി. വീട്ടുകുരുവി, നാരായണക്കിളി എന്നും ഇവ അറിയപ്പെടുന്നു. യൂറോപ്പിന്റെയും ഏഷ്യയുടെയും സന്തതിയായ ദേശാടന സ്വഭാവമില്ലാത്ത ഈ കുരുവികൾ അമേരിക്ക, ആഫ്രിക്ക, ന്യൂസിലാന്റ്, ആസ്ട്രേലിയ തുടങ്ങിയ ഇടങ്ങളിലേക്ക് കുടിയേറിപ്പാർത്തവയാണ്. ഇവ കൂടുതലായി കാണപ്പെടുന്നത് അങ്ങാടികളിലും തിരക്കേറിയ പട്ടണങ്ങളിലുമാണ്. 'ചിർ...ചിർ...ചിർ 'എന്ന് എല്ലായ്പ്പോഴും ചിലച്ചുകൊണ്ടിരിക്കും. ഇവർ ഐശ്വര്യത്തിന്റെ സൂചനയാണെന്നാണ് അവരുടെ വിശ്വാസം. കിട്ടുന്നതെല്ലാം ഇവർ ഭക്ഷിക്കുന്നു. പൂവന് തലയുടെ മുകളിൽ ചാരനിറമാണ്. കണ്ണുകൾക്ക് ചുറ്റും കണ്ണെഴുതിയതുപോലെ കറുത്ത പാട്. കവിളുകൾക്ക് വെളുത്ത അടയാളം. മുഖവും താടിയും മാറിടവും കറുപ്പുനിറം. ചിറകുകൾക്ക് വെള്ള നിറമുള്ള പട്ടകൾ. പൂവന് മാത്രമാണ് കടും നിറങ്ങൾ. ഏതു കാലത്തും മുട്ടയിടും. ആഗോളതയിൽ ഇവയുടെ എണ്ണത്തിൽ കുറവുവന്നിട്ടുണ്ട്.



# പൂത്താങ്കീരി



പൂത്താങ്കീരിയെയും കരിയിലക്കിളിയെയും ഒട്ടുമിക്ക ആളുകളും കണ്ടിട്ടുണ്ടാകും. ആകൃതിയിലും പ്രകൃതിയിലും ഇവയ്ക്ക തമ്മിൽ അന്തരം വളരെ കുറവായതുകൊണ്ടുതന്നെ പൂത്താങ്കീരിയെപ്പറ്റി പറയുന്ന കാര്യങ്ങൾ കരിയിലക്കിളിയെയും ബാധകമാണെന്ന് കരുതണം. വീട്ടുമുറ്റത്തും പരിസരപ്രദേശങ്ങളിലും അധികം ഉയരമില്ലാത്ത വൃക്ഷങ്ങളിലും ആറോ അതിൽ കൂടുതലോ അംഗങ്ങളുള്ള കൂട്ടങ്ങളായിട്ടാണ് കാണപ്പെടുന്നത്. ഒച്ചയും ബഹളവും കൊണ്ട് സജ്ജീവമാണ് ഇവരുടെ ജീവിതം. വളരെ ദൂരെനിന്നുപോലും കൂട്ടച്ചിലകേൾക്കുമ്പോൾ ഇവയാണെന്ന് തിരിച്ചറിയാം. ഇവക്ക് തവിട്ടുനിറമാണ്. കാലിനും ചുണ്ടിനും വിളറിയ മഞ്ഞനിറം. കണ്ണിനു ചുറ്റും മഞ്ഞയുടെ സാമീപ്യമുള്ള വെള്ളനിറം കാണാൻ കഴിയും. ഇവയുടെ തലയിൽ കാണുന്ന വെളുത്തനിറം കരിയിലക്കിളിക്കില്ല. ഒരുപാട് നല്ല ഗുണങ്ങൾ ഇവക്കുണ്ട്. ഐക്യമത്യം മഹാബലം എന്നാണ് ഇവയുടെ പ്രമാണം. ഇവക്ക് അധികം പറക്കാൻ ഇഷ്ടമില്ല. ഓരോ ചാട്ടത്തിനും സാമാന്യം നല്ല ദൂരം പിന്നിടാൻ ഇവക്ക് സാധിക്കും.

**അശ്വിൻ. പി. ,ഷോമോൻ.**

# ഷഡ്പദങ്ങൾ

എണ്ണത്തിലും തരത്തിലും ഏറ്റവും അധികമുള്ള ജീവിവിഭാഗമാണ് ഷഡ്പദങ്ങൾ.പത്തു ലക്ഷത്തോളം ഷഡ്പദങ്ങളെ വർഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.സസ്യങ്ങൾ ഷഡ്പദങ്ങളെ തേനും മറ്റു ഭോജ്യവസ്തുക്കളും നൽകി

സ്വീകരിക്കുമ്പോൾ ഷഡ്പദങ്ങൾ സസ്യങ്ങളിൽ പരാഗണം നിർവഹിക്കുകയും ചെയ്യുന്നു.
ഉഷ്ണമേഖലാ പ്രദേശങ്ങളിൽ പ്രയോജനകാരികളും നാശകാരികളുമായ വളരെയധികം ഷഡ്പദങ്ങൾ ഉണ്ട്.ബാഹ്യശല്യങ്ങൾക്ക് വിധേയമാകാത്ത സ്വാഭാവിക വനങ്ങളിൽ കീടശല്യം വളരെ കൂടുതലാണ് ഷഡ്പദശല്യം നിയന്ത്രിക്കുന്നതിന്,ആദ്യം ചെയ്യേണ്ടത് അവ വരുത്തിവയ്ക്കുന്ന നാശം കണ്ടുപിടിക്കുകയും തന്മൂലമുണ്ടാകുന്ന നഷ്ടം നിർണയിക്കുകയുമാണ്,എന്നാൽ നാശം കണ്ടുപിടിക്കുന്നതിന് ശ്രമിക്കാറുണ്ടെങ്കിലും നഷ്ടത്തിന്റെ തോത് ശരിയായ വിധത്തിൽ തിട്ടപ്പെടുത്തുവാൻ കാര്യമായ ശ്രമങ്ങൾ ഇതുവരെ ഉണ്ടായാട്ടില്ല.

# ശത്രു സസ്യങ്ങൾ

വനങ്ങളുടെയും വനവിളകളുടെയും വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന സസ്യങ്ങളെയാണ് ശത്രുസസ്യങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്.അസ്സാം പച്ച,പൂച്ചെടി തുടങ്ങിയ കുറ്റിച്ചെടികളും ഇഞ്ച,ചങ്ങലംപരണ്ട,പാൽമുതുക്ക് മുതലായ വള്ളിച്ചെടികളും ആൽവർഗത്തിൽപ്പെട്ടവയും ഇത്തിൾ തുടങ്ങിയ പരാമ ജീവിസസ്യങ്ങളും ശത്രു സസ്യങ്ങളാണ്;കൂടാതെ ചില ഫംഗസുകളും.

ഉദാ:തോട്ടത്തിലെ ഏറ്റവും ഉപദ്രവികാരിയായ കളയാണ് ആസ്സാം പച്ച (യുപ്പറ്റോറിയം).സാന്ദ്രത കുറവുള്ള ഇലകൊഴിയും വനങ്ങളും ഇതിന്റെ ആക്രമണത്തിനു കീഴടങ്ങിയിരിക്കുകയാണ് .



# പരിസ്ഥിതി ദിനം എന്ത്?എന്തിന്?



മനുഷ്യനും പരിസ്ഥിതിയും എന്ന വിഷയത്തിൽ 1972 ജൂൺ 5 മുതൽ 16 വരെ സ്റ്റോക്കോമിൻ ഐക്യരാഷ്ട്രസംഘടനയുടെ ജനൽ സമ്മേളനത്തിനാണ് പരിസ്ഥിതി ദിനാചരണം നടത്താനുള്ള ആദ്യതീരുമാനം ഉണ്ടായത്.1973 ജൂൺ 5 നാണ് ആദ്യ പരിസാഥിതിദിനം ആചരിച്ചത്.

ലോകജനതയ്ക്കിടയിൽ പരസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക;ലോക ഭരണകൂടങ്ങളുടെ ശ്രദ്ധ ഈ മേഖലയിലേക്കു തിരിച്ചുവിടുക,അവരെ വിവിധ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുക എന്നിവയാണ് പരിസ്ഥിതി ദിനാചരണത്തലൂടെ യു.എൻ ലക്ഷ്യമിടുന്നത്.

# പരിസ്ഥിതി നേരിടുന്ന പ്രശ്നം

മലിനീകരണംലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് പ്ലാസ്റ്റിമലിനീകരണം.ബാഗുകൾ,കപ്പുകൾ,ഷീറ്റുകൾ എന്നുവേണ്ട നമ്മൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്കു കണക്കില്ല.പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം മണ്ണിനെയും ജലത്തെയും വായുവിനെയും ഒരു പോലെ വിഷമയമാക്കുന്നു. രാസവസ്തുക്കൾയുക്തിരഹിതമായ കാർഷിക പ്രവർത്തനങ്ങളും രാസവസ്തുക്കളുടെ അശാസ്ത്രീയമായ ഉപയോഗവും വ്യവസായ ശാലകളിൽ നിന്നുള്ള രാസമാലിന്യങ്ങളും എല്ലാം പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു ഇവ മണ്ണിനെ നശിപ്പിക്കുന്നു.കുടിവെള്ളം മലിമകാക്കുന്നു.വംശനാശംമറ്റു ജീവികളുടെ ആവാസമേഖലകളിലേക്കുള്ള മനുഷ്യന്റെ അനാരോഗ്യമായ കടന്നുകയറ്റം ഒട്ടേറെ സ്പീഷിസുകളുടെ വംശനാശത്തിനു കാരമാകുന്നുണ്ട്.ജനിതകവ്യതിയാനം വരുത്തിയ


പച്ചക്കറികൾക്കും ധാന്യങ്ങൾക്കും ഒക്കെ ഒട്ടേറെ ഗുണങ്ങൾ പറയാനുണ്ടെങ്കിലും അവ പ്രകൃതിയുടെ സ്വാഭാവികതയെ തളർത്തുന്നു.

## വനനശീകരണം

ജനപ്പെരുപ്പത്തിന്റെയും വ്യവസായ വളർച്ചയുടെയും ഫലമായി കാടുകൾ നശിക്കുകയാണ്.പ്രകൃതിയുടെ ശ്വാസകോശങ്ങളായ മരങ്ങളെ നശിപ്പിതക്കുമ്പോൾ നമ്മുടെ നിലനിൽപ്പിനു തന്നെ ചോദ്യം ചെയ്യപ്പെടുന്നു.

## കാട്ടുതീ

ആദിവാസികൾ തണുപ്പകറ്റാൻ മാംസം ചുടാനും തീ ഉപയോഗിച്ചിരുന്നെങ്കിലും അത് പ്രകൃതിക്ക് പ്രതികൂലമായിരുന്നില്ല.പരിഷ്കൃത ലോകജനത കൃഷിക്കും ഭക്ഷണം പാകം ചെയ്യുവാനും മറ്റും തീ ഉപയോഗം വർധിപ്പിച്ചു.ക്രമേണ വനനശീകരണവും തുടങ്ങി.രാഷ്ട്രീയ അസ്ഥിരതകൾ മൂലം കാട്ടിൽ അഭയം തേടുകയും സാധാരണയായിരുന്നു.ഈ പ്രകൃതിയെ മാർത്താണ്ഡവർമയുടെ കാലം മുതൽ ശക്തൻതമ്പുരാന്റെ കാലം വരെ നീണ്ടുനിന്നിരുന്നു.വനഭൂമിമല കൃഷിക്ക് വിധേയമാക്കുകയും മരങ്ങൾ മുറിച്ച് ഉണക്കി തീയിടുകയും,കൂടാതെ കാട്ടുതീയും വനത്തിനു ഭീഷണിയായി തീരുകയും ചെയ്തു.ഇതിൽ നിന്നും രക്ഷനേടാൻ വനഭൂമി ഗവ:റിസർവ് ചെയ്തു.കുറെ ഏറെ ഭൂമി രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.കുറെ കാലം തീപിടുത്തം ഉണ്ടാകാതിരിക്കുവാനുള്ള ശ്രമം വിജയകരമായി തുടങ്ങുകയും എങ്കിലും വീണ്ടും കൃഷിക്കുവേണ്ടി വനഭൂമി കൊടുക്കുകയും വനനശീകരണം തുടരുകയും ചെയ്തു.



## കാലാവസ്ഥ




ചില കാലാവസ്ഥാ ഘടകങ്ങളും സസ്യങ്ങളും വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. അമിതമായ ചൂട്, വരൾച്ച,കാറ്റ്, വെള്ളപ്പൊക്കം, ഇടിമിന്നൽ തുടങ്ങിയവയാണ് ഈ ഘടകങ്ങൾ.ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കാലാവസ്ഥയുടെ കാര്യത്തിൽ അനുഗ്രഹീതമാണ്.എങ്കിലും വനനശീകരണം കാരണം ഇവിടെയും ഇപ്പോൾ കാലാവസ്ഥയിൽ താളപ്പിഴ ഉണ്ടാകാൻ തുടങ്ങിയിരിക്കുന്നു.

## മണ്ണൊലിപ്പ്

മണ്ണൊലിപ്പ് ഉണ്ടാകുന്നത് പ്രധാനമായും രണ്ട് ഘടകങ്ങൾ മൂലമാണ്;കാറ്റും,വെള്ളവും.കാറ്റു മൂലമുള്ള മണ്ണൊലിപ്പ് കേരളത്തിൽ നിസാരമാണ്. എന്നാൽ വെള്ളം മൂലംമുള്ള മണ്ണൊലിപ്പ് കൂടുതലാണ്.മണ്ണൊലിപ്പിന് ഏറ്റവും അടിമപ്പെട്ടിട്ടുള്ളത് തോട്ടങ്ങളും ഇലകൊഴിയും വനങ്ങളുമാണ്.

ശല്യങ്ങൾക്ക് വിധേയമാകാത്ത സ്വാഭാവിക വനങ്ങളിൽ മണ്ണൊലിപ്പ് ഇല്ലെന്നുതന്നെ പറയാം.എന്നാൽ ഇടപെടലിന്റെ അല്ലെങ്കിൽ ശല്യത്തിന്റെ തോതനുസരിച്ച് മണ്ണൊലിപ്പ് ഉൾപ്പെടെയുള്ള ദോഷങ്ങളുടെ തോതും വ്യത്യസ്തമായിരിക്കും.



# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സമൂഹ്യ പങ്കാളിത്തവും



ഭിന്നശേഷിക്കാരായ കുട്ടികളും നമ്മുടെ ഒരുമിച്ച് പഠിക്കുമ്പോഴും കളിക്കുമ്പോഴും അവരുടെ കുറവുകൾ ഇല്ലാത്തവിധം നമ്മളും മറ്റുള്ളവരും അധ്യാപകരും അവരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. നമ്മളോട് കൂടെ ആയിരിക്കുമ്പോഴും നമ്മളോടൊത്ത് ഇടപൊമ്പഴും നമ്മുളുടേതായ ലോകത്ത് അവരുടെ അന്ധതകളും എല്ലാം മറികടന്ന് പോകുന്നു .

# ഷഡ്പദങ്ങൾ

എണ്ണത്തിലും തരത്തിലും ഏറ്റവും അധികമുള്ള ജീവിവിഭാഗമാണ് ഷഡ്പദങ്ങൾ.പത്തു ലക്ഷത്തോളം ഷഡ്പദങ്ങളെ വർഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്.സസ്യങ്ങൾ ഷഡ്പദങ്ങളെ തേനും മറ്റു ഭോജ്യവസ്തുക്കളും നൽകി സ്വീകരിക്കുമ്പോൾ ഷഡ്പദങ്ങൾ സസ്യങ്ങളിൽ പരാഗണം നിർവഹിക്കുകയും ചെയ്യുന്നു.

ഉഷ്ണമേഖലാ പ്രദേശങ്ങളിൽ പ്രയോജനകാരികളും നാശകാരികളുമായ വളരെയധികം ഷഡ്പദങ്ങൾ ഉണ്ട്.ബാഹ്യശല്യങ്ങൾക്ക് വിധേയമാകാത്ത സ്വാഭാവിക വനങ്ങളിൽ കീടശല്യം വളരെ കൂടുതലാണ്ഷഡ്പദശല്യം നിയന്ത്രിക്കുന്നതിന്,ആദ്യം ചെയ്യേണ്ടത് അവ വരുത്തിവയ്ക്കുന്ന നാശം കണ്ടുപിടിക്കുകയും തന്മൂലമുണ്ടാകുന്ന നഷ്ടം നിർണയിക്കുകയുമാണ്,എന്നാൽ നാശം കണ്ടുപിടിക്കുന്നതിന് ശ്രമിക്കാറുണ്ടെങ്കിലും നഷ്ടത്തിന്റെ തോത് ശരിയായ വിധത്തിൽ തിട്ടപ്പെടുത്തുവാൻ കാര്യമായ ശ്രമങ്ങൾ ഇതുവരെ ഉണ്ടായാട്ടില്ല.

# ശത്രു സസ്യങ്ങൾ



വനങ്ങളുടെയും വനവിളകളുടെയും വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന സസ്യങ്ങളെയാണ് ശത്രുസസ്യങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്.അസ്സാം പച്ച,പൂച്ചെടി തുടങ്ങിയ കുറ്റിച്ചെടികളും ഇഞ്ച,ചങ്ങലംപരണ്ട,പാൽമുതുക്ക് മുതലായ വള്ളിച്ചെടികളും ആൽവർഗത്തിൽപ്പെട്ടവയും ഇത്തിൾ തുടങ്ങിയ പരാദ ജീവിസസ്യങ്ങളും ശത്രു സസ്യങ്ങളാണ്;കൂടാതെ ചില ഫംഗസുകളും.

ഉദാ:തോട്ടത്തിലെ ഏറ്റവും ഉപദ്രവികാരിയായ കളയാണ് ആസ്സാം പച്ച (യൂപ്പറ്റോറിയം).സാന്ദ്രത കുറവുള്ള ഇലകൊഴിയും വനങ്ങളും ഇതിന്റെ ആക്രമണത്തിനു കീഴടങ്ങിയിരിക്കുകയാണ് .മനസ്സിലാകുന്നതിലും കൂടുതൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് മനസ്സിലാകുന്നു. ടീച്ചർമാരോടൊത്ത് മറ്റ് കുട്ടികളും അവരെ കൊണ്ട് സാധിക്കാത്തക്ക വിധം അവരെ പഠിപ്പിക്കുന്നു. സാധാരണക്കാരായ കുട്ടികളേപ്പോലെ ഭിന്നശേഷിക്കരായ അവർക്ക് അവരുടേതായ സ്കൂളും , കോളജുകളും,ഹോസ്റ്റലുകളും എല്ലമുണ്ട്. നമ്മളേപ്പോലെ വിദ്യാഭ്യാസം അർഹിക്കുന്നവാരണ്.

അവരുടേതായ എല്ലാ കാര്യങ്ങളും മറ്റുള്ളവരോട് പങ്കുവയ്ക്കുകയും അവർക്ക് നമ്മളേക്കൊണ്ട് സാധിക്കുന്ന എല്ലാം സാഹയവും മറ്റുകുട്ടികളും അധ്യാപകരും നൽകുന്നു. ക്ലാസുകളിലെ എല്ലകുട്ടികളും കളിക്കുമ്പോഴും നടക്കുമ്പോഴും എല്ലാം ഭിന്നശേഷിക്കരായ കുട്ടികളും അവരോടൊപ്പാം കളിക്കുന്നു.മറ്റ് കുട്ടികളോടൊത്ത് അവരെ പഠിപ്പിക്കുമ്പോൾ അവർക്ക് പഠിക്കാനുള്ള ഒരു ഉത്സഹവും മറ്റുള്ളവരേക്കാലും മികച്ചതായി മാറണം എന്ന തോന്നലും അവരുടെ ഇടയിൽ ഉണ്ടാക്കുന്നു. ഓരോ പ്രവർത്തനവും മറ്റ്കുട്ടികൾക്ക് സമാനകാര്യങ്ങളും അവരേക്കാൾ മികച്ചതായി ഭിന്നശേഷിക്കാരായകുട്ടികൾ ചെയ്യുന്നു. അവർ സാധാരണക്കാരേക്കാൾ കൂടുതൽ

നാടിനും സ്കൂളിലും എല്ലാം നന്മ ചെയ്യുന്നു. ഭിന്നശേഷിക്കാരായ എല്ലകുട്ടികളും മറ്റുള്ളവരോട് സൗഹൃദത്തിലും സൗമ്യതയിലും പെരുമാറുന്നു.അധ്യാപകർ വിദ്യാർത്ഥികൾ എന്നിവരെല്ലാം ഭിന്നശേഷിക്കാരായ ഉന്നതനിലയിലും എല്ലാം പ്രവർത്തിക്കുന്നു. ഏതോരുകാര്യം ചെയ്യുന്നതിനും സാധാരണക്കാരായവരേക്കാളും അവർക്ക് അവരുടേതായ ഉൾക്കാഴ്ച മാത്രം മതി. അധ്യാപകരുടെ ഓരോ പ്രവർത്തനവും അവർക്ക് കൂടുതൽ മനസിലാക്കാനും പഠിക്കാനും സാധിക്കും. അവർക്കായി പ്രത്യേകക്ലാസുകൾ സജ്ജമാക്കുകയാണ്. മറ്റ് കുട്ടികളോടൊത്ത് പഠിപ്പിക്കുമ്പോൾ അവർക്ക് മനസിലായില്ലയെങ്കിൽ അവരുടേതായ ഭാഷമനസിലാക്കുന്നതും സഹായിക്കുന്നതുമായ അധ്യാപകർ അവരെ പഠിപ്പിക്കുന്നു. അവർ നമ്മെ കൈപിടിച്ച് അറിവിന്റെ ലോകത്തേയ്ക്ക് നയിക്കുന്നു.

# ക്രോധം പരിത്യജിക്കണം ബുദ്ധജനം




അറിവുള്ള ജനങ്ങൾ ക്രോധം ഉപേക്ഷിക്കണം കലഹങ്ങളും യുദ്ധങ്ങളും കൊണ്ട് കലുഷിതമാണ് ഇന്ന് നമ്മുടെ ലോകം . അക്രമവാസനകൾ ദിനം പ്രതിവർധിച്ചുവരുകയാണ് സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും ചിന്തകൾക്ക് പകരം വിദ്വേഷത്തിന്റെ വിത്തുകളാണ് എങ്ങും നിറഞ്ഞുനിൽക്കുന്നത് വിനാശകാരമായ ഈരീതി അവസാനിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്ന . ഇങ്ങനെ തുടർന്നാൽ വരും തലമുറയ്ക്ക് ഇവിടെ തുടരാൻ ആവില്ല .

ദേവാലയങ്ങളുടെ ഇടനാഴിയിൽ പോലും ആയുധങ്ങൾ ശേഖരിക്കപ്പെടുന്നു പിഞ്ചുകുഞ്ഞുങ്ങൾ പോലും ഹിംസയുടെ ചുവടുകൾ പിന്തുടരുന്നു . ഇഴയടുപ്പുള്ള ബന്ധങ്ങളുടെ അനുഭാവവും മാതൃകയാക്കാൻ കഴിയുന്ന വ്യക്തിയുടെ കുറവും എല്ലാം ഇതിന്റെ പ്രധാന കാരണമാണ് സ്നേഹവും കാരുണ്യവും പ്രകടമാക്കുന്നതുവരെയുള്ള ആദരവും മനോഭാവം സമൂഹത്തിൽ ഉണ്ടാകുമ്പോൾ മാത്രമേ ക്രോധം എന്നവിപത്ത്

അവസാനിക്കുകയുള്ളൂ കുടുംബവും മാതാപിതാക്കളും കുട്ടികൾക്ക് മുൻപിൽ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും ജ്വലിക്കുന്ന മാതൃകയായി മാറണം എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ കൊടിയാപത്ത് ഇല്ലാതാക്കാൻ കഴിയും .

## സ്വതന്ത്രസമരപങ്കാളി

സ്വാതന്ത്രത്തിനായി പോരാടിയ കുറ്റത്തിന് ജയിലുകളിൽ അടയ്ക്കപ്പെട്ട കാലത്ത് ആ അമ്മമാർ എന്തു ചെയ്തു. ഭാരതത്തിലെ യുവതി യുവാക്കൻമാർ അവരെ എവിടെ നിന്നോ വലിഞ്ഞുകയറിയ വെള്ളക്കാരുടെ ഗവൺമന്റെിന്റെ കിങ്കരൻമാരായ ഭാരതിയർത്തന്നെ ഇടിച്ചും തോഴിച്ചും എല്ലുകൾഞ്ഞെരിച്ചും ജയിലുകളിൽ അടിരിക്കുന്നക്കാലത്ത് അവരുടെ അമ്മമാർ വെളിയിലുള്ള ലക്ഷോപലക്ഷം ജനങ്ങളിൽ ഇരുന്ന് എന്തു ചെയുതു ഒർക്കാൻ കഴിയുമോ? ഒന്നും എനിക്ക് ഉഹിക്കാൻ കഴിയുന്നില്ല. എങ്കിലും എന്റെ അമ്മ എന്നെ ഒർത്ത് എന്തു ചെയ്തുവെന്ന് എനിക്ക് നല്ലവണ്ണം അറിയാം. ബഷീറിന്റെ ഒർമ്മകളിലെ സ്വതന്ത്രസമരപങ്കാളിത്തമാണ് ഇത് വ്യകതമാക്കുന്നത്.



# സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്



ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ച് കേട്ടിരിക്കുമല്ലോ. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ ഹോക്കിങ് മോട്ടോർ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച്, ശരീരം തളർന്ന് ജീവിതം പൂർണമായും വീൽച്ചെയറിലേക്ക് ഒതുക്കപ്പെട്ട പ്രതിഭയാണ്. സംസാരശേഷി നഷ്ടപ്പെട്ട്, ആംഗ്യഭാഷയ്ക്കു പോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ദേഹം തയാറായില്ല. പ്രവർത്തനക്ഷമമായ ഒരേയൊരവയവമായ വലതുകൈയിലെ ചൂണ്ടുവിരലുപയോഗിച്ച് കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത് ഹോക്കങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു "A brief history of time" അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളാണ്. ഈ നേട്ടങ്ങളുടെ അംഗീകാരമായി ഹോക്കിങ്ങിന് അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട്. കേംബ്രിഡ്ജ് സർവകലാശാലയുടെ ലൂക്കേഷ്യൻ പ്രഫസർ ഓഫ് മാത്തമാറ്റിക്സ്, അമേരിക്കയിലെ ഏറ്റവും വലിയ ബഹുമതിയായ ആൽബർർട്ട് ഐൻസ്റ്റീൻ അവാർഡ്, ബി.ബി.സി. നൽകുന്ന മാസ്റ്റർ ഓഫ് യൂണിവേഴ്സ്, ആറോളം സർവകലാശാലകളുടെ ഹോണററി ഡോക്ടറേറ്റ് എന്നിവ അവയിൽ ചിലതാണ്. ശാരീരികമായ കൊടിയ അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ട് മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്തമാതൃകയാണ് സ്റ്റീഫൻ ഹോക്കിങ്. 2018 മാർച്ച് 14 ന് 76-മത്തെ വയസ്സിൽ അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

# മലയാള സാഹിത്യം



മനുഷ്യൻ ആശയവിനിമയത്തിനായി ഒരു ഭാഷ രൂപപ്പെടുത്തിയ കാലം മുതൽ മനുഷ്യനോടൊപ്പമുള്ള കലയാണ് സാഹിത്യം.സാഹിത്യം മനുഷ്യനെ എന്നും വളരെയേറെ സ്വാധീനിച്ചിട്ടുള്ള ഒന്നാണ്.ഇന്ന് ഡിജിറ്റൽ യുഗമാണ്.സാങ്കേതികവിദ്യയുടെ കാലഘട്ടം.ഇന്ന് സാഹിത്യം എങ്ങനെയാണ് വളരുന്നതും പ്രചരിക്കുന്നതും എന്നതിനെക്കുറിച്ചും ,സാങ്കേതികവിദ്യകൾ സാഹിത്യത്തെ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നതും എന്നെല്ലാമാണ് ഈ പ്രൊജക്ട് പരിശോധിക്കുന്നതും പറയുന്നതും. സാങ്കേതികവിദ്യാകാലത്തെ സാഹിത്യത്തെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ ഇതിൽ ഉൾപ്പടുത്തിയിട്ടുണ്ട്.ഇത്തരം ഒരു വിഷയത്തെപ്പറ്റി പ്രൊജക്ട് തയ്യാറാക്കുമ്പോൾ ഇൻെറർനെറ്റ് എന്ന വിശാലമായ ലോകം അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.ഇതിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കുക .അധ്യാപകരുടെയും സുഹൃത്തുക്കളുടെയും മാതാപിതാക്കളുടെയും സഹായത്താലാണ് ഈ പ്രൊജക്ട് പൂർത്തീകരിച്ചത്.ഒപ്പം ഇൻെറർനെറ്റും.

## ആധുനിക മലയാള സാഹിത്യം

പാശ്ചാത്യസാഹിത്യത്തിൻെറ സ്വാധീനം മൂലം മലയാള സാഹിത്യ ലോകത്ത് വന്ന മാറ്റങ്ങളെ ആധുനികസാഹിത്യമെന്നു വിവക്ഷിക്കുന്നു.കൊളോണിയൻ വിദ്യാഭ്യാസ വ്യവസ്ഥകൾ മൂലം ശാസ്ത്ര സാങ്കേതിക വിഷയങ്ങളുമായുള്ള ബന്ധം,ഗദ്യ സാഹിത്യത്തിനു ലഭിച്ച പ്രധാന്യം നിഘണ്ടുക്കളുടെയും വ്യാകരണഗ്രന്ഥങ്ങളുടെയും ആവിർഭാവം തുടങ്ങിയവ ആധുനികമലയാളസാഹിത്യത്തിൻെറ മുഖമുദ്രകളാണ്.നിഘണ്ടു,വ്യാകരണ ഗ്രന്ഥങ്ങൾ എന്നിവയുടെ ലഭ്യതയും ,പ്രസിദ്ധീകരണ

ഉപകരണങ്ങൾ,വാർത്താപത്രങ്ങൾലഎന്നിവയുടെ ലഭ്യതയും ഈ വളർച്ചക്ക് സഹായകമായി.കൊളോണിയൻ ഭരണകൂടങ്ങൾ നിഷ്കർഷിച്ച വിദ്യാഭ്യാസവ്യവസ്ഥകൾ മൂലം ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ കൈവരിച്ച അറിവും ,ദേശിയ അവബോധവും ആധുനിക മലയാളസാഹിത്യത്തിൻെറ ഗതി നിർണ്ണയിക്കുകയും ചെയ്തു.

## സാങ്കേതികവിദ്യ

അറിവിൻെറ ഉപയോഗരൂപത്തെയാണ് പൊതുവെ സാങ്കേതികവിദ്യഎന്ന് പറയുന്നത്.ഇത് വളരെ വിശാലമായ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന പദമാണ് എന്നതിനാൽ കൃത്യമായ നിർവചനം ഇല്ല.ഉൽപ്പാദനത്തിലോ ശാസ്ത്രീയാന്വേഷണം പോലെയുള്ള ലക്ഷ്യപൂർത്തീകരണത്തിനോ വേണ്ടി ഉപയോഗിക്കുന്ന കഴിവുകളുടെയും മാർഗങ്ങളുടെയും പ്രക്രിയകളുടെയും ഒരു ശേഖരണമായി ഇതിനെ കണക്കാക്കാം.മനുഷ്യ സമൂഹത്തിൽ ശാസ്ത്രം,എൻജിനീയറിംങ്,എന്നീ മേഖലകളാണ് അതുമായി ബന്ധപ്പെട്ടിരിക്കുന്നത്.ഉപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവുമാണ് സാങ്കേതികവിദ്യയുടെ പ്രധാന മേഖല.ചരിത്രത്തിലെ പല വികാസങ്ങളും അച്ചടിയന്ത്രത്തിൻെറയും ഇൻെറർനെറ്റിൻെറയും കണ്ടുപിടുത്തങ്ങൾ അടക്കം ആശയവിനിമയത്തിൻെറ ഭൗതികപരിമിതികൾ കുറക്കുകയും ആഗോളതലത്തിൽ സൗരവിഹാരം നടത്താൻ സാധ്യമാക്കുകയും ചെയ്തു.

# വർത്തമാനകാലത്തെ സാഹിത്യവും സാങ്കേതികവിദ്യയും



മനുഷ്യനെയും അവന്റെ സംസ്കാരത്തെയും എക്കാലത്തും സ്വാധീനിച്ച കലയാണ് സാഹിത്യം.ബാഹ്യതലത്തിൽ സാഹിത്യം തകർന്നുകൊണ്ടിരിക്കുന്നു എന്ന പ്രസ്താവന സമൂഹത്തിൽ ഉയർന്നുവരുന്ന ഈ വർത്തമാന ലോകത്തിലും ,സാഹിത്യം മനുഷ്യഹൃദയങ്ങളിൽ മരിക്കാതെ നിലനിൽക്കുന്നു എന്നതാണ് വാസ്തവം.

ഈ സാഹിത്യത്തിന്റെ വളർച്ചയെ ഇന്ന് നൂതന സാങ്കേതികവിദ്യകൾ വളരെയധികം സ്വാധീനിക്കുന്നുണ്ട്.ഡിജിറ്റൽ യുഗമായ ഇന്ന് സാഹിത്യത്തിന്റെ വളർച്ചക്കുതകുന്നതരത്തിലുള്ള അനന്തസാധ്യതകളാണ് സാങ്കേത്കവിദ്യകൾ ഇന്ന് തുറന്നുതരുന്നത്.പണ്ടുകാലത്ത് മനുഷ്യരുടെ വിദ്യാഭ്യാസത്തിന്റെ അഭാവവും ,സാഹിത്യരചനകൾ പ്രചരിപ്പിക്കാനുള്ള പരിമിതമായ സാഹചര്യങ്ങളുമെല്ലാം സാഹിത്യത്തിന്റെ വളർച്ചയെ മന്ദഗതിയിലാക്കിയിരുന്നു.പുസ്തകങ്ങൾ രചിക്കുന്നതിനും അതിന്റെ കോപ്പികൾ അച്ചടിക്കുന്നതിനുള്ള കാലതാമസവും മറ്റൊരു വെല്ലുവിളി ആയിരുന്നു.ഇവയെല്ലാം സാഹിത്യത്തെ ജനങ്ങളിലേക്കെത്തിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചു.

എന്നാൽ ഇന്ന് അത്തരത്തിലുള്ള യാതൊരു വെല്ലുവിളികളും ഇല്ല.ഗുട്ടൻബർഗിന്റെ അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തം മുതൽ സ്മാർട്ട് ഫോണിന്റെ കണ്ടുപിടുത്തം വരെയുള്ള കണ്ടുപിടുത്തങ്ങളും വ്യാപനവും സാഹിത്യത്തെ ഏറെ സ്വാധീനിച്ചു.നിമിഷനേരംകൊണ്ട് പുസ്തകങ്ങളുടെ അനേകം കോപ്പികൾ എടുക്കാം.ഒരു സ്മാർട്ട് ഫോണിൽ ഒരു ലൈബ്രറിതന്നെ നമ്മിക്കു ലഭിക്കും.സാഹിത്യസൃഷ്ടികളുടെ വീഡിയോ,ഓഡിയോ ,ടെക്സ്റ്റ് രൂപങ്ങൾ ഇന്റർനെറ്റിലും സോഷ്യൽ മീഡിയകളിലും സുലഭം.നമ്മുക്കു ഏതു വിഷയത്തെക്കുറിച്ചാണോ അറിയേണ്ടത് അവ നിമിഷങ്ങൾക്കുള്ളിൽ നവ മാധ്യമങ്ങളുടെ സഹായത്തോടെ നമ്മുക്ക് ലഭ്യമാകുന്നു.അറിവിന്റെയും

സാഹിത്യത്തിൻെറയും വായനയുടെയും കഴിവുകൾ പ്രദർശിപ്പിക്കാനുമുള്ള വിശാലമായ സാങ്കേതികവിദ്യയുടെ ലോകം ഇന്ന് നമ്മുടെ വിരൽത്തുമ്പിൽ സുലഭം.

# ഡിജിറ്റൽ കാലത്തെ എഴുത്തും വായനയും



എഴുത്തിനും സാഹിത്യത്തിനും അതിൻെറ രീതികൾക്കും സങ്കേതങ്ങൾക്കും മാറ്റം സംഭവിച്ചിരിക്കുന്നു.അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീമിതത്തിൻെറ നല്ലൊരു ഭാഗം സ്മാർട്ട് ഫോണുകളും സോഷ്യൽ മീഡിയകളും കയ്യേറുന്ന കാലമാണ് ഡിജിറ്റൽ യുഗം.

ഡിജിറ്റൽ യുഗത്തിനും എത്രയോ മുൻപ് എഴുത്തിൻെറ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്.ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കുമുൻപ് ,ഭാഷയുണ്ടായ കാലത്ത് അത് വാമൊഴിയായാണ് പിറന്നത്.ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് തലമുറയിൽ നിന്നും തലമുറയിലേക്ക് സാഹിത്യം വാമൊഴിയായി പ്രചരിച്ച കാലം.എഴുത്തു കാലത്തിനും മുൻപുണ്ടായിരുന്ന നീണ്ട വാംമൊഴിക്കാലം.സാഹിത്യത്തിൻെറ ചരിത്രം പരിശോധിച്ചാൽ അതിൻെറ വികാസത്തിൻെറ(പരിണാമത്തിൻെറ)80% വാമൊഴിയായിരുന്നുവെന്നു മനസ്സിലാക്കാം.അക്കാലത്തെ ഏതു പുസ്തകവും പരിശോധിക്കുക.പ്രാചീനകൃതിയായ മഹാഭാരതം ഒരിക്കലും എഴുതപ്പെട്ടിരുന്നില്ല.വാമൊഴിയായി തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട കഥകളാണ് മഹാഭാരതം കഥകൾ. ഏതാണ്ട് മൂവായിരം വർഷങ്ങൾക്കു മുൻപാണ് മഹാഭാരതം കഥ ആരംഭിക്കുന്നത് എന്ന് പറയപ്പെടുന്നു.നൈമിശാരണ്യത്തിൽ വച്ച് ശൗനക മഹർഷി വിവരിച്ചു തുടങ്ങിയ മഹാഭാരതം മഹർഷി ഉഗ്രവസ്സ് എന്ന മറ്റൊരു കലാകാരൻ പകർത്തിയെടുത്തു എന്നതാണ് സങ്കൽപ്പം. മഹാഭാരതം അത്തരത്തിൽ വാമൊഴിയാണ്, വരമൊഴിയല്ല.

കഥ പറച്ചിൽ പാരമ്പര്യം ഉണ്ടായിരുന്നത് ഇന്ത്യയിൽ മാത്രമല്ല.,അറേബ്യൻ നാടുകളിലെ "ആയിരത്തൊന്നു രാവുകളിലും"ഈ കഥാമാതൃക പിന്തുടരുന്നുണ്ട്.അവിടെയും കൈയ്യെഴുത്ത് പാരമ്പര്യമുണ്ടായിരുന്നു.ഒരു ഖുറാൻ ഈ രീതിയിലെഴുതാൻ വർഷങ്ങൾ വേണ്ടിവന്നു.ഒരു ആയുഷ്കാലം മുഴുവൻ ചെലവഴിച്ചാലും പത്തിരുപത് ഖുറാൻ എഴുതാൻ പറ്റിയേക്കും.അങ്ങനെയിരിക്കുമ്പോഴാണ് വ്യാവസായികവിപ്ളവവും നവോത്ഥാനവും മതനവീകരണവും ലോകത്തിലേക്ക് കടന്നുവന്നത്.ലളിതമായ ഈ സാങ്കേതികവിദ്യകളാണ് പിന്നീടുണ്ടായ വിപ്ളവങ്ങൾക്കു തുടക്കം കുറിച്ചത്.

# സൈബർസ്വാധീനം മലയാളസാഹിത്യത്തിൽ



പുതുതലമുറയിലെ മാധ്യങ്ങൾ മനുഷ്യജീവിതത്തെ ഓരോ നിമിഷവും മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ്.മനുഷ്യൻെറ വൈകാരിക ബുദ്ധി ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ മാധ്യമവുമായി ബന്ധമുള്ളവയാണ്.ടെലിവിഷൻ, മൊബൈൽ ഫോൺ, ഇൻെറർനെറ്റ്,എന്നിവയാണ് നവ മാധ്യമങ്ങൾ.ഇവ നിരന്തരം പരിഷ്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.ഈ കാലഘട്ടത്തിൽ സൈബർ സാഹിത്യത്തിൻെറ മേഖലയും ഈ മാധ്യമങ്ങളാൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു.അന്വേഷണങ്ങൾ ,അറിയിപ്പുകൾ,വ്യാപാരങ്ങൾ എന്നിവ വളരെ വേഗത്തിൽ സാധ്യമാകുന്നു.പുതുതലമുറയുടെ വിദ്യാഭ്യാസം ആരംഭിക്കുന്നത് മാധ്യമങ്ങളിലൂടെയാണ് .സംസ്കാരം, ഭാഷ, സാഹിത്യം, കല, വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ഇന്ന് നവ മാധ്യമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

മലയാളഭാഷ സൈബർ സ്വാധീനത്തിലൂടെ മാറ്റത്തിൻെറ ഘട്ടത്തിലാണ്.മലയാളം സൈബർ സ്വാധീനത്തിലൂടെ മാറ്റത്തിന്


വിധേയമാകുന്നുണ്ട്.ഭാഷയുടെ മാറ്റം സാഹിത്യത്തിലും രൂപപരമായും ആഖ്യാനപരമായും മാറ്റം സംഭവിക്കാം.

ഗൂഗിൾ പോലുള്ള സാമൂഹ്യമാധ്യമങ്ങളിൽ തുടക്കസമയത്ത് ഇംഗ്ലീഷ് പോലുള്ള ഭാഷകളും അവയിലെ സാഹിത്യങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്.എന്നാൽ,ഇന്ന് അത് മലയാളഭാഷയിലും ഉള്ള സാഹിത്യവും മറ്റും ഉൾപ്പെടുത്തി പരമാവധി ഭാഷകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൂടുതൽ വിപുലമായിരിക്കുന്നു.സൈബർ സങ്കേതങ്ങൾ വളരെ വേഗത്തിലും ശരിയായതുമായ വിവരങ്ങൾ നൽകുന്നതിൽ അതു കൂടുതൽ ജനകീയമാവുകയും ചെയ്തിട്ടുണ്ട്.നമുക്ക് ആവശ്യമായ എന്തിനെക്കുറിച്ചുള്ള വിവരങ്ങൾ ഇൻെറർനെറ്റിൻെറ സഹായത്താൽ അതിവേഗം തന്നെ നമ്മുക്ക് ലഭ്യമാകുന്നു.മലയാളസാഹിത്യത്തെ ഇന്ന് സൈബർ രംഗം ഏറെ സ്വാധീനിച്ചിരിക്കുന്നു എന്നതിൻെറ തെളിവാണ് ഇൻെറർനെറ്റിലെ വിശാലമായ ലൈബ്രറികൾ.



# ഭാഷയും സാങ്കേതികവിദ്യയും

സാങ്കേതികവിദ്യയും ഭാഷയുമായുള്ള ബന്ധം ദൃഢമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.അച്ചടിയന്ത്രവും പിന്നീട് വന്ന ടൈപ്റൈറ്ററും തൊണ്ണൂറുകളുടെ പകുതിയിലുണ്ടായ ഇൻറർനെറ്റിൻെറ വ്യാപകമായ സ്വാധീനവും സാങ്കേതികവിദ്യയും ഭാഷയും തമ്മിലുള്ള കൊടുക്കൽവാങ്ങലുകൾക്ക് ആക്കം കൂട്ടി.ഇംഗ്ളീഷിൻെറ വളർച്ചക്കും സ്വീകാര്യതക്കും മാത്രമേ ഈ പുതിയ കംപ്യൂട്ടർ ശൃംഖല വഴിതെളിക്കൂ എന്നതായിരുന്നു അക്കാലത്ത് ഉയർന്നു കേട്ട ഒരു വാദം.നിർഭാഗ്യകരമെന്ന് പറയട്ടെ,മലയാളം പോലുള്ള പ്രാദേശിക ഭാഷകളുടെ ഉപയോഗം കേവലം അച്ചടി(ഡി.ടി.പി.)മാത്രമായി പരിമിതപ്പെട്ടു പോന്നു.സർഗപരവും വൈജ്ഞാനികവുമായ ഒരു പ്രവപർത്തനവും ആദ്യകാലത്ത് മലയാളത്തിലുണ്ടായില്ല.



# <u>മലയാളം കംപ്യൂട്ടിങ്-വിക്കിപീഡിയ-പുതിയ കാൽവെപ്പ്</u>



സ്വതന്ത്രമായ മലയാളം കംപ്യൂട്ടിങ് എന്ന സംഘടനയുടെ ഇടപെടൽ കാരണം "എന്റെ കംപ്യൂട്ടറിന് എന്റെ ഭാഷ" എന്ന മുദ്രാവാക്യവുമായി സ്വതന്ത്രസോഫ്റ്റ്വേറുകൾ ആധാരമാക്കി കംപ്യൂട്ടറിൽ മലയാളം ഉപയോഗിക്കാൻ എല്ലാവരേയും പ്രാപ്തരാക്കുന്ന സന്നദ്ധ പ്രവർത്തക കൂട്ടായ്മയാണ് സ്വതന്ത്രമലയാളം കംപ്യൂട്ടിംഗ്.മാത്രമല്ല,ഇന്റർനെറ്റിലെ മലയാളം ഉള്ളടക്കത്തിന്റെ കാര്യത്തിൽ ,ഇന്ന് ഇ-മലയാളം വിജയക്കൊടി പാറിച്ച് മുന്നേറ്റം തുടരുന്നു.ലോകത്തിലെ ഏറ്റവും വലിയ വിവരക്കലവറ;അഥവാ വൃജ്ഞാമനകോശമായ വിക്കിപീഡിയ അതിലെ വിവരങ്ങളുടെ ആധികാരികതകൊണ്ടും സമഗ്രത കൊണ്ടും ലോകഭാഷയായ ഇംഗ്ളീഷിന്റെ തൊട്ടടുത്തു നിൽക്കുന്ന എന്നത് ഓരോ മലയാളിക്കും അഭിമാനത്തിനു വകനൽകുന്നു.വൈജ്ഞാനിക സാഹിത്യത്തിന്റെ കാര്യത്തിലാണെങ്കിൽ ,അതിലേറെ നമുക്ക് അഭിമാനത്തിനു വകനൽകുന്നത്;സർഗപരമായ കഥ,കവിത,നോവൽ,ലേഖനം,നിരൂപണം തുടങ്ങിയ സാഹിത്യരൂപങ്ങൾ പ്രത്യക്ഷപ്പെടുന്ന ബ്ലോഗ് ,ഇ-മാസികകൾ എന്നിവയുടെ കാര്യത്തിലും മലയാളം മുന്നിൽ തന്നെ.പന്ത്രണ്ടോളം ബ്ലോഗുകൾ അച്ചടിമഷി പുരണ്ട് വായനക്കാരെ തേടിയെത്തുന്നത് മലയാളഭാഷയ്ക്കു മുതൽക്കൂട്ടായി.



# യൂണികോഡ്-സാങ്കേതികവിദ്യയും സാഹിതായത്തിനുമിടയിലെ നിർണായക കണ്ണി




യൂണികോഡിൻെറ കണ്ടുപിടിത്തത്തോടെ, സാങ്കേതികവിദ്യയേയും മാതൃഭാഷാ പ്രയോഗങ്ങളെയും സർഗാത്മക സാഹിത്യത്തെയും കൂട്ടിയിണക്കാൻ കഴിഞ്ഞത് തീർത്തുമം ആശാവഹമാണ്....ഓൺലൈൻസംവാദങ്ങളുടെ ഇടമായ ചാറ്റ് മുകളിലും ,ഗൂഗിള് ബസ്, ട്വിറ്റർ, ഫേസ്ബുക്ക്, ഓർക്കട്ട് തുടങ്ങിയ ഇടങ്ങളിലെല്ലാം ഇന്ന്,ഇ-മലയാളം തളിർത്തു നിൽക്കുന്നു.യൂണികോഡ് മലയാളം ഫോണ്ടുകളുടെയും അതിന് അനുയോജ്യമായ എഴുത്തു സമംവിധാനങ്ങളുടെയും സമയോചിതമായ രൂപസംവിധാനം ഇല്ലായിരുന്നുവെങ്കിൽ,ഇന്ന് മലയാളികൾ ഇൻെറർനെറ്റ് സംവാദങ്ങളിൽ ഏർപ്പെടുകയും മലയാളത്തിലുള്ള വിവരാന്വേഷണം നടത്തുകയും ചെയ്യുമായിരുന്നില്ല എന്നതിൽ രണ്ടഭിപ്രായമുണ്ടാകില്ല.

## ബ്ലോഗിലെ മലയാള പരിവേഷണം

വിജ്ഞാന സ്ഫോടനത്തിൻേറതായ ആധുനിക യുഗത്തിൽ ഇൻറർനെറ്റും സാമൂഹ്യകൂട്ടായാമകൾക്കും വലിയ സാധ്യതകളാണുള്ളത്.ഇൻറർനെറ്റിൻെറ ഭാഗമായി ഉണ്ടായ ബ്ലോഗുകൾ മലയാള സാഹിത്യത്തിന് അനന്തസാധ്യതകളാണ് ഉണ്ടാക്കിത്തീർത്തിരിക്കുന്നത് .എഴുത്ത്,ചിത്രങ്ങൾ, പ്രദർശനങ്ങൾ, പാട്ടുകൾ എന്നീ രീതികളിൽ ബ്ലോഗെഴുത്ത് മലയാളത്തിൽ സജീവമാണിന്ന്.ഏതാണ്ട് 5000-ത്തോളം ബ്ലോഗുകൾ മലയാളത്തിന് സ്വന്തമായുണ്ട്.

# ബേ്ളാഗുകൾ



വളരെ ചെറിയ രൂപത്തിലുള്ള വെബ്സൈറ്റുകളാണ് ബേ്ളാഗുകൾ.Webblog-എന്നതിൻെറ ചുരുക്കെഴുത്താണ് ബേ്ളാഗ്. പോസ്റ്റുകൾ-ശബ്ദശകലങ്ങളോ, ചെറുകുറിപ്പുകളോ ആക്കാം. Jorn Barger എന്ന എഴുത്തുകാരനാണ് 1997 ൽ webblog എന്ന ആശയം ആദ്യമായി ആവിഷ്കരിച്ചത്. മലയാളത്തിലെ ആദ്യത്തെ ബേ്ളാഗ് 'ജാലക'മാണ്.' ബൂലോകം'-എന്നത് മറ്റൊരുബേ്ളാഗാണ് .വിഷയസ്വഭാവമനുസരിച്ച് ബേ്ളാഗുകളെ ഇങ്ങനെ ഗണത്തിൽപ്പെടുത്താം.

1.സാഹിത്യം

2.സാമൂഹികവിമർശമം

3.പാചകവിധികൾ

4.നർമ്മം

5.വ്യക്തിഗത ഡയറി

6.യാത്രാവിവരണം

# ഇ-വായന-ബേ്ളാഗുകളിലൂടെ

അച്ചടിയിലും പുസ്തകനിർമിതിയിലും മാത്രമല്ല,എഴുത്തിലും വായനയിലും പ്രസാധനത്തിലുമെല്ലാം കംപ്യൂട്ടർ വൻ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.എഴുത്ത്, പ്രസാധനം ഇവയുടെയെല്ലാം ഏറ്റവും പുതിയ മാതൃകയാണ്

ബ്ലോഗുകൾ.ബ്ലോഗിലൂടെയുള്ളസൈബറധിഷ്ഠിത വായനയാണ് ഇ-വായന. (ഇലക്ട്രോണിക് വായന.)

ബ്ലോഗിനെ അധികരിച്ചുണ്ടാക്കുന്ന ബുക്കിനെ blook എന്ന് വിളിക്കുന്നു.മലയാളത്തിലെ ആദ്യത്തെ blook കൊടകപുരാണമാണ്.(തൃശ്ശൂർ-കറൻറ് ബുക്ക്) ബൂലോകകഥ ,സൂലോകകവിത തുടങ്ങി കഥാവായനക്കും കവിതാവായനക്കുമുള്ള ബ്ലോഗുകൾ ലോകത്തുണ്ട്.ഇതെല്ലാം ഇ-വായനയുടെ നേർസാക്ഷ്യങ്ങളാണ്.

## സൈബർവായന

സാഹിത്യാസ്വാദനത്തെ ഇന്റർനെറ്റ് എങ്ങനെ സ്വാധീനിച്ചുവെന്നാലോചിക്കുമ്പോഴാണ് സൈബർ - ഇ-വായനയുടെ സാധ്യതകൾ തെളിഞ്ഞുവരുന്നത് .

ഇത്രയും നാൾ പുസ്തക വായന എന്നത് ലീനിയർ ആയിരുന്നു. അതായത് തുടക്കവും ഒടുക്കവും നിർബന്ധമായിരുന്നു.എന്നാലിന്ന് ഹൈപ്പർലിങ്ക് (Hyperlinic)ചെയിത് ടെക്സ്റ്റിൽ ക്ലിക് ചെയ്തുവായന പുരോഗമിക്കുമ്പോൾ ആദിയന്ത്രങ്ങളുടെ പഴയതരത്തിലുള്ള നിർബന്ധങ്ങൾ ഇല്ലാതായി. ഒന്നിൽ നിന്ന് ഒന്നിലെക്ക് ക്ലിക്ക് ചെയ്ത അവസാനമില്ലാതെ പുതിയാവായനയുടെ മാസ്മരികലോകത്തിലേക്ക് എത്തിച്ചേരുന്നു.

# സൈബർ കഥകൾ..... നോവലുകൾ

മലയാളകഥാസഹിത്യത്തിലുണ്ടായിരിക്കൊണ്ടിരിക്കുന്ന ആധുനികപ്രവണതയാണ് സൈബർകഥകൾ ഇലകട്രോണിക് വിവരസാങ്കേതിക സിദ്യയുടെ സാംസ്കാരികോല്പന്നം എന്ന് നമുക്കിതിനെ വിളക്കാം ശാസ്ത്ര-സാങ്കേതികവിദ്യയുടെ ഫലമായുള്ള പുതിയ വിനിമയാന്തരീക്ഷത്തിൽ സർഗാത്മകതയുടെ സാന്നിധ്യം വെളിപ്പെടുത്തുന്ന രചനാ തന്ത്രമാണ് സൈബർ കഥകളുടെ കാതൽ കനേഡിയൻ ശാസ്ത്രകഥാകാരനായ വില്യം ഗിബ്സൻ-ആണ് 1984-ൽ ആദ്യമായി സൈബർസ്പേസ് എന്ന സംജ്ഞ ഉപയോഗിച്ചത് പുതിയ ഭാവനാകാശങ്ങൾ തേടുന്ന മലയാളത്തിലെ സൈബർകഥകളിൽപ്രധാനമായവ സമഹരിച്ചത് ഡോ.പി.കെ രാജശേഖരനാണ് 'ഭാവനാതീതം'' എന്ന പേരിൽ ആമുഖലേഖനത്തിലൂടെ ഇത് പ്രസിദ്ധികരിച്ചു.

## നൃത്തം-നോവൽ-എം മുകുന്ദൻ

സാങ്കേതികവിദ്യ പ്രമേയമാക്കി മലയാളത്തിലുണ്ടായ ആദ്യനോവലാണ് നൃത്തം.സാങ്കേതികവിദ്യയുടെ കടന്നുവരവോടെ കത്തുകൾക്കും കവിമ്പികൾക്കുമപ്പുറം മറ്റുപല ആശയ വിനിമയ സാധ്യതകൾ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്ന ലോകത്തെക്കുറിച്ച് നാം അറിയുന്നു.സ്ഥലകാല ബോധത്തെ മായിച്ചുകളയുകയും എന്നാൽ ലോകത്തെ ഏതു കോണിലും സ്വന്തം വിലാസം സ്ഥാപിക്കുകയുമാണ് ഒറ്റവരിയിലുള്ള ഇ-മെയിൽ വിലാസവും ചെയ്തുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത സാമൂഹിക-സാംസ്കാരിക-സാമ്പത്തിക ഘടകങ്ങളെ സമന്വയിപ്പിച്ച് പുതിയ ഇടങ്ങളെ നിർമ്മിക്കുകയാണ് ഈ നോവലിലെ കഥാപാത്രങ്ങളായ അഗ്നിയും ശ്രീധരനും തങ്ങളുടെ ഇ-മെയിൽ വിനിമയത്തിലൂടെ ചെയ്യുന്നത്.സൈബർസ്പേസ് എന്ന മായികലോകത്തിലൂടെ അയാൾ പരിചയപ്പെടുന്ന അഗ്നിയെലോകത്തിൻെറ ഏതോ കോണിൽ നിന്നും അയയ്ക്കുന്ന മെയിലുകളിൽക്കൂടി കേരളത്തിലെ കളരിമുറ്റത്തുനിന്നും പാശ്ചാത്യ നൃത്തലോകത്തിൻെറ ഉന്നതികളിലേക്ക്

നൃത്തച്ചുവടുകൾ വച്ചുകയറിയ അഗ്നിയുടെ കഥ ശ്രീധരനു മുന്നിലെത്തുന്നതിലൂടെ നോവൽ അവസാനിക്കുന്നു.

## ഇതാണെൻെറ പേര്-സക്കറിയ



മലയാളത്തിലെ ആദ്യത്തെ ഓഡിയോ നോവലായി പരിഗണിക്കുന്ന നോവലാണ് സക്കറിയയുടെ 'ഇതാണെൻെറ പേര്''.ഗാന്ധിവധമാണ് ഈ നോവലിൻെറ പ്രമേയം.ഗോഡ്സേയുടെ മാനസിക വ്യാപാരങ്ങൾ ചിത്രീകരിക്കുന്ന വിധത്തിലും സമകാലിക ഉത്തരാധുനിക അവസ്ഥയും കൂട്ടിക്കലർത്തി സാങ്കേതികതയുടെ ചട്ടക്കൂടിലാണ് ഈ നോവൽ രചിക്കപ്പെട്ടിരിക്കുന്നത്.

## സൈബർസ്വാധീനം മലയാളസാഹിത്യത്തിൽ

പുതുതലമുറയിലെ മാധ്യങ്ങൾ മനുഷ്യജീവിതത്തെ ഓരോ നിമിഷവും മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ്.മനുഷ്യൻെറ വൈകാരിക ബുദ്ധി ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ മാധ്യമവുമായി ബന്ധമുള്ളവയാണ്.ടെലിവിഷൻ, മൊബൈൽ ഫോൺ, ഇൻെറർനെറ്റ്,എന്നിവയാണ് നവ മാധ്യമങ്ങൾ.ഇവ നിരന്തരം പരിഷ്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു.ഈ കാലഘട്ടത്തിൽ സൈബർ സാഹിത്യത്തിൻെറ മേഖലയും ഈ മാധ്യമങ്ങളാൽ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു.അന്വേഷണങ്ങൾ ,അറിയിപ്പുകൾ,വ്യാപാരങ്ങൾ എന്നിവ വളരെ വേഗത്തിൽ സാധ്യമാകുന്നു.പുതുതലമുറയുടെ വിദ്യാഭ്യാസം

ആരംഭിക്കുന്നത്മാധ്യമങ്ങളിലൂടെയാണ്.സംസ്കാരം,ഭാഷ,സാഹിത്യം,കല,വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം ഇന്ന് നവ മാധ്യമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.മലയാളഭാഷ സൈബർ സ്വാധീനത്തിലൂടെ മാറ്റത്തിൻെറ ഘട്ടത്തിലാണ്. മലയാളം സൈബർ സ്വാധീനത്തിലൂടെ മാറ്റത്തിന് വിധേയമാകുന്നുണ്ട്. ഭാഷയുടെ മാറ്റം സാഹിത്യത്തിലും രൂപപരമായും ആഖ്യാനപരമായും മാറ്റം സംഭവിക്കാം.

ഗൂഗിൾ പോലുള്ള സാമൂഹ്യമാധ്യമങ്ങളിൽ തുടക്കസമയത്ത് ഇംഗ്ളീഷ് പോലുള്ള ഭാഷകളും അവയിലെ സാഹിത്യങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്.എന്നാൽ,ഇന്ന് അത് മലയാളഭാഷയിലും ഉള്ള സാഹിത്യവും മറ്റും ഉൾപ്പെടുത്തി പരമാവധി ഭാഷകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൂടുതൽ വിപുലമായിരിക്കുന്നു.സൈബർ സങ്കേതങ്ങൾ വളരെ വേഗത്തിലും ശരിയായതുമായ വിവരങ്ങൾ നൽകുന്നതിൽ അതു കൂടുതൽ ജനകീയമാവുകയും ചെയ്തിട്ടുണ്ട്.നമുക്ക് ആവശ്യമായ എന്തിനെക്കുറിച്ചുള്ള വിവരങ്ങൾ ഇൻെറർനെറ്റിൻെറ സഹായത്താൽ അതിവേഗം തന്നെ നമ്മുക്ക് ലഭ്യമാകുന്നു.മലയാളസാഹിത്യത്തെ ഇന്ന് സൈബർ രംഗം ഏറെ സ്വാധീനിച്ചിരിക്കുന്ന എന്നതിൻെറ തെളിവാണ് ഇൻെറർനെറ്റിലെ വിശാലമായ ലൈബ്രറികൾ.

# വേൾഡ് വൈഡ് വെബ്

ഇൻെറർനെറ്റ് എന്ന മായികലോകത്തിലേക്കുള്ള ജാലകമാണ് വേൾഡ് വൈഡ് വെബ്(www.)ഇംഗ്ളീഷ് ശാസ്ത്രജ്ഞൻ ടിം ബർണേഴ്സ് ലീ 1989-മാർച്ച്12-നാണ് വേൾഡ് വൈഡ് വെബ് കണ്ടെത്തുന്നത്.ലോകത്തെ തന്നെ ഏറ്റവും വലിയ വിപ്ളവകരമായ കണ്ടുപിടുത്തങ്ങളിൽ ഒന്നായി അത് മാറി.1990 മാർച്ചിലാണ് വേൾഡ് വൈഡ് വെബ് ലോകത്തെ തന്നെ ആദ്യ വെബ് ബ്രൗസർ എന്ന നിലയിൽ ടിം ബർണേഴ്സ് ലിയും കൂട്ടരും ആവിഷ്കരിക്കുന്നത്.ആദ്യം ഗവേഷണ സ്ഥാപനങ്ങളിലും പിന്നീട്1991 ഓഗസ്റ്റിൽ പൊതുജനങ്ങൾക്കുമായി ലഭ്യമാക്കി.ഇൻെറർനെറ്റിൽ പ്രവേശിക്കാനുള്ള ടൂളാണ് വേൾഡ് വൈഡ്

വെബ്.വെബ്എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാ കംപ്യൂട്ടറുകളിലും മറ്റ് മൊബൈൽ ഫോണുകളിലും വിവരങ്ങളും രേഖകളും അദൃശ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്.

## വിക്കിപ്പീഡിയ



പ്രധാന സൈബർ മാധ്യമങ്ങളിലൊന്നായ വിക്കിപ്പീഡിയയിലൂടെ സാഹിത്യവുമം ഭാഷയും മുന്നേറിക്കൊണ്ടിരിക്കുന്നു.വിക്കിപ്പീഡിയയുടെ ചരിത്രം ,മലയാള വിക്കിപ്പീഡിയയിലെ ലേഖനങ്ങൾ,ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രബന്ധങ്ങൾ മുതലായവ സാഹിത്യത്തിൻെറ ചരിത്രത്തിലെ വഴിത്തിരിവാണ്.

"വിക്കിപ്പീഡിയ ഒരു സ്വതന്ത്രവിജ്ഞാനകോശം" എന്നതാണ് വിക്കിപ്പീഡിയയുടെ ആപ്തവാക്യം തന്നെ.വിജ്ഞാനസംബന്ധിയായ വിഷയങ്ങളെക്കുറിച്ചുള്ള തിരച്ചിൽ, വിവരശേഖരണം, മുതലായവ വിക്കിപ്പീഡിയയിലൂടെ സാധ്യമാകുന്നു. ഇത് ഒരു സ്വതന്ത്രസോഫ്റ്റ് വെയർ ആയതിനാൽ തന്നെ ഏതൊരു വ്യക്തിക്കും വിക്കിപീഡിയയിലെ അറിവുശേഖരണത്തിൽ തിരുത്തലുകൾ നടത്താവുന്നതാണ്.

## ഗൂഗിൾ

ഇൻെറർനെറ്റ് തിരച്ചിൽ ,വെബ് അധിഷ്ഠിത സേവനം, വെബ്സൈറ്റ് പരസ്യം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനിയാണ് ഗൂഗിൾ.ലോകത്തിലെ ഏറ്റവും വിശാലമായ തിരച്ചിൽ സംവിധാനമാണ് ഗൂഗിൾ.അറിവുകൾ ശേഖരിച്ച് സാർവ്വ ദേശീയമായി ലഭ്യമാക്കുക എന്നതാണ് ഗൂഗിളിൻെറ പ്രഖ്യാപിത ലക്ഷ്യം.വിവിധ തിരച്ചിൽ ഉപകരണങ്ങളിലൂടെ ഇരുപത്

കോടിയിൽപരം അന്വേഷണങ്ങളാണ് പ്രതിദിനം ഗൂഗിളിലെത്തുന്നത്.വെബ് സേർച്ച് എൻജിൻ മാത്രമായിത്തുടങ്ങിയ ഗൂഗിൾ ഇപ്പോൾ ചിത്രങ്ങൾ,വാർത്തകൾ,വീഡിയോ,മാപ്പുകൾ,ഓൺലൈൻ വ്യാപാരം,ഓൺലൈൻ സംവാദം എന്നിങ്ങനെ ഇൻെറർനെറ്റിൻെറ സമസ്ത മേഖലകളിലും അനുബന്ധ സംവിധാനങ്ങളുണ്ട്.800 കോടിയോളം വെബ് പേജുകളും നൂറുകോടിയോളം വെബ് ചിത്രങ്ങളും ഗൂഗിൾ തിരച്ചിലുകൾക്കായി ക്രമപ്പെടുത്തിയിരിക്കുന്നു.

## <u>ൻെറ-ബുക്ക്</u>



ഇൻെറർനെറ്റിലെ സാഹിത്യവുമായി ബന്ധപ്പെട്ട ഒരു വെബ്സൈറ്റിന് ഉദാഹരണമാണ് ൻെറ ബുക്ക്. സാഹിത്യവും സാഹിത്യ രചൈതാക്കളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ഈ സൈറ്റിൽ ലഭ്യമാണ്.പുസ്തകങ്ങൾ വായിക്കാനും ഓൺലൈനായി പുസ്തകങ്ങൾ വാങ്ങാനും ഈ സൈറ്റിൽ സൗകര്യമുണ്ട്.ഒരു സാഹിത്യരചനയുടെയോ രചൈതാവിൻെറയോ പേര് ടൈപ്പ് ചെയ്ത് എൻറർ ചെയ്യുമ്പോൾ അതിനു സമകാലികവും സാമ്യവുമുള്ള വിഷയങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാകുന്നു എന്നത് മറ്റൊരു പ്രത്യേകതയാണ്.

## <u>ഇ.ഇന്ദുലേഖ</u>

പുസ്തകങ്ങളുമായി ബന്ധപ്പെട്ട മറ്റൊരു വെബ്സൈറ്റാണ് ഇത്.ഒരു ഇൻറർനെറ്റ് ലൈബ്രറി.പുസ്തകങ്ങളെക്കുറിച്ചും സാഹിത്യകാരന്മാരെക്കുറിച്ചുമുള്ള വിവരങ്ങൾ ഇതിൽ നിന്നും ലഭ്യമാകുന്നുണ്ട്.

## <u>സാങ്കേതികവിദ്യാകാലത്തെ സാഹിത്യം - വിഷയത്തിൻെറ പ്രസക്തി</u>

ഭാവിയിലെ സാങ്കേതിക വിദ്യകൾക്കും സൈബർ മാധ്യമരംഗത്തും സാഹിത്യപ്രവർത്തനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്.പാശ്ചാത്യലോകത്തിൽ സാങ്കേതികവിദ്യാപഠനങ്ങൾ ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു.ആയതിനാൽ ഈ

മേഖലയിലെ തനത്ര പഠനങ്ങൾ ശ്രദ്ധയോടെ ചെയ്യേണ്ട സാഹചര്യം മലയാള സൈബർ മാധ്യമപഠന രംഗത്ത് സംജാതമായിരിക്കുന്നു.

ആധുനിക മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ നിന്നും ഒഴിച്ചുനിർത്താൻ കഴിയാത്തത്ര സഹവർത്തിത്വം സാങ്കേതികവിദ്യകൾക്കും നവമാധ്യമങ്ങൾക്കും ഉണ്ട്.സമയവും കാലവും തമ്മിലുള്ള സങ്കൽപ്പബോധങ്ങളെ ധൈഷണികമായി അധീശപ്പെടുത്താൻ ഇന്ന് ഇത്തരം നൂതന മാധ്യമങ്ങൾ വഴി കഴിയുന്നു.സൈബർമാധ്യമങ്ങളിലെ ഭാഷയെയും സാഹിത്യത്തെയും കുറിച്ച് ഇതുവരെ മലയാളത്തിൽ പൂർണ്ണമായ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല എന്നതാണ് വാസ്തവം.

## വിവരശേഖരണം


പുസ്തകം

1.ചുരുങ്ങുന്ന ലോകം

# ഇന്റർനെറ്റ്

ഇന്റർനെറ്റിന്റെ സഹായത്തോടെയാണ് കൂടുതൽ വിവരങ്ങളും ലഭ്യമായത്. ഗൂഗിൾ, വിക്കിപ്പീഡിയ, ന്റെ-ബുക്ക്, ഇ.ഇന്ദുലേഖ മുതലായ വെബ്സൈറ്റുകൾ എന്നിവ ഇതിനായി ഉപയോഗിച്ചുവിവരങ്ങൾ ശേഖരിച്ചു.

(മലയാളം അദ്ധ്യാപിക ഷൈലജ ടീച്ചർ, മറ്റ് അദ്ധ്യാപകർ, കൂട്ടുകാർ,രക്ഷകർത്താക്കൾ എന്നിവരും വിവരശേഖരണത്തിനു സഹായിച്ചു.)




# ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം



ഘടികാരങ്ങൾ എല്ലാം അറിയുന്നു. ഏത് രാത്രിയായാലും പകലായാലും ഘടികാരം നോക്കാതെ ഒരു യാത്രയോ ഉറക്കമോ ഇല്ല.ഉറങ്ങുമ്പോഴും ഉണ്ണുമ്പോഴും ഒരു സമയം ഉണ്ട്.അത് ഘടികാരം നോക്കിയാണ്.ഒരു പ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ചെറുപ്പകാലം മുതൽക്കെതന്നെ നമ്മൾ ഈ ഘടികാരം കാണാൻ തുടങ്ങിയതാണ്.വീട്ടിലൂടെ വെറുതെ നടക്കുമ്പോഴാണെങ്കിലും ചോദിക്കും ,മോനേ സമയമെത്രയായി എന്ന്. രാത്രിയിലൊക്കെ കിടന്നുറങ്ങുമ്പോഴും ക്ലോക്കിന്റെ ശബ്ദം കേട്ട് ഉറങ്ങാൻ ഒരു രസമാണ്. എല്ലാ കാര്യങ്ങൾക്കും ഒരു സമയമുണ്ട്.അത് ക്ലോക്കിലെ സെക്കന്റ് മിനിറ്റ് എന്ന സൂചികളിലൂടെയാണ് സമയം അറിയുന്നത്.

മറ്റുള്ളവർക്ക് വേണ്ടി ഓടുന്ന ഒരു ജീവിയല്ലേ ഞാൻ കാലം മാറുന്നതനുസരിച്ച് എന്റെ ജീവിതം വേണമെങ്കിലും നിലയ്ക്കാം.പിന്നെ അത് ആരുടെ എങ്കിലും ദയകൊണ്ടൊരു ബാറ്ററി മേടിച്ചിട്ടാൽ ആയി.എങ്കിലും ഒരു കാര്യം ഉണ്ട്,ഞാൻ ഇല്ലാതെ ഇവർക്ക് ഒരു സമയ സന്ദർഭങ്ങളും അറിയാൻ സാധിക്കില്ല.അതുകൊണ്ട് തന്നെ എനിക്ക് ഒരുബാറ്ററി മേടിച്ച് ഇടുമായിരിക്കും.മറ്റുള്ളവർക്ക് വേണ്ടി ഞാൻ ചത്ത് കിടന്ന് ഓടിയിട്ടും എന്റെ കാര്യം ശ്രദ്ധിക്കാൻ ആരും ഇല്ലാണ്ടായി.



# എന്റെ അമ്മ



ഈ ലോകത്ത് പകരം വെയ്ക്കാൻഴിയാത്തതായുള്ളത് ഒരുകാര്യം മത്രമാണ്. അത് അമ്മയുടെ സ്നേഹം മാത്രം. ഒരമ്മ ഏതൊരു മക്കൾക്കും നൽകുന്ന സ്നേഹവും ലാളനയും വക്കുകൾക്കൊണ്ട് വർണിക്കാൻ സാധിക്കത്തതാണ്. ജനിച്ചു വീണ ഏതൊരു കുഞ്ഞിനും അമ്മയുടെ സ്പർശനത്തിലൂടെ അറിയാൻ കഴിയുന്ന വികാരമാണ് വാത്സല്യം.അമ്മയുടെ പരിലാളനയും സ്നേഹവും ഒരു കുഞ്ഞിനും മതിയാവാറില്ല.ഒരുമ്മയും കുഞ്ഞും വെറും ഗന്ധത്തിലൂടെയും സ്പർശനത്തിലൂടെയും മാത്രം ഒരുങ്ങുന്നതല്ല.അതൊരു മാന്ത്രികത തന്നെയാണ് ഏതൊരു കുഞ്ഞിന്റെയും ആദ്യ ഗുരു അമ്മ തന്നെയാണ്.ഒരമ്മ തന്റെ കുഞ്ഞിന് നൽക്കുന്ന സ്നേഹവും വാത്സല്യവും മറ്റാർക്കും നൽക്കാൻ കാഴിയില്ലത്തതാണ്.

# അഭിജ്ഞാനശാകുന്തളം

കാളിദാസഭാവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്നത് ശാകുന്തളത്തിന്റെ രചനയിലാണ്. ആശ്രമത്തിന്റെ അഴകും, പരിശുദ്ധിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും ഈ കൃതിയിലുണ്ട്.പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും, ത്യാഗവും അതിൽ കാണാം ഭൂമിയും,സ്വർഗ്ഗവും ഒരൊറ്റ വാക്കിലടക്കണമോ?. ഞാൻ പറയാം -ശാകുന്തളം! അതിൽ എല്ലാം അടങ്ങിയിരിക്കുന്നു എന്നതാണ് ശാകുന്തളത്തെക്കുറിച്ച് വിശ്വമഹാകവി ഗോയ്ഥേ പറഞ്ഞത്.

# ലൈബ്രറി

അറിവ് നേടുന്നതിന് വായന ആവശ്യമാണ്. എന്നാൽ എല്ലാ പുസ്തകങ്ങളും നമുക്ക് വിലകൊടുത്ത് വാങ്ങി വായ്ക്കുന്നതിന് കഴിയില്ല ഇതിനായി നാം ലൈബ്രറിയിൽ അംഗത്വം നേടുന്നു. ലൈബ്രറികളിൽ കഥ, നോവൽ, കവിത, പ്രബന്ധം, നാടകം തുടങ്ങി വിവിധ തരത്തിലുള്ള പുസ്തകങ്ങൾ ഉണ്ട്. ഇവ വായിക്കുക വഴി അറിവ് വർധിപ്പിക്കുന്നതോടൊപ്പം വിനോദവുമാകുന്നു. പബ്ളിക് ലൈബ്രറി, ഒരു വ്യക്തിയുടേതായ ലൈബ്രറി എന്നിങ്ങനെ ഇവ രണ്ടുതരത്തിലുണ്ട്. ഇവയിൽ പബ്ളിക് ലൈബ്രറി പൊതുജനങ്ങൾക്കായിട്ടുള്ളതാണ്. ലൈബ്രറി പവിത്രമായ ഒരു ദേവാലയമാണ്

# ഭീഷ്മർ



ഗംഗയിൽ ശന്തനു മഹാരാജാവിനു ജനിച്ച പുത്രൻ ശിഖണ്ഡിയെ മുൻനിർത്തി അർജ്ജുനൻ അഹദ്ദേഹത്തെ അമ്പെയ്തുവീഴ്ത്തി.പിതാവിന് സത്യവതിയെ വിവാഹം കഴിക്കുന്നതിനും സത്യവതിയുടെ പുത്രന് രാജ്യവകാശം ലഭിക്കുന്നതിനും വേണ്ടി. ആയുഷ്കാലം അവിവാഹിതനായിരുന്നുകൊള്ളാം എന്ന് ഉഗ്രമായ പ്രതിജ്ഞചെയ്തു കൊണ്ടാണ് ഭിഷ്മർ എന്നപേരിൽ അറിയപ്പെട്ടത് ശന്തനുമഹാരാജാവ് ഭിഷ്മക്ക് സ്വച്ഛന്ദമരണം [ഇഷ്ടമുള്ളപ്പോൾ മരിച്ചാൽമതി] എന്ന വരം ദാനം ചെയ്തു.

# മൈക്കിൾ ജാക്സൻ

പ്രക്രതിരമണിയമായ ഒരു താഴ്വരയാണ് ഇവാടെ കാണിക്കുന്നത്. നിരറയെ മലകളും പൂക്കളും നിൽക്കുന്നു. കൂടാതെ പ്രക്രതിസൗന്ദര്യവും ഇതോക്കെ നശിപ്പിക്കാനായി ഒരുയന്ത്രം എത്തുകയാണ്. ഇതിനിടയിൽ മനുഷ്യരും മൃഗങ്ങളും ദു;ഖിച്ചുനിൽക്കുന്നു. അവർ വിഷമിതനും ദു;ഖിതരുമാണ്. മൃഗങ്ങൾ ഓടിക്കളിക്കുന്നതാഴ്വര അതിമനോഹരമായ പൂക്കൾനിടഞ്ഞുനിൽക്കുന്ന താഴ്വര. അതിമനോഹരമായ പൂക്കൾനിറഞ്ഞുനിൻക്കുന്നതാഴ്വര മലകളും മരങ്ങളും നിറ ഞ്ഞുനിൻക്കുന്ന പ്രക്രതിരമണീയമായ താഴ്വര ഇതോക്കെ കുറച്ചു ദിവസങ്ങൾക്കകം നശിപിക്കപെടുന്നു.

ഭീരങ്കിപോലുള്ള ടാങ്കുകളും പുഴകളും മത്സ്യങ്ങൾ നിറഞ്ഞുനിന്ന തടാകങ്ങൾ വറ്റിവരണ്ടും മാലിന്യങ്ങൾ നിറഞ്ഞ് നാശമായി കിടക്കുന്നു.ആദിവാസികളായ


മനുഷ്യർ പ്രകൃതിയെയും മണ്ണിനെ പുണർന്നുകൊണ്ട് കരയുന്നു.ഒരു ശക്തമായ യന്ത്രം മൂലം വെട്ടിനശിപ്പിക്കപെട്ട മരങ്ങൾ ഉയർന്ന് നിൽക്കുന്നു.ചത്ത ജീവികൾ

തലയെടുപ്പോടെ എഴുന്നേൽക്കുന്നു. തടാകങ്ങൾ വീണ്ടും ഉത്ഭവിക്കപ്പെട്ടു. ധ്രുവക്കരടികൾ പ്രകൃതിയെ നോക്കിച്ചിരിക്കുന്നു.

# കലാമണ്ഡലം ഗീതാനന്ദൻ

കരളത്തിലെ ഒരു ഓട്ടൻ തുള്ളൽ കലാകാരനായിരുന്ന കലമണ്ഡലം ഗീതാനന്ദൻ. രാജ്യത്തിനകത്തും പുറത്തുമായി അയ്യായിരത്തിലധികം വേദികളിൽ ഓട്ടം തുള്ളൽ അവതരിപ്പിച്ചിട്ടുണ്ട്. നിരവധി സിനിമകളിൽ അഭ്യാസിപ്പിച്ചിരുന്ന ഗീതാനന്ദന് അയിരത്തോളം ശിഷ്യന്മാരുണ്ട് .2018 ജനവരി 28 ന് തൃശ്ശൂർ ഇരങ്ങാലക്കുടയിലെ

അവിട്ടത്തൂർ മഹാശിവക്ഷേത്രത്തിൽ ഓട്ടൻതുള്ളൽ അവതരിപ്പിക്കുമ്പോൾ കുഴഞ്ഞു വീണു മരിച്ചു. ശ്രീഗുരുവായൂർ അയ്യപ്പൻ ക്ഷേത്ര കലാ പുരസകരം, കേരള സംഗിത നാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട് .



## പൂക്കളും ആണ്ടറുതികളും



എനിക്ക് വളരെ എറെ ഇഷ്ടമാണ് പൂക്കൾ. നമ്മുടെ നാടിനെ ഭംഗിയാക്കുന്നത് നമ്മുടെ പലവർണ്ണങ്ങളിലും രൂപങ്ങളിലും ഉള്ള പൂക്കളാണ്. എല്ല സ്ഥലത്തും സന്തോഷത്തിന്റെ സ്നേഹത്തിന്റെയും പ്രതീകമാണ് പൂക്കൾ. കേരളിയരുടെ മിക്ക ഉത്സവത്തിനും പ്രധാനമായും ഉപയോഗിക്കാറുള്ളത് പൂക്കളാണ്.രാവിലെയുള്ള ഇള്ള വെയിലുംകൊണ്ട് തിളങ്ങിനിൽക്കുന്ന പൂക്കളെ കണ്ടാൽ എന്തു ഭംഗിയാണ്. പൂക്കളിൽ പറ്റിപിടിച്ച് നിൽക്കുന്ന ആമഞ്ഞുതുള്ളികളിൽ വെയിൽ ഏൽക്കുംമ്പോൾ വൈരങ്ങൾ പോലെ തിളങ്ങുന്നു. എല്ല ഒണത്തിനും പലതരിത്തിലുള്ള പൂക്കൾ ഉപയോഗിച്ചാണ് അത്തപൂക്കളും ഇടുമന്നത്. എന്റെ അമ്മ നല്ല ചെടികൾ കാണുമ്പോൾ അതിന്റെ തൈകൾ വീട്ടിൽ കൊണ്ടുവന്ന് നടും.

# മഴ അനുഭവം

ഒരു വൈകുന്നേരം.ജൂൺ മാസത്തിലെ ഒരു പെരുമഴ അന്ന് ഞാൻ സ്കൂളുവീട്ട് വീട്ടിലേക്ക് പോകുകയായിരിന്നു ഞാനും എന്റെചേചിയും തനിച്ചായിരുന്നു. നല്ല ശക്തമായ കാറ്റുമഴ മഴയുമായിരുന്നു അന്ന് നടന്ന് നടന്ന് ഞാങ്ങൾ ഒരു വളവ് കഴിഞ്ഞാപോൾ ഒരു വീട്ടിൽ നിന്നും കാറ്റ് കരണം ഒരു ടാങ്ക് ഞങ്ങളുടെ നേരെഉരുണ്ട വരുകയായിരുന്നും പെട്ടന്ന് അത് കണ്ടാപ്പോൾ ഞാൻ ചേയേയുംക്കൂട്ടി ഓടി കാറ്റിന്റെ ദിശമാറിയപ്പോൾ ആ ടാങ്ക് തുളിമാറി വീണ്ടും അത് ഞങ്ങളുടെ നേരെവന്നു ആ വീട്ടിലെ ചേട്ടൻ ടാങ്ക് ഞാങ്ങളുടെ നേരെവരുന്ന തുകണ്ട് ഒത്തിരിയാൾക്കാരെയെു കൂട്ടി ആ ടാങ്കിന്റെ പുറകെ വന്നും പിന്നെ കാറ്റ് കുറഞ്ഞപ്പോൾ അത് ഉരുണ്ട ഒരു മതിലിന്റെമട്ടയിൽ നിന്നും താഴേക്ക് വീണു അതുകഴിഞ്ഞപ്പോൾ എനിക്ക് പേടിയായിട്ട് ഞാൻ കരയാൻ തുടങ്ങി കുറച്ച് കഴിഞ്ഞ് ഞങ്ങൾ ഒരു ഇടവഴിയിലുടെ നടക്കുകയായിരുന്നു കാറ്റു മഴയും ശക്തികൂട്ടി തിമിർക്കുന്നു. കുടകളെല്ലാം കാറ്റിൽ പറന്നുപോയി. ഞങ്ങൾ നടക്കുന്ന വഴിയിലുടെ മരങ്ങളെല്ലാം കാറ്റ് കരണം പെട്ടന്ന് വീഴുകയായിരുന്നു ഞാൻ എന്റെ ചേച്ചിയും വാവിട്ട കരഞ്ഞിട്ടും ആരു കേക്കുന്നില്ലയിരുന്നു . പിന്നെ ഞങ്ങളുടെ വീടിന്റെ അടുത്ത്താമസിക്കുന്ന ചേച്ചിമാരെയാണ് ഞങ്ങൾ കണ്ടത്.ഒത്തിര് വലിച്ച് കീറിയ ശേഷം അവർ തങ്ങളെ കണ്ടു.അപ്പോഴത്തേനും എന്റെ ബോധം പോയി.പിന്നെ എന്നെ അവർ എടുത്ത് കൊണ്ട് വീട്ടിലെത്തിച്ചു.ഇതാണ് എന്റെ ഭീകരമായ മഴയനുഭവം.

# എസ്.ഗുപ്തൻനായർ

മലയാളസാഹത്യ നിരൂപകനും പണ്ഡിതനും വാഗ്മിയും അധ്യാപകനുമായ എസ്.ഗുപ്തൻനായർ കൊല്ലം ജില്ലയിലെ ഓച്ചിറയിൽ 1919 ആഗസ്റ്റ് 22-ന് ജനിച്ചു.പിതാവ് ഒളശ്ശ പി. ശങ്കരപ്പിള്ള,മാതാവ് ശങ്കരിയമ്മ.കായംകുളം ഗവ.ഹൈസ്കൂളിൽ നിന്ന് സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി.1941-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്ന് മലയാളത്തിൽ ബി.എ ഓണേഴ്സ്പാസായി.1945-ൽതിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളം അധ്യാപകനായി ഔദ്യോഗികവൃത്തി ആരംഭിച്ചു.തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്,എറണാകുളം മഹാരാജാസ് കോളേജ് എന്നിവടങ്ങിൽ പ്രൊഫസറായി സേവനം അനുഷ് ഠിച്ചു.കേരള സാഹത്യസമിതി,സാഹിത്യപ്രവർത്തക സഹകരണസംഘം,കേരള സാഹിത്യ അക്കാദമി എന്നിവയുടെ അധ്യക്ഷനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.ആധുനികസാഹിത്യം,സമാലോചന,ക്രാന്തദർശികൾ,ഇസങ്ങൾക്കപ്പുറം,കാവ്യസ്വരൂപം,പുനരാലോചന,കേസരിയുടെ വിമർശം,സൃഷ്ടിയും സ്രഷ്ടാവും,അസ്ഥിയുടെ പൂക്കൾ,മാനസ്സാസ്മരാമി തുടങ്ങിയവ പ്രധാന കൃതികൾ.

കേരള സാഹിത്യ അക്കാദമി അവാർഡ്(1966)

കേന്ദ്ര സാഹിത്യ അക്കാദമിഅവാർഡ്(1984)

വള്ളത്തോൾ പുരസ്കാരം(1995)

വയലാർ അവാർഡ്(1988)

എഴുത്തച്ഛൻ പുരസ്കാരം (2005) എന്നിവയുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.2006 ഫെബ്രുവരി 6-ന് അന്തരിച്ചു.

# കാളിദാസ കൃതികൾ

## ഋതുസംഹാരം



കാളിദാസന്റെ ആദ്യ കൃതിയായി കരുതപ്പെടുന്നു. ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം,വസന്തം എന്നീ ക്രമത്തിൽ ആറു ഋതുക്കളെയും ആറു സർഗങ്ങളുള്ള ഈ ചെറുകാവ്യത്തിൽ ക്രമമായി വർണിച്ചിരിക്കുന്നു.കാളിദാസന്റെ അഗാധമായ പ്രകൃതിസ്നേഹവും സൂഷ്മനിരീക്ഷണ ശക്തിയും ഈ കൃതിയിൽ കാണാം.എന്നാൽ ഗാഭീര്യമുള്ള ആശയങ്ങളോ അനുബദ്ധമായ ജീവിത നിരീഷണമോ മിക്കവാറും ഇല്ലെന്നു തന്നെ പറയാം.അതിനാൽ വളരെയധികം നിരൂപകന്മാർ ഇതിന്റെ കർത്തൃത്വം കാളിദാസനിൽ ആരോപിക്കുന്നതിനുതന്നെ മടിക്കുന്നുണ്ട്.ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന പരിവർത്തനങ്ങളെയും മനുഷ്യമനസ്സിൽ ഈ പരിവർത്തനങ്ങളുടെ ഫലമായി ഉദയം കൊള്ളുന്ന സുഖതൃഷ്ണകളെയും ലളിതഭാഷയിൽ ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

# മേഘസന്ദേശം

പ്രിയജനവിരഹം കൊണ്ട് മനുഷ്യമനസ്സിൽ ഉണ്ടാക്കുന്ന വെമ്പലും വേദനയുമാണ് മേഘസന്ദേശത്തിലെ പ്രതിഭാസം.ജോലിയിൽ വീഴ്ച വരുത്തിയതിന് ഒരു യക്ഷനെ അളകാപുരിയിലെ രാജാവായ വൈശ്രവണൻ ശിക്ഷിക്കുന്നു.ഭാര്യയെ പിരിഞ്ഞ് രാമഗിരിയിൽ ഒരു കൊല്ലം താമസിക്കാനായിരുന്നു ശിക്ഷ.പത്നിയെ പിരിഞ്ഞതിൽ ദുഖിതനായ യക്ഷൻ മേഘത്തിന്റെ കൈയിൽ പത്നിക്കു സന്ദേശം കൊടുത്തയ്ക്കുന്നതാണ് ഈ കാവ്യത്തിനു വിഷയം.ഇന്ത്യയിലെ നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും വർണന ഈ കാവ്യത്തിലുണ്ട്.കാളിദാസന്റെ ഈ ചെറുകാവ്യത്തിനു ലഭിച്ചത്ര അഭിനന്ദനം മറ്റൊരു കവിക്കും കാളിദാസന്റെ മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടില്ല എന്ന് ഈ കൃതിയേക്കുറിച്ച് ലേഖകൻ പറയുന്നു.തീക്ഷ്ണസൂക്ഷ്മവും അപഗ്രഥനാതിതുമായ ശാശ്വതവിരഹബോധത്തിന്

മനുഷ്യചേതനയിലെ ആ മൗലികഘടകത്തിന്-ഹൃദയദ്രവീകരണക്ഷമമായ രൂപം നൽകുകയും ചെയ്തിരിക്കുന്നു.

## കുമാരസംഭവം

കാളിദാസകൃതികളിൽ ഏറ്റവും ആഴംഉള്ളത് 'കുമാരസംഭവ'ത്തിനാണ്. പാർവതി പരമേശ്വരനായരുടെ പ്രണയവും വിവാഹവും കുമാരന്റെ ജനനവും താരകാസുരവധവും അവതരിപ്പിക്കുന്ന ഈ കാവ്യം. ശരീരലാവണ്യം കൊണ്ട് നേടാൻ കഴിയാത്ത പരമേശ്വര സ്നേഹം തപസ്സ്-ത്യാഗം-കൊണ്ടാണ് പാർവതി നേടുന്നത്.ഇതിലൂടെ ഭോഗത്തിലല്ല ത്യഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണത എന്ന സത്യം ആവിഷ്കരിക്കുകയാണ് കാളിദാസൻ.

### രഘുവംശം

സൂര്യവംശരാജാക്കന്മാരുടെ കഥയാണ് രഘുവംശം.രാജധർമത്തെപ്പറ്റി ഭാരതിയർക്കുണ്ടായിരുന്ന ഉജ്ജ്വലാദർശങ്ങൾ ഈ കാവ്യത്തിൽ ഉടനീളം പ്രകാശിക്കുന്നു.ദിലീപൻ മുതൽ അഗ്നിവർണൻ വരെയുള്ള മുപ്പതോളം രാജാക്കന്മാരുടെ ചരിത്രം ഇതിൽ പ്രതിപ്പാദിച്ചിരിക്കുന്നു.ഇതിലും കവി ത്യാഗത്തിന്റെ മാഹാത്മ്യത്തെ പുകഴ്ത്തിപ്പാടുന്നു.കാടും നാടും നഗരവും പുഴയും മലയും സമുദ്രവും പ്രകൃതിയുടെ എല്ലാ അവസ്ഥയും ഈ കാവ്യത്തിൽ വർണിച്ചിരിക്കുന്നു. ഈ അർഥത്തിൽ രഘുവംശം ഉദാത്തമായ കവിതയാണെന്ന് ലേഖകൻ പറയുന്നു.

## മാളവികാഗ്നിമിത്രം


കാളിദാസന്റെ ആദ്യ നാടകമാണ് മാളവികാഗ്നിമിത്രം.വിദിശയിലെ രാജാവായ അഗ്നിമിത്രന്റെ കുടുംബജീവിതം ഈ നാടകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. അക്കാലത്തെ രാഷ്ട്രീയ സ്ഥിതിഗതികളും ഈ നാടകത്തിൽ പ്രതിഫലിക്കുന്നു.

# വിക്രമോർവശിയം

അപ്സരസ്സായ ഊർവശിയും പുരൂരവസ്സെന്ന രാജാവും തമ്മിലുള്ള പ്രണയബന്ധത്തെ ആസ്പദമാക്കി കാളിദാസൻ രചിച്ച ഗീതപ്രധാനമായ നാടകമാണ്വി ക്രമോർവശിയം.

# അഭിജ്ഞാനശാകുന്തളം

കാളിദാസഭാവന ഏറ്റവുമധികം തെളിഞ്ഞുപ്രകാശിക്കുന്നത് ശാകുന്തളത്തിന്റെ രചനയിലാണ്.ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും ഈ കൃതിയിലുണ്ട്. പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും ത്യാഗവും അതിൽ കാണാം. ക്രോധവും ഔദാര്യവും മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതിമധുരങ്ങളായ ചിത്രങ്ങളും അതിൽ ചിതറിക്കിടക്കുന്നു.മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രികരക്കപ്പെട്ടിരിക്കുന്നു. ഭൂമിയും സ്വർഗവും ഒരൊറ്റവാക്കിലടക്കണമോ? ഞാൻ പറയാം ശാകുന്തളം അതിൽ എല്ലാം അടങ്ങിയിരിക്കുന്നു എന്നാണ് ശാകുന്തളത്തെക്കുറിച്ച് വിശ്വമഹാകവി ഗോയ്ഥേ പറഞ്ഞത്.



# സത്യമേവ ജയതേ



ഒരു അസത്യത്തിന്റെ കാതൽ അത് പറയാൻ ഉപയേഗിക്കുന്ന ഒരുകൂട്ടം വാക്കുകളിലാകണമെന്നില്ല. ചിലപ്പോൾ അത് കേവലം മൗനമാകാം. അല്ലെങ്കിൽ ഒരുകൂട്ടം ജടിലപദങ്ങളാവാം. അതുമല്ലെങ്കിൽ, പ്രഥമദൃഷ്ട്യാ അത് സത്യദർശനമെന്ന് തോന്നിപ്പിക്കും വിധം തെറ്റായി പ്രദർശിപ്പിക്കുന്ന അർത്ഥവ്യാപ്തിയിലാകാം. എന്തായാലും നേരായി പറയുന്ന ഒരു അസത്യത്തേക്കാൾ പലമടങ്ങ് നീചവും അധമവുമാണ് മേൽസൂചിപ്പിച്ചവിധത്തിലുള്ള വളച്ചുകെട്ടിയ നുണകൾ. ഏറെക്കുറെ ഈ അർത്ഥം വരുന്ന നുണയെക്കുറിച്ചുള്ള ജോൺ റസ്കിന്റെ നിർവചനം മഹാത്മജി തന്റെ വാർധയിലെ സേവാഗ്രാം ആശ്രമത്തിന്റെ ചുവരിൽ തനിക്ക് എപ്പോഴും കാണത്തക്കവിധം എഴുതി തൂക്കിയിരുന്നതായി പറയപ്പെടുന്നു. ആ ചുവരെഴുത്തിന് ഇപ്പോൾ പ്രസക്തി കൈവരുന്നത് ഭരണകൂടങ്ങൾ രാജ്യാഭിവൃദ്ധിക്ക് എന്ന പേരിൽ നിർമിക്കുന്ന ' ടാഗ് ലൈനുകളും'

ഭരണക്കർത്തക്കൾക്ക് രാജ്യം നൽകുന്ന അപരനാമങ്ങളും ആ നിർവചനത്തെ വീണ്ടും നിനവിൽ വരുത്തുന്നു എന്നതുകൊണ്ടാണ്. 'ഗരീബി ഹഠാവോ', അടിയന്തരാവസ്ഥക്കാലത്തെ 'നാവടക്കൂ പണിയെടുക്കൂ', സമീപക്കാലത്തെ 'എൽ.ഡി.എഫ് വരും എല്ലാം ശരിയാകും'

എന്നീ പദനിർമ്മിതികളുടെ അന്തസ്സാരശൂന്യത ബോധ്യപ്പെടുത്താൻ വിശകലനങ്ങൾ ആവിശ്യമില്ല.



# സ്വാതന്ത്ര്യസമരപങ്കാളി



സ്വാതന്ത്ര്യത്തിനായി പോരാടിയ കുറ്റത്തിന് ജയിലുകളിൽ അടയ്ക്കപ്പെട്ട കാലത്ത് ആ അമ്മമാർ എന്ത് ചെയ്തു. ഭാരതത്തിലെ യുവതി യുവാക്കൻമാർ അവരെ എവിടെ നിന്നോ വലിഞ്ഞുകയറിയ വെള്ളക്കാരുടെ ഗവൺമെന്റിന്റെ കിങ്കരൻമാരായ ഭാരത്തിയർത്തന്നെ ഇടിച്ചും തോഴിച്ചും എല്ലുകൾഞ്ഞെരിച്ചും ജയിലുകളിൽ അടിരിക്കുന്നക്കാലത്ത് അവരുടെ അമ്മമാർ വെളിയിലുള്ള ലക്ഷോപലക്ഷം ജനങ്ങളിൽ ഇരുന്ന് എന്ത് ചെയുതു ഒർക്കാൻ കഴിയുമോ? ഒന്നും എനിക്ക് ഉഹിക്കാൻ കഴിയുന്നില്ല. എങ്കിലും എന്റെ അമ്മ എന്നെ ഒർത്ത് എന്ത് ചെയ്യുവെന്ന് എനിക്ക് നല്ലവണ്ണം അറിയാം.ബഷീറിന്റെ ഒർമ്മകളിലെ സ്വതന്ത്ര്യസമരപങ്കാളിത്തമാണ് ഇത് വ്യകതമാക്കുന്നത്.

**അലീന പ്രമോദ്.**

# ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്



ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾ ത്തന്നെ പറയുന്നു.ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.ആളുകൾക്കോ വീടുകൾ ക്കോ ചരിത്രത്തിനോ ഉന്മാദം വരാം.ഉന്മാദത്തിൽ ശരി മാത്രമേ ഉള്ളൂ.തെറ്റും തോൽവിയും ഇല്ല. അസാധ്യം എന്ന വാക്കില്ല. ഉണർവ്വം മത്സരവും ഏറിയ നമ്മുടെ

സമുദായത്തിൽഅതുകൊണ്ട് ആർഭാടത്തിന്റെ ഉന്മാദം വർധിച്ചുവരുന്നു. Beg ,borrow or steal എന്നതാണ് മുദ്രാവാക്യം. കടക്കെണിയായി. കളവും കൊള്ളയുമായി തെരുവുകളിലും രാജനീതിയിലും ഇത് പ്രത്യക്ഷപ്പെടാം. മൂലയ്ക്കായിപ്പോകുന്ന മനുഷ്യരുടെയും രാജ്യങ്ങളുടെയും പ്രതികരണം , നിറവേറ്റാത്ത മോഹം , പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു. ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത് ;ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം.ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു. സമുദായ സംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ,അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു.ഉള്ളവന് ആർഭാടമാകുന്നു തെളിവ്.പതിനൊന്ന് ആനയുള്ള ദൈവം ആനയില്ലാത്ത മറ്റ് ദൈവങ്ങളേക്കാൾ എത്രയോ വലിയവൻ. മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും.അവർക്ക് മാത്രമായി മീനിന്റെ വില കുറയുകയുമില്ല.ആർഭാടത്തിനുള്ള ചെലവും മാറുകയില്ല.ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു.സമുദായസ്ഥാപനങ്ങൾക്ക് മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ ,സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ട് വരാൻ കഴിയൂ.ഇത് സർക്കാരിന്റെയോ രാഷ്ട്രീയക്കാരന്റെയോ തട്ടകമല്ല.ആചാരങ്ങളുടെ സ്വത്വവൈകാരിക തലമാകുന്നു. അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.



അമൃത ബിജു.

# ക്വിസ്



1. ആമ്പൽ ദേശീയപുഷ്പമായിട്ടുള്ള ഇന്ത്യയുടെ അയൽ രാജ്യം ഏതാണ് ?

ബംഗ്ലാദേശ്

2. ഇന്ത്യയിലെ ആദ്യത്തെ വലിയ സ്വകാര്യതുറമുഖം ഏതാണ്?

മുന്ദ്ര . ഗുജറാത്ത്

3. കേരളത്തിലെ ആദ്യത്തെ ഷെഡ്യൂൾഡ് ബാങ്ക് ഏതാണ് ?

സൗത്ത് ഇന്ത്യൻ ബാങ്ക്

4. ഭൂമിയുടെ ശ്വാസകോശം എന്ന വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

ആമസോൺ മഴക്കാടുകളെ

5. വെളുത്തുള്ളിയുടെ ഗന്ധമുള്ള മൂലകം ഏതാണ് ?

വെളുത്ത ഫോസ്ഫറസ്

6. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയ നദി ഏതാണ് ?

ഗോദാവരി

7. ഗ്രീൻഗോൾഡ് എന്നറിയപ്പെടുന്നത് എന്തിനെയാണ് ?

തേയില

8. വിനാഗിരിയിൽ ലയിക്കുന്ന രത്നം ഏതാണ് ?

പവിഴം

9. ഇന്ത്യയിലെ ഏക വേലിയേറ്റ തുറമുഖം ഏതാണ് ?

കാണ്ട്ല

10. ഓളജി എന്തിനെക്കുറിച്ചുള്ള പഠനമാണ് ?

മുട്ടകൾ

11. ലോകത്തിലെ ഉയരം കൂടിയരണ്ടാമത്തെ കൊടുമുടി ഏതാണ് ?

മൗണ്ട് കെ 2

12. ഇന്ത്യയിലെ ചുവപ്പ് നദി എന്നറിയപ്പെടുന്ന നദി ഏതാണ് ?

ബ്രഹ്മപുത്ര

13. സുവർണ്ണവിപ്ലവം ഏതിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

പഴങ്ങൾ

14. കേരളത്തിലെ ആദ്യ നിയമ സാക്ഷരതാ ഗ്രാമം ഏതാണ് ?

ഒല്ലൂക്കര

15. കേരളമാക്ർക്സ് എന്നു വിശേഷിപ്പിക്കപ്പെടുന്നത് ആരെയാണ് ?

കെ . ദാമോദരൻ



# സ്കൂൾതല പ്രവർത്തനങ്ങൾ






20-06-2019
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ
വായനാദിനാചരണം നടത്തി.


കാഞ്ഞാർ
ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് വിമുക്തി
ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി.


കുടയത്തൂർ
വായനാപക്ഷാചരണത്തിന്റെ ഭാഗമായി കുടയത്തൂർ
ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പുസ്തകപ്രദർശനം നടത്തി.





നാടിന്റെ ഉയർച്ചയ്ക്ക് അഭിമാനത്തോടെ ഞങ്ങളും
പദ്ധതിയുടെ ഉദ്ഘാടനവും നടന്നു.




അധ്യാപകദിനത്തോടനുബന്ധിച്ച് കുടയത്തൂർ
ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപകദിനാചരണം നടത്തി.


കുടയത്തൂർ
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഹിരോഷിമാദിനം ആചരിച്ചു.
ഇതോടനുബന്ധിച്ച് കുട്ടികൾ യുദ്ധവിരുദ്ധ പ്രതിജ്ഞയെടുത്തു.


കുടയത്തൂർ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ
സംസ്കൃതദിനാചരണം നടത്തി.


കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്
ലിറ്റിൽകൈറ്റ്സ്
അവാർഡ് 2019
ജില്ലാതലം
രണ്ടാം സ്ഥാനം
ജി.എച്ച്.എസ്.എസ്. കുടയത്തൂർ,
തൊടുപുഴ, ഇടുക്കി
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little KITEs
കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
(കൈറ്റ്)



ലിറ്റിൽകൈറ്റ്സ്
അവാർഡ് 2019






കുടയത്തൂർ
30-09-2019
ഹിന്ദി മാസാചരണം സമാപിച്ചു.



കുടയത്തൂർ
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ
ഇനി ഉച്ചഭക്ഷണത്തോടൊപ്പം പാട്ടും കേൾ
RSC
St. Sebastian
Thodupuzha


കുടയത്തൂർ
05-10-2019
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ 2019-21 വർഷത്തെ
ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സ്കൂൾതല ഏകദിന ക്യാമ്പ് നടന്നു.






ചാന്ദ്രദിനം
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ
ഇ.റ്റി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനം ആചരിച്ചു.


കുടയത്തൂർ
സുരക്ഷിത ശബ്ദ മേഖലാ ക്യാമ്പസ് പദ്ധതിയ്ക്ക് തുടക്കമായി



കുടയത്തൂർ
VBC news
പുതിയ വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച്
മക്കളെപഠിപ്പിക്കുവാൻ അമ്മമാർക്കുള്ള പരിശീലനം നടന്നു.


കുടയത്തൂർ
25-09-2019
VBC news
ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും
തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.


കുടയത്തൂർ
VBC news
പാഠം ഒന്ന് എല്ലാവരും പാടത്തേയ്ക്ക് പദ്ധതിയ്ക്ക് കുടയത്തൂർ
ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ തുടക്കമായി.


കുടയത്തൂർ
VBC news
പാഠം ഒന്ന് എല്ലാവരും പാടത്തേയ്ക്ക് പദ്ധതിയ്ക്ക് കുടയ
ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ തുടക്കമായി.


കുടയത്തൂർ
VBC news
വനിതാ ശിശുവികസന വകുപ്പ് ഐ.സി.ഡി.എസ് ഇളംദേശത്തിന്റെ
ആഭിമുഖ്യത്തിൽ കൗമാരദിനം ആചരിച്ചു.


അറക്കുളം
18-10-2019
VBC news
അറക്കുളം വിദ്യാഭ്യാസ ഉപജില്ല ഐ.റ്റി മേള സമാപിച്ചു.


മലയാള ദിനാഘോഷവും ഭരണഭാഷാ വാരഘോഷവും സമാപിച്ചു.


ശ്രദ്ധ മികവിലേക്ക് ഒരു ചുവട് പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം


ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു.


പ്രഥമ ശുശ്രൂഷ പരിശീലന ക്യാമ്പ് നടത്തി.


ഹലോ ഇംഗ്ലീഷ് ഫെസ്റ്റും മികവുകളുടെ പ്രദർശനവും നടന്നു.





ഡിജിറ്റൽ മാഗസിൻ പ്രകാശനം






ഐഡി കാർഡ് വിതരണം


VBC
കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയ്ക്ക് തുടക്കമായി.
6:26


കുടയത്തൂർ
VBC
news
കുടയത്തൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അഞ്ചാം ക്ലാസ്സ്
ജി. അഭിമന്യു നിർമ്മിച്ച പുല്ലു വെട്ടുന്ന യന്ത്രം ശ്രദ്ധേയമാകുന്നു.

# നന്ദി

